
# മത്സരവും, താഴ്മയും

# ദൈവഭക്തിയുടെ മർമ്മവും, അധർമ്മത്തിന്റെ മർമ്മവും




*Lord, bend that proud and stiff necked “I”,*
*Help me to bow the head and die.*
*Beholding Him on Calvary,*
*Who bowed His head for me.*

*Do not be stiff-necked - Deuteronomy 10:16*

JINU NINAN

www.cakchurch.com

# മത്സരവും, താഴ്മയും

# ദൈവഭക്തിയുടെ  മർമ്മവും,

# അധർമ്മത്തിന്റെ മർമ്മവും

MALAYALAM

AUTHOR

JINU NINAN © 2021

COPYRIGHTED

YOU MAY FREELY USE, SHARE, AND REPRODUCE ENTIRE UNALTERED ORIGINAL CONTENT FOR PERSONAL OR NONCOMMERCIAL USES AS LONG AS YOU PROVIDE AUTHOR’S NAME.

ഈ ഗ്രന്ഥം പൂർണ്ണമായും, വ്യതിയാനങ്ങൾ വരുത്താതെ ഗ്രന്ഥകർത്താവിന്റെ പേരോട് കൂടി സൗജന്യമായി വിതരണം ചെയ്യുവാനോ, ഉപയോഗിക്കുവാനോ അനുവാദം ഉള്ളതാണ്.

FOR FURTHER DETAILS PLEASE CONTACT:

JINU NINAN

EMAIL: ginuninan@gmail.com, info@cakchurch.com

WEBSITE:: WWW.CAKCHURCH.COM

=========================================

# മത്സരവും, താഴ്മയും

# ദൈവഭക്തിയുടെ  മർമ്മവും,

# അധർമ്മത്തിന്റെ മർമ്മവും

=========================================

MALAYALAM

Author

JINU NINAN

www.cakchurch.com

=========================================

======================================

# ആമുഖം

======================================

മത്സരം എന്നത് പ്രപഞ്ചത്തിലെയും, ഭൂമിയിലെയും ആദ്യ പാപവും, എല്ലാ പാപങ്ങളുടെയും മൂല കാരണവുമാണ്. മത്സരം എന്നത് വേരായ പാപവും, മറ്റു പാപങ്ങൾ വേരായ മത്സര മനോഭാവത്തിന്റെ ഫലങ്ങളുമാണ്. ഈ പാപമാണ് പിശാചിന്റെ രാജ്യത്തിൽ വ്യാപരിക്കുന്ന അധർമ്മത്തിന്റെ മർമ്മം. അതാണ് തന്നെത്താൻ ഉയർത്തുന്ന എതിർ ക്രിസ്തുവിന്റെ ഭാവം.

താഴ്മ എന്നത് പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ ചുവടും, ആത്മീക വളർച്ചക്ക് ജീവിതത്തിൽ തുടർച്ചയായി ഉണ്ടാകേണ്ട മനോഭാവവുമാണ്. അത് എതിർ ക്രിസ്തുവിന്റെ മത്സരഭാവത്തിനു എതിരായ തന്നെത്താൻ താഴ്ത്തുന്ന ക്രിസ്തുവിന്റെ ഭാവമാണ്. അതാണ് ദൈവസഭയിൽ വ്യാപരിക്കുന്ന ദൈവഭക്തിയുടെ മർമ്മം.

താഴ്മയെക്കുറിച്ചുള്ള ഉപദേശം പഠിപ്പിക്കുകയോ, പ്രസംഗിക്കുകയോ അല്ല ക്രിസ്തു ചെയ്തത്. പകരം യഥാർത്ഥ താഴ്മയിൽ ജീവിക്കുകയും, തന്റെ നുകം ഏറ്റു തന്നിൽ നിന്നും താഴ്മ പഠിക്കുവാൻ ആവശ്യപ്പെടുകയുമാണ് ചെയ്തത്.

താഴ്മ നമുക്ക് ലോകത്തിലെ ഏതെങ്കിലും പാഠശാലകളിൽ നിന്നും പഠിക്കുവാൻ കഴിയുകയില്ല. അത് യേശു ക്രിസ്തു എന്ന വ്യക്തിയിൽ നിന്നും മാത്രമേ പഠിക്കുവാൻ കഴിയുകയുള്ളൂ കാരണം കർത്താവാണ് യഥാർത്ഥ സൗമ്യതയും താഴ്മയും ഉള്ളവൻ.

നാം കർത്താവിന്റെ നുകം എടുത്തു, യഥാർത്ഥ താഴ്മ കർത്താവിൽ നിന്നും പഠിച്ചില്ല എങ്കിൽ, നാം പുറമെ

താഴ്മയുടെ വ്യാജ ഭാവവും, ഉള്ളിൽ  മത്സരസ്വഭാവവും ഉള്ളവരായി തുടരുവാൻ  ഇടയാകും.

ഒരു ക്രിസ്തീയവിശ്വാസിയുടെ ജീവിതത്തിൽ വളരെ വ്യക്തമായി മനസ്സിലാക്കേണ്ട വിഷയങ്ങൾ ഈ പുസ്തക ത്തിൽ കൂടി വിശദമാക്കുന്നു

"മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യാ പൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു" 1. ശമൂവേൽ 15:23

"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; - മത്താ യി 11:29”

=======================================

## അധ്യായം ഒന്ന്

## മത്സരം, എല്ലാ പാപങ്ങളുടെയും മൂല പാപം

=======================================

പ്രപഞ്ചത്തിലെയും, ഭൂമിയിലെയും ആദ്യപാപവും, എല്ലാ പാപങ്ങളുടെയും മൂല കാരണവും മത്സരം എന്ന പാപം ആണ്. ഈ പാപം ആണ് പിശാചിന്റെ രാജ്യത്തെ നിയന്ത്രിക്കുന്ന പ്രമാണം

പിശാചിന്റെ രാജ്യത്തെ നിയന്ത്രിക്കുന്ന പ്രമാണം ഏതു എന്ന് തിരിച്ചറിയണമെങ്കിൽ നാം പിശാച് എങ്ങനെ യാണ് യഥാർത്ഥത്തിൽപിശാചു ആയിത്തീർന്നത് എന്ന് മനസ്സിലാക്കണം.

ദൈവം സൃഷ്ടിച്ച ആദിമ പ്രപഞ്ചത്തിൽ,ദൈവത്തിന്റെ സമ്പൂർണ്ണ ഭരണമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിയായ പ്രധാന ദൂതനായിരുന്ന ലൂസിഫർ എന്ന ദൂതൻ തന്നെത്താൻ ഉയർത്തി ദൈവ ത്തോട് സമൻ ആകുവാൻ ശ്രമിച്ചു .

യെശയ്യാവ് 14: 12 ഉഷസ്സിന്റെ പുത്രനായ പ്രഭാത നക്ഷ ത്രമേ, നീ എങ്ങനെ താഴെ വീണു! ജനതകളെ കീഴട ക്കിയ നീ എങ്ങനെ വെട്ടേറ്റു നിലംപതിച്ചു?" "**ഞാൻ** സ്വർഗ്ഗത്തിൽ കയറും; **എന്റെ** സിംഹാസനം ദൈവ ത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തര ദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ **ഞാൻ** ഇരുന്നരുളും; **ഞാൻ** മേഘോന്നതങ്ങൾക്കു മീതെ കയറും; **ഞാൻ** അത്യുന്നതനോടു സമനാകും" എന്നല്ലയോ നീ **ഹൃദയത്തിൽ** പറഞ്ഞത്.

പ്രവാചകൻ ഈ ഭാഗത്തു പറഞ്ഞു തുടങ്ങുന്നത് ബാബേൽ രാജാവിനെക്കുറിച്ചാണെങ്കിലും, വാക്യം 12 മുതൽ പറയുന്നത് ഒരു മനുഷ്യവ്യക്തിയെക്കുറിച്ചല്ല, പകരം അവനിലുള്ള പൈശാചിക ആത്മാവിനെക്കുറിച്ചാണ് എന്ന് സാഹചര്യത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

മാത്രമല്ല ബാബിലോൺ എന്നത് ദൈവത്തിനു എതിരെ നിൽക്കുന്ന ഒരു സംവിധാനവും അതിനു പിന്നിൽ പ്രവർത്തിക്കുന്നതു പിശാചും ആണ് എന്നത് ബൈബിളിൽ തുടർച്ചയായി കാണാവുന്നതാണ്. ബാബിലോണിന്റെ ആത്മാവ് എപ്പോഴും ദൈവത്തിനെതിരെ തന്നെത്താൻ ഉയർത്തുന്ന മത്സരത്തിന്റെ ആത്മാവാണ്.

സ്വർഗത്തോളം എത്താൻ ഉയർത്തിയ ബാബേൽ ഗോപുരത്തിന്റെ പണിയിലും ( ഉൽപത്തി 11:1), ദൈവത്തിനെതിരെ തന്നത്താൻ ഉയർത്തി,മഹതിയാം ബാബിലോൺ പണിത, ദൈവം താഴ്ത്തി പുല്ലു തീറ്റിച്ച നെബുക്കദ്നെസ്സറിലും, (ദാനീ. 4:30) തന്നെത്താൻ പുകഴ്ത്തിയ മഹതിയാം ബാബിലോൺ എന്ന വേശ്യസഭയിലും (വെളി. 18:7) അതിന്റെ നേതാവായ തന്നത്താൻ ഉയർത്തുന്ന എതിർ ക്രിസ്തുവിലും (1 തെസ്സ 2:3) ഇതേ ഭാവം നമുക്ക് കാണാൻ കഴിയും.

അതായത് തന്റെ ഹൃദയത്തിൽ ഉയർന്ന തന്നത്താൻ ഉയർത്താനുള്ള മനോഭാവം ആണ് തന്നെ പിശാച് ആക്കി തീർത്തത്. അതേ ഭാവം തന്നെയാണ് പിശാചിന്റെ രാജ്യത്തെ നിയന്ത്രിക്കുന്നത്. ഈ ഭാവത്തെയാണ് നിഗളം, ഞാനെന്ന ഭാവം, മത്സരം, അധർമ്മത്തിന്റെ മർമ്മം എന്നൊക്കെയുള്ള വാക്കുകളിൽ ദൈവവചനം വെളിപ്പെടുത്തുന്നത്. തന്നെത്താൻ ഉയർത്തുന്ന, ദൈവത്തോടും, ദൈവീക അധികാരങ്ങളോടും കീഴടങ്ങാത്ത, മത്സരിക്കുന്ന, ഈ മനോഭാവം ആണ് പിശാചിന്റെ

അഥവാ വാഴ്ചകളുടെയും അധികാരങ്ങളുടെയും അടി സ്ഥാന സ്വഭാവം.

പിശാചിന്റെ മത്സരത്തെതുടർന്നുണ്ടായ വീഴ്ചക്ക് ശേഷം, ദൈവം ഈ ഭൂമിയിൽ ദൈവീക അധികാരത്തെയും, അതിനോടുള്ള അനുസരത്തെയും വെളിപ്പെടുത്തു വാൻ ഒരു കുടുംബത്തെ ആക്കിവച്ചു

ആദ്യ കുടുംബത്തിൽ ഹവ്വയ്ക്കു മുകളിൽ ദൈവം വെച്ച ദൈവനിയമിത അധികാരം (Representative Autho rity) ആയിരുന് ആദം. ഈ ഒരു ദൈവവ്യവസ്ഥയാണ് 1 കൊരിന്ത്യർ 14 അധ്യായത്തിൽ പൗലോസിലൂടെ ദൈവം വെളിപ്പെടുത്തുന്നത്. ഇതിന്റെ തുടർച്ചയാണ് ദൈവസഭയിലൂടെ ദൈവം വഴ്ചകളുടെയും അധികാര ങ്ങളുടെയും (പിശാചിന്റെയും, അവന്റെ രാജ്യത്തി ന്റെയും) മുൻപിൽ പ്രദർശിപ്പിക്കുന്നത്.

ഹവ്വായുടെ ലംഘനം മത്സരത്തിൽ നിന്നാണ് ഉളവാ യത്. അവൾ ദൈവകല്പന ലംഘിച്ചു എന്നു മാത്രമല്ല, ആദാമിന്റെ അധികാരത്തോടു മത്സരിക്കുകയും ചെയ്യു. അതിനാൽ ഹവ്വ ദൈവം നിയമിച്ച കുടുംബ വ്യവസ്ഥിതിയിലെ അധികാരത്തോട് മത്സരിക്കുന്ന എല്ലാവരുടെയും ആദ്യ മാതാവ് ആണ്.

ഹവ്വ ദൈവകൽപന നേരിട്ട് ലംഖിച്ചില്ല കാരണം ദൈവം നേരിട്ട് ഹവ്വക്കു കല്പനകൾ ഒന്നും കൊടുത്തി രുന്നില്ല. എന്നാൽ ദൈവത്തിന്റെ നിയമിത അധികാര ത്തോടുള്ള മത്സരം ദൈവത്തിനെതിരെയുള്ള മത്സ രമാണ് എന്നതാണ് ഹവ്വായുടെ പാപത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്.

അതിനാൽ പ്രപഞ്ചത്തിലെ ആദ്യ പാപം ദൈവ ത്തോടുള്ള നേരിട്ടുള്ള ( Rebellion Against Direct Authority ) മത്സരം ആയിരുന്നു എങ്കിൽ. ഈ ഭൂമിയിലെ ആദ്യ

പാപം ദൈവനിയമിത അധികാരത്തോടുള്ള മത്സരം ( Rebelllion Aginst Representative Authority ) ആയിരുന്നു.

എന്നാൽ, ദൈവം തനിക്കു നൽകിയ ദൈവീക അധികാരം ഉപയോഗിച്ചു , ആദത്തിനു ആ മത്സരം അവസാനിപ്പിക്കാമായിരുന്നു. എന്നാൽ ആദം ഹവ്വയോടു ചേർന്നു നിന്ന് ദൈവത്തോട് മത്സരിച്ചു.

ഹവ്വയോട് ചേരാതെ ദൈവത്തോട് ചേർന്ന് നിന്നാൽ കുടുംബത്തിൽ ഭിന്നത ഉണ്ടാകും എന്നും, പകരം തല്ക്കാലം ഹവ്വയോട് ചേർന്ന് നിന്നാൽ 'സമാധാനം' ഉണ്ടാക്കാം എന്ന് ആദം കരുതിയിരിക്കാം. എന്നാൽ ദൈവീക സത്യങ്ങളെ തള്ളിക്കളഞ്ഞു കൊണ്ടുള്ള സമാധാനം നിലനിൽക്കുകയില്ല. കർത്താവ് അത്തരം സമാധാനം ഉണ്ടാക്കുവാൻ അല്ല പകരം ദൈവീക സത്യങ്ങൾക്ക് വേണ്ടി നിൽക്കുമ്പോൾ ഉണ്ടാകുന്ന ഭിന്നത ഉണ്ടാക്കുവാൻ ആണ് ഭൂമിയിൽ വന്നത്. (ലൂക്കോസ് 12: 51)

ദൈവത്തെക്കാൾ അധികം നാം അപ്പനെയോ, അമ്മയെയോ, ഭാര്യയെയോ, സ്നേഹിച്ചാൽ നമുക്ക് കുടുംബത്തിൽ 'സമാധാനം' ഉണ്ടാക്കാൻ കഴിഞ്ഞേക്കാം. ദൈവീക നിയമങ്ങളെ തള്ളിക്കളഞ്ഞു കൊണ്ട് സഭകളിൽ 'സമാധാനം' ഉണ്ടാക്കാൻ നാം ശ്രമിച്ചേക്കാം. എന്നാൽ അത് നിലനിൽക്കുന്ന സമാധാനം ആകില്ല.

“എന്നെക്കാളധികം സ്വന്തം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവർ എന്റേതായിരിക്കാൻ യോഗ്യരല്ല. എന്നെക്കാളധികം സ്വന്തം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവരും എനിക്കു യോഗ്യരല്ല. സ്വന്തം ക്രൂശ് വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കാത്തവരും എനിക്കു യോഗ്യരല്ല. (മത്തായി 10:34)”

ഭവനത്തെയും , സഭയേയും പരിപാലിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്ന വ്യക്തികൾ സഭയിലോ, കുടുംബ

ത്തിലോ ഒത്തുതീർപ്പുകരായി “സമാധാനം” ഉണ്ടാക്കുവാൻ വേണ്ടി മത്സര സ്വഭാവത്തിനു മുൻപിൽ കണ്ണടയ്ക്കുന്നവർ ആകരുത്.

അങ്ങനെ ചെയ്താൽ അത് അനേകരെ നശിപ്പിക്കുന്ന തരത്തിൽ ആ മത്സരം പടർന്നു പിടിച്ചെന്നുവരാം. പല സഭകളും നശിക്കുന്നതിനു കാരണം ഇത്തരം ഒത്തു തീർപ്പുകരായ, 'സമാധാനം ഉണ്ടാക്കുന്ന' നയതന്ത്രജ്ഞർ ആയ നേതാക്കൾ ആണ്.

പകരം, ദൈവത്തിന്റെ ദാസന്മാർ എല്ലായ്പ്പോഴും ദൈവത്തിന്റെ അധികാരം, ദൈവത്തിൽ ആശ്രയിച്ചു നിർവഹിക്കേണ്ടു ന്നവരാണ്. നാം ദൈവീക സത്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നവർ ചിലപ്പോൾ ഒറ്റപ്പെട്ടേക്കാം, എന്നാൽ ദൈവം അവരോടു കൂടെ നിൽക്കുകയും അവരെ പിന്തണക്കുകയും ചെയ്യും. ( യെശയ്യാവ് 54:17)

എന്നാൽ താൽക്കാലിക സമാധാനം ഉണ്ടാക്കാൻ വേണ്ടി നാം ദൈവീക സത്യങ്ങളെ തള്ളിക്കളയുന്നവരുടെ ഒത്തുതീർപ്പുകാരുടെ ജീവിതത്തിലോശുശ്രൂഷയിലോ ദൈവീക അധികാരം ഒരിക്കലും ഉണ്ടാകുകയില്ല.

ദൈവത്തെക്കാൾ കൂടുതൽ ഭാര്യയെ സ്നേഹിച്ച ആദം ദൈവത്തോട് മത്സരിച്ചതിലൂടെ തനിക്കു നൽകപ്പെട്ട അധികാരം പിശാചിന് കൈമാറി. പിശാച് ലോകത്തിന്റെ അധികാരിയായി മാറി.സർവ്വത്തിന്റെയും അധികാരിയായിരുന്ന മനുഷ്യൻ അങ്ങനെ പിശാചിന്റെയും പാപത്തിന്റെയും അടിമയായി മാറി.

ആദാമിന്റെ ലംഘനം എല്ലാ മനുഷ്യരെയും പാപത്തിന്റെ അധീനതയിലാക്കി. കാരണം, ആദം മനുഷ്യരെയും പ്രതിനിധാനം ചെയ്യുന്നവൻ ആയിരുന്നു. എല്ലാ മനുഷ്യരും അവനിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ എല്ലാ മനുഷ്യരും ആദമിൽ പാപത്തിന്റെയും പിശാചിന്റെയും ദാസൻമാരായി മാറി.

മാത്രമല്ല മനുഷ്യന്റെ ഉള്ളിൽനിന്നും ദൈവാത്മാവ് വിട്ടു മാറുകയും മനുഷ്യൻ ആത്മീയമായി മരിക്കുകയും ചെയ്തു .അതിനേക്കാൾ ഉപരിയായി മനുഷ്യന്റെ ഉള്ളിൽ പിശാചിന്റെ മനോഭാവം, മത്സര സ്വഭാവം ഉള്ളിൽ കടക്കുകയും ചെയ്തു

ഈ പൈശാചികമായ പാപസ്വഭാവം. അഥവാ മത്സര സ്വഭാവം ദൈവത്തിനും ദൈവനിയമിത അധികാരങ്ങൾക്കും എതിരെ മത്സരിക്കുന്നതും തന്നെത്താൻ ഉയർത്തുന്നതുമായ പിശാചിന്റെ സ്വഭാവമാണ്. അതാണ് ഈ ലോകത്തിലെ അനുസരണം കെട്ടവരുടെ ഉള്ളിൽ വ്യാപരിക്കുന്ന ആത്മാവ്. ( റോമർ 8:4, എഫെസ്യർ 2:2 2 തെസ്സലൊനീ ക്യർ 2:4 )

മനുഷ്യന്റെ വീഴ്ച്ച സംഭവിച്ചപ്പോൾ തന്നെ മനുഷ്യനെ പാപസ്വഭാവത്തിൽ നിന്നും വിടുവിക്കുന്ന ദൈവീക പദ്ധതിയെക്കുറിച്ചു ഉത്പത്തിയിൽ തന്നെ ദൈവം അരുളിച്ചെയ്തു

അത് പിശാചിന്റെ തല തകർത്തു, അവന്റെ പ്രവർത്തികളെ അഴിച്ചു മനുഷ്യനെ എന്നെന്നേക്കുമായി പാപത്തിൽ നിന്നും സ്വതന്ത്രൻ ആക്കുന്ന ദൈവപുത്രന്റെ വരവ് ആയിരുന്നു

"സ്ത്രീയുടെ സന്തതി നിന്റെ (പിശാചിന്റെ) തല തകർക്കും." ( ഉല്പത്തി 3 :15 )

മനുഷ്യന്റെ ഉള്ളിൽ വസിക്കുന്ന പാപത്തെ നീക്കുവാൻ കഴിയുന്ന സന്തതി വരുന്നത് വരെയും മനുഷ്യനിലുള്ള പാപ സ്വഭാവത്തെ പുറമേ നിന്നും നിയന്ത്രിക്കുവാൻ ദൈവം കൊടുത്ത പ്രമാണമാണ് ന്യായപ്രമാണം.

ഗലാത്യർ 3:19 എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതത്രേ

ശ്രദ്ധിക്കുക: ന്യായപ്രമാണത്താൽ, മനുഷ്യന്റെ ഉള്ളിൽ കുടികൊള്ളുന്ന മത്സര സ്വഭാവത്തെ പരിഹരിക്കുവാൻ കഴിയുന്നതല്ല. ന്യായപ്രമാണത്തിൽ കൂടി ദൈവം അത് സാധിക്കുവാൻ ദൈവം ഉദ്ദേശിച്ചിട്ടില്ല.

മത്സരം എന്നത് വേരായ മനോഭാവവും പാപങ്ങൾ എന്നത് വേരായിട്ടുള്ള മത്സര മനോഭാവത്തിന് ഫലങ്ങളുമാണ്, ഫലങ്ങൾ വ്യത്യസ്ത നിലകളിൽ പാപങ്ങളായി വെളിപ്പെട്ടു കൊണ്ടിരിക്കും അതു കൊണ്ട് മനോഭാവം മാറാതെ പ്രവൃത്തികൾ മാറ്റുന്നതു കൊണ്ട് കാര്യമില്ല.

എന്നാൽ ന്യായപ്രമാണത്തിനു മനുഷ്യനിലെ വേരായിട്ടുള്ള മത്സര സ്വഭാവം മാറ്റുവാൻ കഴിഞ്ഞിരുന്നില്ല എങ്കിലും അത് പുറത്തേക്ക് പാപ പ്രവർത്തികളായി വരുന്നതിൽ നിന്നും തടയുവാൻ കഴിഞ്ഞിരുന്നു.

ദൈവം ന്യായപ്രമാണം മനുഷ്യന് നൽകിയതിൽ പ്രധാനമായും മൂന്നു ഉദ്ദേശങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്.

1. മനുഷ്യന്റെ ഉള്ളിലുള്ള മത്സര സ്വഭാവത്തെ പറ്റി അവനെ ബോധ്യപ്പെടുത്തുക. (റോമർ 3:20)

2. ഈ ഉള്ളിലുള്ള പാപ സ്വഭാവം പ്രവർത്തികളായി പുറത്തു വരുന്നത് തടയുക. (1 തിമൊഥെയൊസ് 1:8)

3. പിശാചിൽ നിന്നും ആദത്തിലൂടെ മനുഷ്യനു പകർന്നു കിട്ടിയ ഉള്ളിലുള്ള പാപ സ്വഭാവത്തെ , എന്നന്നേക്കുമായി നീക്കുവാൻ കഴിവുള്ള വാഗ്ദത്ത സന്തതിയിലേക്ക് മനുഷ്യനെ നയിക്കുക ( ഗലാത്യർ 3:24)

ചുരുക്കത്തിൽ ന്യായപ്രമാണത്തിന് പാപത്തിന്റെ വേർ അയ പാപ സ്വഭാവത്തെ മുറിച്ചു നീക്കുവാൻ കഴിഞ്ഞിരുന്നില്ല എങ്കിലും, അതിനെ പറ്റി ബോധ്യപ്പെടുവാനും ആ വേരിൽ നിന്നും പുറത്തു വരുന്ന ഭലങ്ങളെ മുറിച്ചു മാറ്റുവാൻ കഴിഞ്ഞിരുന്നു. അതിനാൽ തന്നെ മനുഷ്യൻ

ദൈവിക ന്യായപ്രമാണത്തിന് കീഴടങ്ങുവാൻ ദൈവം ആവശ്യപ്പെട്ടിരുന്നു.

എന്നാൽ നാം പഴയനിയമം വായിക്കുമ്പോൾ മനുഷ്യൻ പലപ്പോഴും ദൈവത്തോടും ദൈവം നിയമിച്ച അധികാരങ്ങളോടും, നിയമങ്ങളോടും തുടർച്ചയായി മത്സരിക്കുന്നത് കാണുവാൻ കഴിയും.

ആ സന്ദർഭങ്ങളിൽ എല്ലാം തന്നെ ദൈവം അവരെ ശിക്ഷിക്കുകയും, ദൈവത്തോടും, ദൈവനിയമിത അധികാരങ്ങളോടുള്ള മത്സരത്തെ ദൈവം എത്ര ഗൗരവമായി കാണുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു.

നമുക്കുള്ള ബുദ്ധി ഉപദേശത്തിന് ആയി പഴയനിയമ പുസ്തകങ്ങളിൽ ഇത്തരം സംഭവങ്ങളെ രേഖപ്പെടുത്തിയിരിക്കുന്ന ചില ഉദാഹരണങ്ങൾ നമുക്ക് അടുത്ത അധ്യായത്തിൽ ചിന്തിക്കാം

======================================

## അധ്യായം 2

## പഴയനിയമത്തിലെ ചില മത്സരികൾ

======================================

എല്ലാ പാപങ്ങളുടെയും , മൂല കാരണമായ മത്സരം എന്ന പാപം പുറത്തു വരുമ്പോൾ ദൈവം അതിനെ എത്ര ഗൗരവമായി കാണുന്നു എന്ന്; നമുക്ക് ബുദ്ധി ഉപദേശത്തിന് ആയി പഴയനിയമ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില ഉദാഹരണങ്ങൾ ചിന്തിക്കാം.

### ഹാമിന്റെ മത്സരം;

നോഹ നീതിമാനും ദൈവത്തിന്റെ പദ്ധതിയിൽ അവന്റെ കുടുംബത്തിന്റെ തലവനുമായിരുന്നു. ദൈവം നോഹയുടെ കുടുംബത്തെ അവന്റെ അധികാരത്തിൻ കീഴിലാക്കി. കുടുംബത്തിന്റെ തലയാക്കി വച്ചു.

ഒരു ദിവസം നോഹ മുന്തിരിത്തോട്ടത്തിന്റെ വീഞ്ഞു കുടിച്ചു ലഹരിപിടിച്ചു. അവൻ കൂടാരത്തിൽ നഗ്നനായി കിടന്നു. നോഹയുടെ മകൻ ഹാം പിതാവിന്റെ നഗ്നത കണ്ടപ്പോൾ, അവൻ പുറത്തു പോയി തന്റെ രണ്ട് സഹോദരന്മാരോട് പറഞ്ഞു. നോഹ ചെയ്തത് തെറ്റായിരുന്നു. എന്നാൽ ദൈവം വച്ചിരുന്ന അധികാരത്തിന്റെ ഗൗരവം ഹാം മനസ്സിലാക്കിയില്ല.

കുടുംബത്തിൽ പിതാവ് ദൈവം സ്ഥാപിച്ച അധികാരമാണ്. പിതാവിന്റെ നഗ്നത ഹാം കണ്ടപ്പോൾ ലജ്ജയോ സങ്കടമോ ഉണ്ടായില്ല.പകരം അതിനെ വെളിപ്പെടുത്താൻ ഉള്ള വ്യഗ്രതയിരുന്നു ഉണ്ടായിരുന്നത്.എന്നാൽ നോഹയുടെ തെറ്റ് ഹാമിന്റെ മത്സര സ്വഭാവത്തെ പുറത്തു കൊണ്ട് വരുവാൻ കാരണമായി .

ഹാമിന്റെ മത്സരസ്വഭാവം ഈ സംഭവം പുറത്തു കൊണ്ടുവരികയാണ്. പലപ്പോഴും അവസരങ്ങളോ, പ്രകോപനങ്ങളോ ഉണ്ടാകാതെ ഇരിക്കുമ്പോൾ പലരുടെയും ഉള്ളിലെ മത്സര സ്വഭാവം പുറത്തു വരികയില്ല. എന്നാൽ അവസരം ലഭിക്കുമ്പോൾ അത് പുറത്തു പ്രദർശിക്കപ്പെടും,

എന്നാൽ ഷെമും യാഫെത്തും ഇക്കാര്യം കൈകാര്യം ചെയ്തതെങ്ങനെയെന്ന് ശ്രദ്ധിക്കുക. അവർ പിന്നിലേക്ക് മുഖം തിരിച്ചു കൊണ്ട് കൂടാരത്തിലേക്ക് പോയി. പിതാവിന്റെ നഗ്നതയെ അവർ മറച്ചു.

നോഹയുടെ വീഴ്ച ശേം, ഹാം, യാഫെത്ത്, ഹാമിന്റെ മകൻ കനാൻ എന്നിവർക്ക് ഒരു പരീക്ഷണമായിരുന്നു. ആരാണ് യഥാർത്ഥത്തിൽ അധികാരത്തിനു കീഴടങ്ങുന്നവർ എന്നും , ആരാണ് മത്സരികൾ എന്നും വെളിപ്പെടുവാൻ നോഹയുടെ തെറ്റ് കാരണമായി.ഹാം പരീക്ഷയിൽ പരാജയപ്പെടുകയും ശേം, യാഫെത്ത് എന്നിവർ വിജയിക്കുകയും ചെയ്തു.

നോഹ ഉണർന്നപ്പോൾ അവൻ ഹാമിന്റെ പിൻഗാമിയായ കനാൻ ശപിക്കപ്പെട്ടിരിക്കും അവൻ തന്റെ സഹോദരന്മാർക്കും അധമദാസനായ്തീരും തന്നെ എന്ന് പ്രവചിച്ചു. ബൈബിളിലെ ആദ്യത്തെ അടിമ ഹാം ആണ്. “കനാൻ അവന്റെ ദാസനായിരിക്കും” എന്ന വാചകം രണ്ടുതവണ നോഹ ഉപയോഗിച്ചു. ശേം അനുഗ്രഹിക്കപ്പെട്ടു.

അബ്രഹാമും.ഇസഹാക്കും,യാക്കോബും കർത്താവായ യേശുവും ശേമിന്റെ സന്തതികളിൽ നിന്നാണ് ജനിച്ചത്. ഹാമിന്റെ സന്തതികളിൽ ആരും അനുഗ്രഹിക്കപ്പെട്ടില്ല. ഇതിനർത്ഥം അധികാരത്തിന് വഴങ്ങാത്തവർ അതിന്റെ ഭലം തുടർന്നും അനുഭവിക്കേണ്ടി വരും എന്നും താഴ്മയുള്ളവർ അനുഗ്രഹിക്കപ്പെടും എന്നാണ്.

ഇന്നും ദൈവം നിയമിച്ച അധികാരത്തിന്റെ വീഴ്ച കാണുവാനും അത് പുറത്തു കാണിക്കുവാനും വ്യഗ്രത യുള്ളവർ പലരും ഉണ്ട്. തങ്ങളുടെ ഉള്ളിലെ മത്സര സ്വഭാവത്തിന്റെ തെളിവ് ആണ് ഇത്തരം നിഗൂഢ ആഗ്ര ഹങ്ങൾ എന്ന് അവർ അറിയുന്നില്ല. അങ്ങനെയുള്ളവർ അവരുടെ മത്സര സ്വഭാവം പുറത്തു പ്രദർശിപ്പിക്കു വാൻ അവസരം കാത്തിരിക്കുന്നവർ ആണ്.

## അഹരോന്റെ പുത്രന്മാരുടെ അന്യാഗ്നി.

ലേവ്യപുസ്തകം പത്താം അധ്യായത്തിൽ അധികാര ങ്ങളെ മറികടക്കുന്ന മത്സരം നാം കാണുന്നു

"അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്ത് അതിൽ തീ ഇട്ടു അതിന്മേൽ ധൂപ വർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങ ളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നി ധിയിൽ കൊണ്ടുവന്നു.

ഉടനെ യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചുകളഞ്ഞു; അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി." -ലേവ്യപുസ്തകം 10:1, 2

ഇവർ ചെയ്തത് വാസ്തവത്തിൽ അഹരോൻ ചെയ്യാറുള്ള കാര്യം തന്നെ ആയിരുന്നു എന്നാൽ അവരോട് ദൈവം കല്പിച്ചിട്ടില്ലാത്ത കാര്യം ആകയാൽ ആണ് അത് അന്യാഗ്നിയായത്. അഹരോന്റെ തലയിലാണ് ദൈവീക അഭിഷേകതൈലംപകരപെട്ടത്, എന്നാൽ അഹരോന്റെ പുത്രന്മാരുടെ ജോലി അഹരോൻ പറയുന്നത് അനുസ രിച്ച് അഹരോനെ സഹായിക്കുക എന്നതായിരുന്നു.

എന്നാൽ അവരുടെ മുകളിൽ ഉണ്ടായിരുന്ന അധികാ രത്തെ മറികടന്നു കൊണ്ട് അവരെ ഏൽപ്പിച്ചിട്ടില്ലാത്ത കാര്യം അവർ ചെയ്തു. ദൈവം ഏൽപ്പിക്കാതെ അങ്ങനെ ചെയ്യാൻ പാടില്ലാത്തതു കൊണ്ടാണ് എബ്രായ ലേഖന ത്തിൽ "എന്നാൽ അഹരോനെപ്പോലെ ദൈവം വിളി

ക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല." എന്ന് പറഞ്ഞിരിക്കുന്നത്.

ആകയാൽ ദൈവത്താൽ വിളിക്കപ്പെടാതെ മറ്റുള്ളവർ ചെയ്യുന്നത് കണ്ടു, ദൈവം ഏൽപ്പിക്കാതെ ശുശ്രൂഷകൾ നാം ചെയ്യുകയാണെങ്കിൽ നമ്മൾ അധികാര അതിർത്തികൾ ലംഘിക്കുകയാണ് അഥവാ നാം കത്തിക്കുന്നത് അന്യാഗ്നിയാണ്, ദൈവം അതിനെ വിലമതിക്കുന്നില്ല. വേറൊരാൾ ചെയ്യുന്നത് എനിക്കും ചെയ്യാം എന്ന് നാം കരുതുന്നു എങ്കിൽ അത് മത്സരമാണ്. ദൈവം ശുശ്രൂഷയെ മാത്രം അല്ല, അതിനു പുറകിലുള്ള മനോഭാവത്തെയും എത്ര ഗൗരവമായി കാണുന്നു എന്നാണ് ഈ സംഭവം വെളിപ്പെടുത്തുന്നത്.

പലരും കരുതുന്നത് എന്തെങ്കിലുമൊക്കെ ദൈവത്തിനുവേണ്ടി ചെയ്യാമെന്നാണ്, എന്നാൽ എന്തെങ്കിലും ദൈവത്തിനുവേണ്ടി ചെയ്യുവാൻ നമുക്ക് കഴിയില്ല. ദൈവം കൽപ്പിച്ചത് മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ. ആകയാൽ ഏറ്റവും പ്രധാനം ദൈവത്തിൽ നിന്ന് കേൾക്കുക അതനുസരിച്ച് പ്രവർത്തിക്കുക എന്നുമുള്ളതാണ്. തലയ്ക്കു വേണ്ടി എന്തെങ്കിലും ചെയ്യുകയല്ല, കാൽ ചെയ്യുന്നത് അനുകരിക്കുകയല്ല. കൈ, തല പറയുന്നത് കേട്ടു ചെയ്യുകയാണ്. ശരീരമായ സഭയിൽ ഓരോരുത്തർക്കും ദൈവം വ്യത്യസ്തത ശുശ്രൂഷകൾ ആണ് ഏൽപ്പിച്ചിരിക്കുന്നത്.

## അഹരോന്റെയും മിര്യാമിന്റെയും മത്സരം.

"മോശെ ഒരു കൂശ്യസ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ടു കൂശ്യസ്ത്രീനിമിത്തം മിർയ്യാമും അഹരോനും അവന്നു വിരോധമായി സംസാരിച്ചു: യഹോവ മോശെമുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടു ള്ളുവോ? ഞങ്ങൾമുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ എന്നു പറഞ്ഞു; യഹോവ അതു കേട്ടു.

മോശെ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു."-സംഖ്യ 12:1-3

മോശയുടെ കുടുംബത്തിൽ അഹരോനും മിര്യാമും മോശെയെക്കാൾ മുതിർന്നവർ ആയിരുന്നു എങ്കിലും ദൈവത്തിന്റെ ശുശ്രൂഷ യോടുള്ള ബന്ധത്തിൽ മോശ യുടെ അധികാരം അവർക്ക് മുകളിലായിരുന്നു.

ദൈവിക അധികാരത്തിൽ മുതിർന്നവരെന്നോ ഇളയ വരെന്നോ ഉള്ള വ്യത്യാസം അല്ല മറിച്ച് ദൈവം വിളി ക്കുക, ശുശ്രൂഷ ഏൽപ്പിക്കുക എന്നുള്ളതിനാണ് പ്രാമുഖ്യം.

പലർക്കും തങ്ങളേക്കാൾ പ്രായം കുറഞ്ഞവരെയോ, പ്രവർത്തി പരിചയം കുറഞ്ഞവരെയോ ദൈവം തങ്ങ ൾക്കു മുകളിൽ അധികാരം നൽകിയാൽ അംഗീകരി ക്കുവാൻ കഴിയില്ല. എന്നാൽ ദൈവം നിയമിക്കുന്നത് കാലപ്പഴക്കമോ, പ്രവർത്തി പരിചയമോ നോക്കി അല്ല വിശ്വസ്തതയുടെയും അധികാരത്തിനു കീഴടങ്ങുന്നതി ന്റെയും അടിസ്ഥാനത്തിലാണ്.

ഇവിടെ അഹരോനും മിര്യാമും മോശെയ്ക്ക് വിരോധ മായി സംസാരിച്ചത് ദൈവം കേട്ടു എന്ന് എഴുതിയിരി ക്കുന്നു.

ദൈവം വെച്ചിട്ടുള്ള അധികാരികൾക്കും അധികാരങ്ങ ൾക്കും വിരോധമായ സംസാരങ്ങൾ അത് രഹസ്യത്തി ലായാലും ദൈവം കേൾക്കുന്നു എന്നതാണ് വാസ്തവം. കാരണം ദൈവീക അധികാരങ്ങളോടുള്ള മത്സരം യഥാർത്ഥത്തിൽ ദൈവത്തോടുള്ള മത്സരം ആണ്.

ഒരു വ്യക്തിയിൽ മത്സരം ആരംഭിക്കുന്നത് ഹൃദയത്തി ലാണ്, എന്നാൽ അതിനെ പുറത്ത് വെളിപ്പെടുത്തുന്നത് വാക്കുകളാണ്.ഒരു മനുഷ്യൻ മത്സരി ആണെങ്കിൽ അവന്റെ വാക്കുകൾ കാലക്രമേണ ആ മത്സരത്തെ പുറ ത്തു കൊണ്ടുവരും.

"ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് പ്രസ്താവിക്കുന്നത്" എന്ന കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തിരിക്കുന്നത് പോലെ തന്നെ ഹൃദയം നിറഞ്ഞു കവിയുന്നത് വായ്ക്ക് ഒരുപാട് കാലം തടഞ്ഞു നിർത്താനാവില്ല. ഒരു പ്രഷർ കുക്കറിൽ വായു നിറഞ്ഞ പുറത്തേക്ക് ശക്തിയോടെ പ്രവഹിക്കുന്നത് പോലെ ഉള്ളിലുള്ള മത്സര മനോഭാവം വാക്കുകളി ലൂടെ പുറത്തേക്ക് വരും.

ഇത്തരത്തിൽ പുറത്തേക്ക് വരുന്ന മത്സരത്തിന്റെ വാക്കുകൾ ഒരു അർബുദ വ്യാധിപോലെ അനേകരി ലേക്ക് വ്യാപരിക്കുവാൻ സാധ്യതയുണ്ട്

അതിനാൽ തന്നെ ഒരു വ്യക്തി പാപത്തിൽ വീഴുന്നു എന്നതിനേക്കാൾ ആ പാപത്തിന് പിറകിലുള്ള മനോ ഭാവം മത്സരം ആണെങ്കിൽ അതിനെ നാം ലഘുവായി കാണരുത്. സഭയിൽ ആണെങ്കിലും കുടുംബത്തിൽ ആണെങ്കിലും മത്സര മനോഭാവം തിരിച്ചറിയുകയാ ണെങ്കിൽ അതിനെ ഗൗരവമായി ത്തന്നെ കാണണം.

ദൈവം അധികാരത്തോടുള്ള മത്സരത്തെ അപ്പോൾ തന്നെ ശിക്ഷിക്കുന്നതായി കാണുന്നു. കാരണം മത്സരി കൾക്കും മറ്റുള്ളവർക്കും അത് ഒരു പാഠം ആകുവാൻ വേണ്ടിയാണു.

മിര്യം കുഷ്ഠരോഗിനിയായി മാറി, മോശയുടെ പ്രാർ ത്ഥന കേട്ട് ദൈവം അവളെ സൌഖ്യമാക്കി. മിര്യം പാഠം പഠിച്ചു. പിന്നീടു ഒരിക്കലും അവൾ ദൈവനിയമ അധികാരത്തോട് മത്സരിച്ചില്ല. എന്നാൽ ബാക്കിയു ള്ളവർ അതിൽ നിന്നും പാഠം പഠിച്ചില്ല എന്നാണ് നമുക്ക് തുടർന്നുള്ള സംഭവങ്ങളിൽ നിന്നും മനസ്സിലാ കുന്നത്.

# കോരെഹിന്റെ നേതൃത്വത്തിലെ സംഘടിത മത്സരം

സംഖ്യാ പുസ്തകം 16 ആം അധ്യായത്തിൽ നാം വീണ്ടും ദൈവം നിയമിച്ച അധികാരത്തോടുള്ള മത്സരം കാണുന്നു. പഴയനിയമത്തിലെ ഏറ്റവും ഗൗരവതരമായ മത്സരം ആണ് ഇവിടെ കാണുന്നത്.

മിര്യമിന് വന്ന ശിക്ഷയിൽ നിന്നും പാഠം പഠിക്കുവാൻ കൊരഹിനും കൂട്ടർക്കും കഴിഞ്ഞില്ല. ഇതുവരെ നാം കണ്ടത് വ്യക്തിപരമായ മത്സരങ്ങൾ ആണെങ്കിൽ ഇവിടെ ഒരു സംഘത്തെ മത്സരത്തിനായി ഒന്നിപ്പിക്കുന്ന നേതാക്കളെ കാണുവാൻ കഴിയും. കോരെഹ്, ദാഥാൻ, അബീരാം, ഓൻ എന്നിവർ മോശെയ്ക്ക് വിരോധമായി സംഘം കൂടി ഇങ്ങനെ പറയുന്നു.

വാക്യം 3 "നിങ്ങൾ വളരെ അതിരുകടക്കുന്നു! സർവസഭയും അവരിൽ ഓരോരുത്തരും യഹോവയ്ക്കു വിശുദ്ധരാണ്. അവിടന്ന് അവരോടുകൂടെയുണ്ട്. പിന്നെ യഹോവയുടെ സർവസഭയ്ക്കും മീതേ നിങ്ങൾ നിങ്ങളെത്തന്നെ ഉയർത്തുന്നതെന്ത്?"

വളരെ ഗൗരവതരമായ ഒരു ആരോപണം ആണിത്, മോശയെ മാത്രമായി ദൈവം തിരഞ്ഞെടുത്തിട്ടില്ല എന്നും, മോശ തന്നെത്താൻ ഉയർത്തുന്നവൻ ആണ് എന്നുമാണ് ആരോപണം.

വാക്യം 4 എന്നാൽ മോശെ ഇതറിഞ്ഞപ്പോൾ ദൈവസന്നിധിയിൽ കവിണ്ണുവീണു. അവൻ കോരഹിനോടും അവന്റെ എല്ലാകൂട്ടരോടും പറഞ്ഞത്: നാളെ രാവിലെ യഹോവ തനിക്കുള്ളവര് ആരെന്നും തന്നോടടുപ്പാൻ തക്കവണ്ണം വിശുദ്ധൻ ആരെന്നും കാണിക്കും; താൻ തിരഞ്ഞെടുക്കുന്നവനെ തന്നോടു അടുക്കുമാറാക്കും 6-7."

മോശെയെ ഭൂതലത്തിലേക്കും അതി സൗമ്യൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതിന്റെ ഒരു കാരണം മോശെ തന്നെത്താൻ ന്യായീകരിക്കുവാൻ ശ്രമിക്കുന്നില്ല എന്ന താണ്.

4-ാ◌ം വാക്യം പറയുന്നത് മോശെയുടെ ആദ്യത്തെ പ്രതികരണം ദൈവത്തിന്റെ മുൻപിൽ വീഴുക എന്നതാ യിരുന്നു.ദൈവത്തിന്റെ ദാസന്റെ ശരിയായ മനോഭാവ മാണിത്. മത്സരികൾ എല്ലാം സംസാരിച്ചു കൊണ്ട് നിന്നപ്പോൾ ; മോശ മാത്രം ദൈവത്തിന്റെ മുൻപിൽ വീണു.

ദൈവീക അധികാരത്തെ യാഥർത്ഥമായി മനസ്സിലാ ക്കിയ വ്യക്തിയായിരുന്നു മോശ .മോശക്ക് സ്വന്തമായി ഒന്നും ന്യായീകരിക്കാൻ ഉണ്ടായിരുന്നില്ല. അദ്ദേഹം സ്വയം തെളിവ് നിരത്തുകയോ, വാദിക്കുകയോ ചെയ്തില്ല പകരം ദൈവത്തിന്റെ മുൻപിൽ വീഴുകയാ യിരുന്നു.

5 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ മോശ പറയുന്ന തിന്റെ ചുരുക്കം ഇതാണ്;

'നമ്മൾ ഈ വിഷയത്തിൽ വാദിക്കേണ്ട ആവശ്യമില്ല. ആരാണ് വിശുദ്ധൻ , തിരഞ്ഞെടുക്കപ്പെട്ടവൻ എന്ന് ദൈവം തെളിയിക്കുകയും അവനെ അവന്റെ അടു ക്കൽ വരുത്തുകയും ചെയ്യും. എനിക്കായി ഒന്നും ഞാൻ പറയേണ്ട ആവശ്യമില്ല . ദൈവം ആണ് അത് തെളിയി ക്കേണ്ടത് , നിങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടവർ എന്ന് തളിയിക്കപ്പെടുന്നുവെങ്കിൽ , അങ്ങനെയാകട്ടെ, നാളെ നാമെല്ലാവരും കർത്താവിന്റെ മുമ്പാകെ വന്നു ധൂപ കലശങ്ങളാൽ പരീക്ഷിക്കപ്പെടും.രാവിലെ നമുക്കെ ല്ലാവർക്കും അത് അറിയാം. യഹോവ തെരഞ്ഞെടു ക്കുന്ന പുരുഷനായിരിക്കും വിശുദ്ധൻ.

ഇങ്ങനെ പറഞ്ഞു എങ്കിലും, അവസാനത്തെ വാക്യ ങ്ങൾ വളരെ ശക്തവും ഗൗരവമുള്ളതുമായിരുന്നു: “ലേവിയുടെ മക്കളേ, ലേവ്യരേ, നിങ്ങൾ വളരെ അതിരു കടക്കുന്നു!”!” (വാക്യം 7). ദൈവത്തെ അറിയുന്ന ഒരു വൃദ്ധനിൽ നിന്നുള്ള സങ്കടത്തിന്റെ നെടുവീർപ്പായി രുന്നു ഇത്. ദൈവീക അധികാരത്തിന്റെ അതിരുകൾ ലംഖിക്കുമ്പോൾ ദൈവം എങ്ങനെയാണു പ്രതികരി ക്കുക എന്ന് മോശക്ക് നല്ലതു പോലെ അറിയാമായി രുന്നു!!

ദൈവത്തിന്റെ ശുശ്രൂകർ തങ്ങൾക്കെതിരായ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുകയും ദൈവീക അധികാ രത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്ന മനുഷ്യ രുടെ മുൻപിൽ തങ്ങളെ തന്നെ ന്യായീകരിക്കുവാനോ, സത്യം തെളിയിക്കുവാനോ ശ്രമിക്കരുത്. ദൈവത്തി ന്റെ ഉത്തരവാദിത്വമാണ് അവിടുത്തെ ദാസനെ നീതീ കരിക്കുക എന്നത്. നാം നമ്മെ മനുഷ്യരുടെ മുൻപിൽ ന്യായീകരിക്കുവാൻ ശ്രമിക്കുമ്പോൾ നാം ദൈവ ത്തിന്റെ ദാസൻ അല്ല എന്ന് അതിലൂടെ തെളിയിക്കുക യാണ് .

“നിന്നെ എതിർക്കാനായി നിർമിച്ചിരിക്കുന്ന ഒരു ആയു ധവും സഫലമാകുകയില്ല, നിനക്കെതിരേ കുറ്റമാരോ പിക്കുന്ന എല്ലാ വാദമുഖങ്ങളെയും നീ ഖണ്ഡിക്കും.ഇത് യഹോവയുടെ ദാസന്മാരുടെ അവകാശവും, എന്റെ പക്കൽനിന്ന് അവർക്കു ലഭിക്കുന്ന കുറ്റവിമുക്തിയു മാണ്,”എന്ന് യഹോവ അരുളിച്ചെ യ്യുന്നു. "-യെശയ്യാവ് 54:17

ഈ ഭൂമിയിൽ നടന്നിട്ടുള്ള ആർക്കും ക്രിസ്തുവിനേ ക്കാൾ കൂടുതൽ അധികാരമില്ല. എന്നാൽ കർത്താവ് ഭൂമിയിലായിരുന്നപ്പോൾ അവൻ ഒരിക്കലും സ്വയം ന്യായീകരിച്ചില്ല. വ്യാജ ആരോപണങ്ങളുടെ മുൻപിൽ

അവൻ വായ തുറക്കാതെയിരുന്നു.ന്യായമായി വിധിക്കുന്നവന്റെ കയ്യിൽ കാര്യം ഭരമേല്പിച്ചു

യെശയ്യാവ് 53:7 തന്നെത്താൻ താഴ്ത്തി വായ് തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. മർദിക്കുകയും പീഡിപ്പിക്കുകയും ചെയ്തിട്ടും അവൻ നിശ്ശബ്ദനായിരുന്നു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവന്റെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം അവലംബിച്ചു

1 പത്രൊ. 2:23തന്നെ അധിക്ഷേപിച്ചിട്ട് പകരം അധിക്ഷേപിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണിപ്പെടുത്താതെയും ന്യായമായി വിധിക്കുന്നവനിൽ കാര്യം ഭരമേല്പിക്കയത്രേ അവൻ ചെയ്തത്

നാം ശ്രദ്ധിച്ചു വായിച്ചാൽ തുടക്കത്തിൽ മോശക്കെതിരെ മത്സരിച്ചവർ നാലുപേർ ആയിരുന്നു. കോരഹ് ദാദാൻ, അഭിരാം, ഓൻ. എന്നാൽ പിറ്റേന്ന് രാവിലെ ആകുമ്പോൾ കോരഹ്,ദാദാൻ,അഭിരാം എന്നീ മൂന്നു പേരെ മാത്രമെ നാം കാണുന്നുള്ളൂ. കാരണം തലേ രാത്രിയിൽ ഓൻ ചിലപ്പോൾ മനസന്തരപ്പെട്ടിരിക്കാം; വരാൻ പോകുന്ന ഭവിഷ്യത്തിനെപ്പറ്റി അവന്റെ ഭാര്യ മുന്നറിയിപ്പ് കൊടുത്തിരികാം. ഏതായാലും അതിനാൽ ഓനും കുടുംബവും നാശത്തിൽ നിന്നും രക്ഷപ്പെട്ടു.

എന്നാൽ ദൈവം മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും, മോശ അവരെ നേരിട്ട് വിളിച്ചിട്ടും മറ്റു മൂന്നുപേരും തെറ്റു തിരുത്താൻ തയ്യാറായില്ല. അവരുടെ മൽസര മനോഭാവം അവരുടെയും കുടുംബത്തിനെയും നാശത്തിന് കാരണമായിത്തീർന്നു. പിറ്റേന്ന് ദൈവം പരസ്യമായി അവരെ ശിക്ഷ വിധിക്കുകയായിരുന്നു.

ഇസ്രയേൽ ജനം മുഴുവൻ ഇവരുടെ മത്സരത്തിൽ പങ്കു ചെർന്നതിനാൽ മോശെയോടും അഹരോനോടും മാത്രം ഇസ്രായേൽ സഭയുടെ നടുവിൽ നിന്നും മാറി പോകുവാൻ ദൈവം ആവശ്യപ്പെടുന്നു.

എന്നാൽ മോശ വീണ്ടും ദൈവത്തിന്റെ മുൻപിൽ കവിണ്ണു വീണു മധ്യസ്ഥത ചെയ്യുന്നു. സർവ്വസഭയെയും നശിപ്പിക്കരുത് എന്ന് അപേക്ഷിക്കുന്നു. മോശയുടെ മധ്യസ്ഥതയിൽ ദൈവം ജനത്തിന് ഒരു അവസരം കൂടി കൊടുക്കുന്നു. കോരഹ്, ദാദാൻ അഭിരാം എന്നിവരുടെ മധ്യത്തിൽ നിന്നും ഓടി പോകുവാൻ സർവ്വസഭ യോടും ആവശ്യപ്പെടുന്നു.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം നാം കാണുന്നു. ജന ത്തിൽ പലരും ഈ മൂന്നു പേരുടെയും വാസ സ്ഥലത്തു നിന്നും ഓടി മാറുന്നു. എന്നാൽ ഒമ്പതാം വാക്യത്തിൽ , ദാദാൻ, അഭിരാം എന്നിവർ കുടുംബത്തോടൊപ്പം കൂടാരവാതിൽക്കൽ നിന്നു എന്നതും കാണുന്നു.

എന്തുകൊണ്ട് കോരഹിന്റെകുടുംബത്തെപ്പറ്റി അവിടെ പറയുന്നില്ല?. ഇതിനു കാരണം സംഖ്യാ 26: 11 ൽ തല മുറകളുടെ ചരിത്രം വിവരിക്കുമ്പോൾ മോശ പറയുന്നു. സംഖ്യാ 26: 11 അങ്ങനെ അവർ ഒരു മുന്നറിയിപ്പായി ത്തീർന്നു. എന്നാൽ കോരഹിന്റെ മക്കൾ കൊല്ലപ്പെട്ടില്ല.

അതെ; കോരഹിന്റെ മക്കൾ പിതാവിന്റെ മത്സര ത്തോടു കൂട്ടുനിന്നില്ല. അവർ മുന്നറിയിപ്പ് മനസ്സി ലാക്കി ഓടി രക്ഷപ്പെട്ടു. എന്നാൽ മുന്നറിയിപ്പിനെ അവഗണിച്ചു മത്സരത്തോട് കൂട്ട് നിന്ന ബാക്കിയുള്ള വരുടെ കുടുംബം കൂടെ നശിപ്പിക്കപ്പെട്ടു. കോരഹിന്റെ പുത്രന്മാർ പിന്നീട് സങ്കീർത്തന രചയിതാവും ആരാ ധന നയിക്കുന്നവരും ആയിത്തീർന്നു.

സംഖ്യാപുസ്തകം 16 ൽ രണ്ട് മത്സരങ്ങൾ ഉണ്ട്. 1 മുതൽ 40 വരെയുള്ള വാക്യങ്ങളിൽ നേതാക്കളുടെ മത്സ

രമാണ് , അതേസമയം 41 മുതൽ 50 വരെയുള്ള വാക്യങ്ങളിൽ മുഴുവൻ സഭയുടെയും കലാപമുണ്ട്.

മത്സരത്തിന്റെ ഒരു മനോഭാവം പകർച്ചവ്യാധിയാണ്. അത് അമർച്ച ചെയ്തില്ലയെങ്കിൽ പലരിലേക്കും, മുഴു സഭയിലേക്കും അത് പകരപ്പെടും

എന്നാൽ ഈ മത്സരത്തെ അന്തിമമായി നിർത്തൽ ചെയ്യുവാൻ; ദൈവം തീരുമാനിക്കുന്നു. താൻ തിരഞ്ഞെടുത്ത നേതാവ് ആരാണ് എന്ന് തെളിയിക്കുവാൻ ഒരു മാർഗ്ഗം നിർദേശിക്കുന്നു. അത് ഇപ്രകാരം ആണ്.

യഹോവ മോശയോട് അരുളിച്ചെയ്തു: "ഒരു ഗോത്രത്തിന്റെ നേതാവിൽനിന്ന് ഓരോ വടി വീതം എല്ലാ ഗോത്രത്തിൽനിന്നുമായി പന്ത്രണ്ടു വടി നിന്നെ ഏല്പിക്കാൻ ജനത്തോടു പറയുക. ഓരോ നേതാവിന്റെയും പേര് അവനവന്റെ വടിയിൽ എഴുതണം. ലേവിഗോത്രത്തിന്റെ വടിയിൽ അഹരോന്റെ പേരാണു കൊത്തിവയ്ക്കേണ്ടത്. തിരുസാന്നിധ്യകൂടാരത്തിൽ, ഞാൻ നിങ്ങൾക്കു ദർശനം നല്കുന്ന ഉടമ്പടിപ്പെട്ടകത്തിന്റെ മുമ്പിൽ അവ വയ്ക്കണം. ഞാൻ തിരഞ്ഞെടു ക്കുന്ന ആളിന്റെ വടി തളിർക്കും; അങ്ങനെ നിങ്ങൾക്ക് എതിരെയുള്ള ഇസ്രായേൽ ജനത്തിന്റെ പിറുപിറുപ്പ് ഞാൻ അവസാനിപ്പിക്കും."

അടുത്ത ദിവസം മോശ തിരുസാന്നിധ്യകൂടാരത്തിൽ പ്രവേശിച്ചപ്പോൾ ലേവിഗോത്രത്തിനുവേണ്ടി വച്ച അഹരോന്റെ വടി മുളപൊട്ടി തളിർത്തു പുഷ്പിച്ചു ബദാംകായ്കളുമായി കാണപ്പെട്ടു.

യഹോവ മോശയോടു കല്പിച്ചു: "അഹരോന്റെ വടി ഉടമ്പടിപ്പെട്ടകത്തിന്റെ മുമ്പാകെ തിരികെ വയ്ക്കുക; അതു മത്സരികൾക്ക് അടയാളമായിരിക്കട്ടെ.

ദൈവം തന്റെ തിരഞ്ഞെടുപ്പിനെ തെളിയിക്കുന്നത് ജീവന്റെ ശക്തിയിൽ ആണ്, ആഹാരോന്റെ മുളപൊട്ടി

തളിർത്തു പുഷ്പിച്ചു ബദാം കായ്കളുമായി കാണപ്പെട്ട വടി കാണിക്കുന്നത് ഉയർപ്പിന്റെ ജീവശക്തിയെ ആണ്.

ഉയർപ്പിന്റെ ജീവശക്തിയിലുള്ള ദൈവീക അധികാരം ഇല്ലാതെ ആർക്കും ദൈവീക ശുശ്രൂഷ ചെയ്യുവാൻ കഴിയില്ല. അങ്ങനെയുള്ള ദൈവീക അധികാരത്തെ തടയുവാനും അതിനെതിരെ മത്സരിക്കുവാനും ദൈവം ആരെയും അനുവദിക്കു കയുമില്ല.

അഹരോന്റെ തളിർത്ത വടി മത്സരികൾക്ക് അടയാളമായി. ദൈവത്തിനെതിരായോ ദൈവീക അധികാരത്തിനെതിരായോ മത്സരിക്കരുത് എന്ന മുന്നറിയിപ്പ് എല്ലാക്കാലത്തേക്കുമായി നൽകുവാനായി സമാഗമന കൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്ത് വെയ്ക്കപ്പെട്ടു എന്ന് നാം കാണുന്നു.

ദൈവം അതിൽ കൂടി ഇസ്രയേൽ മക്കൾക്ക് കൊടുക്കാൻ ഉദ്ദേശിച്ച സന്ദേശം വ്യക്തമാണ്. ദൈവം ആരെയാണോ പിന്തുണക്കുന്നത് എന്ന് വെളിപ്പെടുന്നത് ജീവന്റെ ശക്തിയിൽ ആണ്. ദൈവീക അധികാരം അതിലൂടെയാണ് വെളിപ്പെടുന്നത് .ദൈവീക അധികാരം, രാഷ്ട്രീയം കളിക്കുന്നതിലൂടെയോ, ഭൂരി പക്ഷത്തിന്റെ പിന്തുണയിലോ, മനുഷ്യരെ പ്രസാദിപ്പിക്കുന്നതിലൂടെയോ, ലഭിക്കില്ല. അത്തരക്കാർക്കു ഒരിക്കലും ദൈവത്തിന്റെ ദാസൻ ആകുവാൻ കഴിയില്ല. (ഗലാത്യർ 1 :5) ദൈവീക നിയമനത്തോടുള്ള മത്സരം , ദൈവത്തോടുള്ള മത്സരം തന്നെയാണ്. അതിനെ ദൈവം വളരെ ഗൌരവമായി കാണുന്നു.

മത്സരമാണ് ഏറ്റവും വലിയ പാപം, ബാക്കി എല്ലാ പാപങ്ങളും മത്സരത്തിൽ നിന്ന് പുറത്തേക്ക് വരുന്നതാണ്.പ്രപഞ്ചത്തിൽ ആദ്യം തുടങ്ങിയ പാപം മത്സരമാണ് അത് പിശാചിൽ ആണ് ആരംഭിച്ചത് പിന്നീടത് ഹവ്വായിലേക്കും ആദത്തിലേക്കും തുടർന്ന് മാനവരാശിയിലേക്കും പകരപ്പെട്ടതായി നാം കാണുന്നു.

ഈ സംഭവങ്ങളിൽ കൂടി ദൈവം നമുക്കും ബുദ്ധിയുപദേശതിനായി നൽകാനുദ്ദേശിക്കുന്ന സന്ദേശവും വ്യക്തമാണ്. ദൈവം തന്നോടും താൻ നിയമിച്ച അധികാരങ്ങളോടും ഉള്ള മത്സരത്തെ വളരെ ഗൗരവമായി കാണുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവർ ദൈവീക ന്യായവിധിക്ക് അർഹരാകും .ചിലപ്പോൾ തലമുറകളോളം അതിന്റെ  ഫലങ്ങൾ തുടർന്നേക്കാം .

ഒരു മനുഷ്യന് തെറ്റുപറ്റിയാൽ അഥവാ  ന്യായപ്രമാണം ലന്ഘിച്ചാൽ ,ദൈവം അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ,ആചാരനിയമ യാഗങ്ങൾ പഴയ നിയമത്തിൽ തന്നെ നിയമിച്ചിരുന്നു.

എന്നാൽ ദൈവം മനുഷ്യന്റെ മനപ്പൂർവമായ മത്സരത്തെ വളരെ ഗൗരവം ആയിട്ടാണ് എല്ലാ കാലത്തും കാണുന്നത്. കാരണം അത് തന്നെത്താൻ ഉയർത്തുന്ന പിശാചിന്റെ സ്വഭാവം ആണ്.നരകം വാ പിളർക്കുവാൻ തക്കവണ്ണം അത് നരകത്തിൽ നിന്നും ഉയരുന്ന പാപമാണ്. അത് സാത്താൻറെ രാജ്യത്തിലെ പ്രമാണമാണ്.

## ദൈവസഭകളിലെ മത്സരികൾ

നാം കണ്ടതുപോലെ ദൈവസഭയ്ക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല. പകരം പിശാചിന്റെ രാജ്യത്തോടും പാതാള ഗോപുരങ്ങളോടും ആണ്, വാഴ്ചകളോടും അധികാരങ്ങളോടും ആണ്.

അതിനാൽ പിശാചിനെ പ്രമാണം നമ്മുടെ ജീവിതത്തിൽ പാലിച്ചുകൊണ്ട് നമുക്ക് പിശാചിനോട് പോരാടാനോ ദൈവസഭയെ പണിയുവാനോ കഴിയുകയില്ല. അതിനാലാണ് പിശാചിനോടുള്ള പോരാട്ടത്തെ പറ്റി പറയുമ്പോൾ ഒക്കെയും ദൈവവചനത്തിൽ ദൈവത്തോടും ദൈവം നിയമിച്ച വ്യവസ്ഥളോടും ഉള്ള കീഴ്പെടലിനെപറ്റി പറയുന്നത്.

ദൈവം തന്റെ അധികാരത്തോടുള്ള മനുഷ്യന്റെ കീഴടങ്ങലിനെ പരിശോധിക്കുന്നതിന് വേണ്ടിയാണ് ഈ ഭൂമിയിൽ തന്നെ പ്രതിനിധീകരിക്കുന്ന അധികാരങ്ങളെ നിയമിച്ചിരിക്കുന്നുത്.

കുടുംബത്തിലും, ലോകത്തിലും ,സഭയിലും ദൈവം അധികാരങ്ങളെ നിയമിച്ചിരിക്കുന്നു. ഈ അധികാരങ്ങളെ ദൈവിക നിയമന പ്രകാരമുള്ള അധികാരം ആയാണ് ദൈവജനം തിരിച്ചറിയേണ്ടത്.

ഇന്ന് അനേകർ ദൈവത്തിനു കീഴടങ്ങിയിരിക്കുന്നവർ ആണ് എന്ന് സ്വയം അവകാശപ്പെടുന്നവർ ആണ്, എന്നാൽ അവർ പലരും ഭൂമിയിലെ ദൈവനിയമിത അധികാരത്തിനു കീഴടങ്ങാത്തവർ ആണ്.

*അങ്ങനെ ദൈവനിയമിത അധികാരങ്ങളോടു മത്സരിക്കുകയും, അപ്പോൾ തന്നെ താൻ ദൈവത്തിനു കീഴടങ്ങിയിരിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്യുന്നവർ വ്യാജമാണ് പറയുന്നത്. അവർ സ്വയം വഞ്ചിക്കുകയാണ് ചെയ്യുന്നത്.*

ദൈവ നിയമിത അധികാരങ്ങളോടു മത്സരിക്കുന്നവർ പിശാചിന്റെ പ്രമാണമാണ് അവരുടെ ജീവിതത്തിൽ പ്രമാണിക്കുന്നത്. അവർ തത്വത്തിൽ ദൈവത്തോടാണ് മത്സരിക്കുന്നത്. അതിനാൽ അവർ ശിക്ഷ അനുഭവിക്കും എന്നും ദൈവവചനം വ്യക്തമാക്കുന്നു

കർത്താവിന്റെ ശരീരമായി പണിയപ്പെടുന്ന യഥാർത്ഥ ദൈവസഭയിലും എതിർ ക്രിസ്തുവിന്റെ പ്രമാണത്താൽ നയിക്കപ്പെടുന്ന, ദൈവനിയമിത അധികാരങ്ങൾക്ക് എതിരെ മത്സരിക്കുന്ന, തന്നെത്താൻ ഉയർത്തുന്ന വ്യക്തികൾ ഉണ്ടായേക്കാം. എന്നാൽ ഒരു യഥാർത്ഥ ദൈവസഭയിൽ അത്തരം പ്രവണതകൾ വെളിപ്പെടുകയും, തിരുത്തപ്പെടുകയും ശിക്ഷണം നൽകപ്പെടുകയും ചെയ്യും.

എന്നാൽ സഭയെ നയിക്കേണ്ടവർ തന്നെ, മനുഷ്യരെ പ്രസാദിപ്പിക്കുന്നവരും, ഒത്തുതീർപ്പുകാരും, രാഷ്ട്രീയക്കാരും ആയാൽ , അവർ ഇത്തരം മത്സരങ്ങളുടെ നേരെ കണ്ണടക്കുന്നവർ ആകും. സഭയിൽ 'സമാധാനം' ഉണ്ടക്കാൻ ശ്രമിക്കുന്നവർ ആകും.സഭകളിൽ യഥാർത്ഥ സമാധാനം ഉണ്ടാകുവാൻ ദൈവവും ആഗ്രഹിക്കുന്നു. എന്നാൽ അത് ദൈവീക സത്യങ്ങളെ ബലികഴിക്കുന്നതിന്റെ ചിലവിൽ ആകരുത്. അത്തരം 'സമാധാനം' നിലനിൽക്കുകയില്ല. അത്തരക്കാർക്കു ദൈവീക അധികാരവും ഉണ്ടാകുകയില്ല

എന്നാൽ ദൈവത്തിനും ദൈവം നിയമിച്ച അധികാരങ്ങൾക്കും കീഴടങ്ങുന്ന വ്യക്തികൾക്ക്, ദൈവീക സത്യങ്ങൾക്ക് വേണ്ടി നിലനിൽക്കുന്നവർക്ക്. അങ്ങനെയുള്ള യഥാർത്ഥ ദൈവ സഭയ്ക്ക് പിശാചിനെയും അവന്റെ രാജ്യത്തിനും മുകളിൽ അധികാരം ഉണ്ട് എന്ന് ദൈവവചനം പറയുന്നു

യേശു അടുത്തുചെന്നു: സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു

19 അവൻ അവരോട്: സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു. പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല.

പിശാചിന്റെ സ്ഥാനം അങ്ങനെയുള്ളവരുടെ കാൽക്കീഴിൽ ആണ് എന്ന് ദൈവവചനം വ്യക്തമാക്കുന്നു. റോമർ- 16: 20 സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതെച്ചുകളയും

നാം ചിന്തിച്ചത് പോലെ , ന്യായപ്രമാണത്തിനു മനുഷ്യന്റെ ഉള്ളിലെ ഈ പാപസ്വഭാവത്തെ പരിഹരിക്കുവാൻ കഴിഞ്ഞില്ല, എന്നാൽ മനുഷ്യ ജഡത്തിലെ

ബലഹീനതനിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ സ്വന്തപുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ, പാപത്തിന് ഒരു യാഗമാകേണ്ടതിന് അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു, മനുഷ്യനെ സ്വതന്ത്രൻ ആക്കി ( റോമർ 8 :3 ) ദൈവം അത് എങ്ങനെ സാധിച്ചു എന്നത് അടുത്ത അധ്യായത്തിൽ ചിന്തിക്കാം

==========================================

## അധ്യായം 3

## ദൈവ പുത്രന്റെ ജീവിത മനോഭാവം : താഴ്മ

==========================================

പാപം നിമിത്തം ആത്മാവിൽദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടതിനു ശേഷം മനുഷ്യനെ നിയന്ത്രിക്കുവാൻ എഴുതപ്പെട്ട കൽപ്പനകളായ ന്യായപ്രമാണം ആവശ്യ മായി വന്നു. എന്നാൽ ന്യായപ്രമാണത്തിനു മനുഷ്യന്റെ മത്സര സ്വഭാവത്തെ പുറത്ത് പ്രവർത്തികൾ ആയി വരുന്നത് തടയുവാൻ അല്ലാതെ അതിനെ പരിഹരിക്കു വാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ ന്യായപ്രമാണത്തിന് കഴിയഞ്ഞതിനെ സാധി ക്കുവാൻ ദൈവം വാഗ്ദത്തം ചെയ്തതുപോലെ കാല സമ്പൂർണയിൽ തന്റെ പുത്രൻ ഈ ഭൂമിയിൽ മനുഷ്യ നായി വന്നു

കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിലേക്ക് വന്ന പ്പോൾ കീഴ്പ്പെടലിന്റെയും അനുസരണത്തിന്റെയും (Submission and Obediance) ഏറ്റവും വലിയ ഉദാഹരണം ആണ് വെളിപ്പെടുത്തിയത്.

നാം മുൻപുള്ള അധ്യായങ്ങളിൽ കണ്ടതു പോലെ ദൈവത്തിന്റെ ദൂതനായ ലൂസിഫർ തന്നെത്താൻ ഉയ ർത്തി ദൈവത്തോട് സമൻ ആകാൻ ശ്രമിച്ചപ്പോൾ ആണ് പാപം ഈ പ്രപഞ്ചത്തിൽ ഉണ്ടായത്. അതേ പാപ സ്വഭാവം ആണ് താൻ മനുഷ്യരിലേക്ക് പകർന്നത്

എന്നാൽ അതിനു പരിഹാരമായി അത്യുന്നതനായ ദൈവത്തോട് സമനായ; ദൈവം അയ പുത്രൻ തന്നെ ത്താൻ താഴ്ത്തി മനുഷ്യനായി ഭൂമിയിൽ വരികയും ആ പൈശാചിക പ്രമാണത്തിന് എതിരായ പ്രമാണ ത്തിൽ ജീവിതകാലം മുഴുവൻ ജീവിക്കുകയും, ആ

അനുസരണത്തിന്റെ പൂർത്തീകരണം അയ പാപപരി ഹാരയാഗമായി തന്നെത്താൻ സമർപ്പിക്കുകയും അതി ലൂടെ തന്നിൽ വിശ്വസിക്കുന്നവരെ പാപസ്വഭാവ ത്തിൽ നിന്നും വിടുവിക്കുകയും, അവരിൽ വസിച്ചു ദൈവത്തിന്റെ ആത്യന്തിക പദ്ധതി പൂർത്തീകരിക്കുക എന്നുമായിരുന്നു ആയിരുന്നു ദൈവിക ഉദ്ദേശം.

ദൈവീക ത്രിത്വത്തിൽ പിതാവും പുത്രനും പരിശുധാ ത്മാവും,സമനിത്യരും,തുല്യരും,ഏകസത്തയിലും ഉള്ള വർ ആണ്. എന്നാൽ മനുഷ്യവര്ഗ്ഗതിന്റെ വീണ്ടെടുപ്പിന് വേണ്ടി പിതാവിനോട് സമൻ അയ പുത്രൻ ദൈവൈ ഷ്യതിനു മുൻപിൽ തന്നെത്താൻ താഴ്ത്തി ഭൂമിയിൽ വന്നു.

ഫിലിപ്പിയർ രണ്ടാം അധ്യായത്തിൽ ആണ് നാം യേശു ക്രിസ്തുവിന്റെ താഴ്മയുടെ വിശദമായ വിവരണം കാണു ന്നത്. അത് കർത്താവ് സ്വയം ശൂന്യൻ ആക്കുന്നതും, സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് തന്നെത്താൻ താഴ്ത്തുന്ന ആദ്യത്തെ ചുവടും മുതൽ തന്റെ മരണ പുനരുത്ഥാനത്തിൽ കൂടി എല്ലാറ്റിനെയും മുകളിലേക്ക് ഉയർത്തപ്പെടുന്നത് വരെയുള്ള സംഭവങ്ങളുടെ ചുരുക്ക മായ വിവരണമാണ്

ഫിലിപ്പിയര് 2:5 ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപ ത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെ ത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണ ത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. അതു കൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി;

പിശാചിന്റെ ഭാവം നിഗളം ആയിരുന്നുവെങ്കിൽ കർത്താവായ യേശുക്രിസ്തുവിന്റെ ഭാവം താഴ്മയാണ്, യെശയ്യാവ് 14:12 മുതലുള്ള വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള പിശാചിന്റെ മനോഭാവത്തിന് നേരെ വിപരീതമായ മനോഭാവമാണ് ഫിലിപിയർ 2:5 മുതലുള്ള വാക്യങ്ങളിൽ കാണുന്ന യേശുക്രിസ്തുവിനെ മനോഭാവം. ഈ പ്രപഞ്ചത്തിലെ താഴ്മയുടെ ഏറ്റവും വലിയ പ്രദർശനമാണ് നാം യേശുക്രിസ്തുവിൽ കാണുന്നത്.

*അതിനാൽ തന്നെ ഫിലിപ്പിയർ രണ്ടാം അധ്യായം, മനുഷ്യന്റെ വീണ്ടെടുപ്പിനേ സംബന്ധിച്ചും ദൈവ ശാസ്ത്ര പരമായി ക്രിസ്തുവിന്റെ ദൈവത്വത്തെ പറ്റിയും മനുഷ്യത്വത്തെപ്പറ്റിയും ഏറ്റവും പ്രധാനപ്പെട്ട ചില വാക്യങ്ങൾ ആണ്*

ഫിലിപ്പിയർ രണ്ടാം അധ്യായത്തിൽ നിന്നും യേശുക്രിസ്തുവിന്റെ താഴ്മയെ പറ്റി നാം പഠിക്കുമ്പോൾ പ്രധാനമായും രണ്ടു തലങ്ങളിൽ അത് കാണുവാൻ കഴിയും.

2: 5-7 വാക്യങ്ങളിലെ ആദ്യ ഭാഗത്തിൽ ക്രിസ്തു തന്നെത്തന്നെ ശൂന്യമാക്കുന്നു. 8-11 വാക്യങ്ങളിലെ രണ്ടാമത്തെ ഭാഗത്തിൽ ക്രിസ്തു തന്നെത്താൻ താഴ്ത്തുകയാണ്.

അതായത് കർത്താവിന്റെ താഴ്മയിൽ തന്നെത്താൻ ശൂന്യമാക്കുന്നതും, തന്നെത്താൻ താഴ്ത്തലും ഉൾപ്പെടുന്നു.

**എന്താണ് ക്രിസ്തു സ്വയം ശൂന്യമാക്കിയത്** ? അത് ഒരിക്കലും തന്റെ ദൈവത്വം ആയിരുന്നില്ല, ദൈവത്തിനു ഒരിക്കലും ദൈവമാകാതിരിക്കുവാൻ കഴിയില്ല, ക്രിസ്തു സ്വയം ശൂന്യൻ ആക്കിയപ്പോഴും താൻ പുത്രൻ ആയ ദൈവം തന്നെയായിരുന്നു.

എന്നാൽ താൻ ദൈവം എന്ന നിലയിലുള്ള തന്റെ പ്രത്യേക പദവികളെ മാറ്റിവച്ചു. പരിധിയും, പരിമി

തിയും ഇല്ലാത്ത ദൈവീക അധികാരങ്ങൾ ഉപേക്ഷിച്ചു. തന്റെ ദൈവത്വതിലെമഹത്വം, ശക്തി, സ്ഥാനം, സ്വരൂപം എന്നിവയിൽ നിന്ന് അവൻ സ്വയം ശൂന്യനായി.

**എങ്ങനെയാണു ക്രിസ്തു തന്നെത്താൻ താഴ്ത്തിയത്?** തന്റെ മനുഷ്യത്വത്തിൽ തന്നെത്താൻ താഴ്ത്തി ദാസരൂപം എടുത്തു, മനുഷ്യൻ എന്ന പരിധിയിലും, പരിമിതിയിലും ജീവിച്ചു. ഒരിക്കൽ പോലും ദൈവം എന്ന അധികാരം ഉപയോഗിക്കാതെ, ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ എന്ന പരിമിതിയിൽ നിന്നു. ക്രൂശിലെ മരണത്തോളം താൻ അനുസരണം ഉള്ളവൻ ആയിത്തീർന്നു.

കർത്താവ് സ്വമേധയാ മനുഷ്വത്വം തിരഞ്ഞെടുത്തു, പിതാവിന്റെ അധികാരത്തിന് കീഴടങ്ങി. അതിനാൽ, പിതാവ് തന്നെക്കാൾ വലിയവനാണെന്ന് അവൻ പറഞ്ഞു (യോഹന്നാൻ 14:28).

പിതാവും പുത്രനും ദൈവത്വതിൽ തുല്യർ ആണ്. എന്നിട്ടും പിതാവ് തലയാകണം എന്നും പുത്രൻ കീഴടങ്ങണമെന്നും ആ ദൈവീക കൂട്ടായ്മയിൽ തീരുമനിക്കപ്പെട്ടു. പിതാവ് അധികാരത്തിന്റെ പ്രതിനിധിയും, പുത്രൻ സമർപ്പണത്തിന്റെ പ്രതിനിധിയുമായി.

മനുഷ്യരായ നമുക്ക് തന്നെത്താൻ താഴ്ത്തുക എന്നത് താരതമ്യേന ലളിതമായ കാര്യമാണ്. എന്നാൽ കർത്താവിന്റെ സമർപ്പണം ലളിതമായ കാര്യമായിരുന്നില്ല. തന്നെത്താൻ താഴ്ത്തുന്നതിനു മുൻപായി,താൻ തന്നെത്താൻ ശൂന്യൻ ആക്കി.തന്റെ ദൈവത്വത്തിലെ മഹത്ത്വം, ശക്തി, സ്ഥാനം, സ്വരൂപം എന്നിവയെല്ലാം അവനു ആദ്യം തന്നെ ശൂന്യമാക്കേണ്ടതുണ്ടായിരുന്നു. അതിനു ശേഷം ദാസന്റെ രൂപവും അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടി വന്നു. പിന്നീട് താൻ ദാസൻ എന്ന നിലയിൽ ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവൻ ആയി

ത്തീർന്നു. അതിനാൽ, സമർപ്പണം എന്നത് ദൈവ പുത്രൻ സ്വയം സ്വീകരിച്ച കഠിനമായ ഒന്നാണ്.

കർത്താവ് തന്നെത്താൻ താഴ്ത്തിയത് , അനുസരണമുള്ളവനായി തീർന്നത് പ്രപഞ്ചത്തിലെ ഏറ്റവും അത്ഭുതകരമായ കാര്യമാണ് തന്നെത്താൻ ഉയർത്തുന്ന പിശാചിന്റെ പ്രമാണത്തിന് നേരെ എതിരായി ജീവിതത്തിൽ ഉടനീളം തന്നെത്താൻ താഴ്ത്തി ,അവൻ മരണത്തോളം ക്രൂശിന്റെ മരണം പോലെ, വേദനാജനകവും ലജ്ജാകരവുമായ മരണത്തോളം അനുസരണം ഉള്ളവനായി.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ എങ്ങനെ ജീവിക്കണം എന്ന് ഉദ്ദേശിച്ചിരുന്നു എന്ന് വെളിപ്പെടുത്തുന്ന ജീവിതം ആയിരുന്നു. യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് താൻ തലയായിരിക്കുന്ന ശരീരം പോലെ പ്രവർത്തിക്കുവാൻ ആയിരുന്നു. .ആദ്യ മനുഷ്യനായ ആദം അതിൽ പരാജയപ്പെട്ടു എങ്കിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ പിതാവ് എന്ന തലയുടെ നിയന്ത്രണം പരിപൂർണം ആയിരുന്നു.

***യഥാർത്ഥ താഴ്മയും , താഴ്മയുടെ വ്യാജ ഭാവവും***

യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം തലയ്ക്ക് ശരീരം കീഴടങ്ങുന്നത് പോലെ തന്നെ തലയായ പിതാവിന് പൂർണ്ണമായും കീഴടങ്ങുന്ന ജീവിതമായിരുന്നു അതിനെയാണ് ദൈവ വചനം ക്രിസ്തുവിന്റെ മനോഭാവമായ താഴ്മ എന്ന് വിശേഷിപ്പിക്കുന്നത്.

സ്വാഭാവികമായും താഴ്മ എന്നോ താഴ്മയുള്ളവർ എന്നോ കേൾക്കുമ്പോൾ നമ്മുടെയെല്ലാം മനസ്സുകളിൽ ചില സങ്കൽപങ്ങൾ ഉണ്ടാക്കാം. ഉദാ: പതിയെ സംസാരിക്കുക, ആരെയും തിരുത്താതിരിക്കുക, ദൈവസഭയിലെ ഉത്തരവാദിത്വമുള്ള മൂപ്പന്മാർ ആണെങ്കിലും, സഭയിലെ മത്സരികളോടും, ജഢീകരോടും ശിക്ഷണ

നടപടികൾ എടുക്കാതെ 'താഴ്മ' ഉള്ളവൻ ആകുക താഴ്മയുള്ളവൻ എന്ന പേരിനു വേണ്ടി നയതന്ത്രജ്ഞത കാണിക്കുക, ആരോടും ഒരു കാര്യത്തിനും കോപിക്കാതിരിക്കുക , തുടങ്ങിയവ .

താഴ്മയുള്ള വിശ്വാസി എന്ന പേരിനു വേണ്ടി പലരും ചെയ്യുന്ന മറ്റു കാര്യങ്ങളും ഉണ്ട് , വെള്ള വസ്ത്രം മാത്രം ധരിക്കുക, ക്ലീൻ ഷേവ് ചെയ്യുക, ആഭരണങ്ങൾ വർജ്ജിക്കുക, ഞാൻ ഒന്നിനും കൊള്ളാത്തവൻ ആണ് പാപിയാണ്, ദോഷിയാണ് എന്ന് മറ്റുള്ളവരോട് പറഞ്ഞു കൊണ്ടായിരിക്കുക തുടങ്ങിയവ, എന്നാൽ ഓരോ സമൂഹങ്ങളിലും, സംസ്കാരങ്ങളിലും ഇത്തരം താഴ്മയുടെ സങ്കല്പങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കും. ഓരോരുത്തരും അവരവരുടെ സങ്കല്പങ്ങളിലെ താഴ്മ ഉള്ളവർ ആകുവാൻ ശ്രമിക്കും.

വിവേചനം ഇല്ലാത്ത വിശ്വാസികളും മിക്കവാറും താഴ്മയുടെ ലക്ഷണങ്ങൾ ഇതായാണ് കരുതുന്നത്. എന്നാൽ ഇവയൊക്കെയും ബാഹ്യമായ ചില പ്രവർത്തികളാണ് ചിലപ്പോൾ ഇവയിൽ ചിലതു, ഉള്ളിലെ താഴ്മയുടെ പുറത്തെ ഭാവങ്ങൾ ആകാം, എന്നാൽ മിക്കപ്പോഴും ഉള്ളിലെ പാപത്തെയും, നിഗളത്തെയും, മറയ്ക്കുവാനുള്ള, കർത്താവ് ഏറ്റവും വെറുക്കുന്ന കപടഭക്തിയുടെ പ്രകടനങ്ങളും, താഴ്മയുടെ വ്യാജ ഭാവവും ആകാം ഇതൊക്കെയും. അവസരം ലഭിക്കുമ്പോൾ, പ്രകോപനം ഉണ്ടാകുമ്പോൾ ഇങ്ങനെയുള്ള വ്യാജഭാവക്കാരുടെ ഉള്ളിലെ നിഗളഭാവവും, മത്സരവും വെളിപ്പെടും.

എന്നാൽ യേശുക്രിസ്തു താഴ്മയുടെ ഇത്തരം ലക്ഷണങ്ങൾ പറയുകയോ, താഴ്മയെക്കുറിച്ചുള്ള ഉപദേശം പഠിപ്പിക്കുകയോ, പ്രസംഗിക്കുകയോ അല്ല ചെയ്തത്. പകരം യഥാർത്ഥ താഴ്മയിൽ ജീവിക്കുകയും, യഥാർത്ഥ താഴ്മ തന്നിൽ നിന്നും പഠിക്കുവാൻ ആവശ്യപ്പെടുകയും ആണ് കർത്താവ് ചെയ്തത്.

താഴ്മ നമുക്ക് ലോകത്തിലെ ഏതെങ്കിലും പുസ്തകങ്ങളിൽ നിന്നോ പാഠശാലകളിൽ നിന്നോ പഠിക്കുവാൻ കഴിയുകയില്ല. അത് യേശുക്രിസ്തു എന്ന വ്യക്തിയിൽ നിന്നും മാത്രമേ പഠിക്കുവാൻ കഴിയുകയുള്ളൂ കാരണം അവനാണ് യഥാർത്ഥ സൗമ്യതയും താഴ്മയും ഉള്ളവൻ.

"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; -മത്തായി 11:29

## * താഴ്മ ദൈവാശ്രയത്തിൽ വെളിപ്പെടുന്നു.*

ഇത്തരം താഴ്മയുടെ വ്യാജഭാവങ്ങൾ അല്ല, മറിച്ചു ദൈവാശ്രയം ആണ് യഥാർത്ഥ താഴ്മയുടെ ഒരു ലക്ഷണം. ആദാമിന്റെ ലംഘനം യഥാർത്ഥത്തിൽ ദൈവാശ്രയത്തിൽ നിന്നുള്ള വീഴ്ചയായിരുന്നു.

ദൈവം ആദമിനു കൊടുത്ത ഏക കൽപ്പന നന്മതിന്മകളെപറ്റി അറിവ് തരുന്ന വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കരുത് എന്നായിരുന്നു.അതിന്റെ അർഥം; നന്മ തിന്മകളെ മനുഷ്യൻ സ്വയം തിരഞ്ഞെടുക്കരുത്. അതിനു പകരം പൂർണ്ണമായ ദൈവാശ്രയത്തിൽ തനിക്കു നന്മയെതാണ് തിന്മയെതാണ് എന്നുള്ളത് തീരുമാനിക്കാനുള്ള അവകാശം നന്മയുടെ ഉറവിടമായ ദൈവത്തിനു വിട്ടുകൊടുക്കണം എന്നതായിരുന്നു. പക്ഷെ മനുഷ്യൻ ദൈവാശ്രയത്തിൽ നിന്നും മാറി സ്വയം തിരഞ്ഞെടുപ്പ് നടത്തിയാൽ ദൈവീക ജീവൻ അവനെ വിട്ടു പോവുകയും, മനുഷ്യൻ അത്മീകമായി മരിക്കുകയും ചെയ്യും. ഇതായിരുന്നു ദൈവം മനുഷ്യനോടു പറഞ്ഞ ആദ്യ സത്യവും കല്പനയും.

എന്നാൽ ഒന്നാം മനുഷ്യനായ ആദം ദൈവാശ്രയത്തിൽ നിന്നും സ്വയമായി തീരുമാനം എടുത്തു പുറത്തു വന്നപ്പോൾ . രണ്ടാമത്തെ പൂർണ്ണമനുഷ്യനായി ഭൂമിയിൽ വന്ന യേശുക്രിസ്തു പൂർണ്ണമായ ദൈവാശ്രയ

ത്തിൽ ആണ് ഈ ഭൂമിയിൽ ജീവിച്ചത്. അതിനാൽ ആണ് എനിക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് കർത്താവ് തുടർച്ചയായി പ്രഖ്യാപിച്ചത്. തനിക്കു നന്മയെന്നോ തിന്മയെന്നോ തോന്നിയ കാര്യങ്ങൾ സ്വയമായി ചെയ്യുക അല്ല, താൻ പിതാവ് പറയുന്നത് കേൾക്കുകയും, അത് ചെയ്യുകയുമായിരുന്നു.

അതിനാലാണ് ക്രിസ്തുവെശുവിന്റെ മനോഭാവം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ എന്ന് പൌലോസ് പറയുന്നത്. താഴ്മ പുറത്തു കാണുന്ന ചില പ്രകടനങ്ങളെക്കാൾ ഉപരി ഒരു മനോഭാവം ആണ്. നമ്മുടെ ബലഹീനത നമ്മൾ യഥാർത്ഥത്തിൽ തിരിച്ചറിയുമ്പോൾ , കർത്താവിനെ കൂടാതെ നമുക്ക് ഒന്നും സാധ്യമല്ല എന്നും നാം തിരിച്ചറിയും.നാം ദൈവാശ്രയ മനോഭാവത്തിൽ തുടർച്ചയായി ജീവിക്കും.

## താഴ്മ അനുസരണത്തിൽ വെളിപ്പെടുന്നു.*

പൂർണ്ണമായ ദൈവാശ്രയം പൂർണ്ണമായ അനുസരണത്തിലാണ് വെളിപ്പെടുന്നത്. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പൂർണ്ണമായ അനുസരണം ആയിരുന്നു തന്റെ പൂർണ്ണമായ താഴ്മയുടെയും, ദൈവാശ്രയത്തിന്റെയും ലക്ഷണം.

യേശുക്രിസ്തുവിന്റെ ജീവിതം ഉടനീളം എടുത്താൽ ഏതു സന്ദർഭം ആയിരിക്കും തന്റെ താഴ്മയുടെ പ്രദർശനം ആയി നമുക്ക് പറയുവാൻ കഴിയുക? സ്വാഭാവികമായും നമ്മുടെ മനസ്സിലെ താഴ്മയുടെ സങ്കല്പം അനുസരിച്ച് കർത്താവ് ശിഷ്യന്മാരുടെ കാലു കൾ കഴുകിയ സംഭവം ആയിരിക്കും നമുക്ക് ഓർമ്മ വരിക. യേശുക്രിസ്തുവിന്റെ താഴ്മയുടെ തെളിവായി ഇത് പലരും പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്.

തീർച്ചയായും അത് കർത്താവിന്റെ താഴ്മയുടെ പ്രദർശനം തന്നെയായിരുന്നു, എന്നാൽ നാം മനസ്സിലാക്കേണ്ടത് അത് മാത്രമല്ല; കർത്താവിന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും പൂർണ്ണമായും, തന്റെ എല്ലാ പ്രവർത്തികളും ഒരുപോലെ യഥാർത്ഥ താഴ്മയുടെ പ്രദർശനം തന്നെയായിരുന്നു.

അങ്ങനെ നാം കാണുമ്പൊൾ കർത്താവ് ചാട്ടവാറുകൊണ്ട് ദേവാലയത്തിലെ പൊൻവാണിഭക്കാരെ അടിച്ചു പുറത്താക്കിയതും, പരീശൻമാരെ സർപ്പ സന്തതികൾ എന്നും, വെള്ള തേച്ച ശവക്കല്ലറകൾ എന്നും, വിളിച്ചതും  വിളിച്ചതും, അവരുടെ പരീശത്വവും, ഹൃദയകാഠിന്യവും കാരണം  കോപിച്ചതും, ശാസിച്ചതും എല്ലാം തന്നെ ശിഷ്യന്മാരുടെ കാൽ കഴുകിയത് പോലെ തന്റെ താഴ്മയുടെ പ്രദർശനമായിരുന്നു.

ഇതൊക്കെയും നമുക്ക് താഴ്മയുടെ ലക്ഷണമായി തോന്നിയെന്ന് വരില്ല.യേശുക്രിസ്തുവിന്റെ താഴ്മയുള്ള പ്രവർത്തിയുടെ ഒരു ചിത്രം വരയ്ക്കാൻ പറഞ്ഞാൽ ഒരു ചിത്രകാരനും പൊൻവാണിഭക്കാരെ അടിച്ചു പുറത്താക്കിയത് വരക്കില്ല. കാരണം താഴ്മ എന്നതിന്റെ അർത്ഥം ക്രിസ്തുവിൽ നിന്നും പഠിക്കുന്നതിനു പകരം നാം ലോകത്തിൽ നിന്നാണ് പഠിക്കുന്നത് എന്നതിനാലാണത്.

താഴ്മ ചിലപ്പോൾ ദൈവീക കോപം നമ്മിലൂടെ വെളിപ്പെടുത്തും. ദൈവസഭയിലെ വാണിഭക്കാരെയും, രാഷ്ട്രീയക്കാരുടെ  രാഷ്ട്രീയ കളികളേയും കാണുമ്പോൾ; ദൈവസഭയിലെ പാവപ്പെട്ടവരെ കള്ള പ്രവാചകൻമാരും, കള്ള ഇടയൻമാരും ചൂഷണം ചെയ്യുന്നത് കാണുമ്പോൾ, ദൈവസഭ ജഢീകരാൽ മലിനപ്പെടുന്നത് കാണുമ്പൊൾ, മിണ്ടാതെ ഇരിക്കുന്നത് യഥാർത്ഥ താഴ്മയല്ല, ഭീരുത്വമാണ്.

അത് ക്രിസ്തുവിന്റെ മനോഭവമല്ല; മനുഷ്യനെ പ്രസാദിപ്പിക്കുന്ന ഒത്തീർപ്പുകാരുടെ മനോഭാവമാണ് താഴ്മയുള്ളവൻ എന്ന പേര് ലഭിക്കുവാനുള്ള മാനുഷിക നയതന്ത്രജ്ഞതയാണ്. ഇത്തരക്കാർക്ക് ഒരിക്കലും ദൈവസഭയിൽ ദൈവീക അധികാരം ഉണ്ടാകുകയില്ല.

ക്രിസ്തുവെന്ന തലയ്ക്ക് പൂർണമായും കീഴടങ്ങാതെ, അനുസരിക്കാതെ, തലയായ ക്രിസ്തുവിനാൽ നയിക്കപ്പെടാതെ പുറമേ കാണിക്കുന്ന ഇത്തരം എല്ലാ പ്രദർശനങ്ങളും, വ്യാജമായ താഴ്മയും, കപട വിനയവും ആണ് എന്നും ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. വിശ്വാസികളിൽ മിക്കവാറും വിവേചനം ഇല്ലാത്തവരും, യഥാർത്ഥ താഴ്മ എന്താണ് എന്ന് അറിയുകയും ചെയ്യാത്തവർ ആയതിനാൽ ഇത്തരം വ്യാജ പ്രദർശനങ്ങളിൽ വഞ്ചിതർ ആകുന്നു.

കൊലൊ. 2:18 സ്വന്തദർശനങ്ങളിൽ ആശ്രയിച്ച്, ജഡത്തിൽ ദുരഭിമാനംപൂണ്ട്, ശിരസ്സായവനിൽ മുറുകെ പിടിക്കാതെ കപടവിനയത്തിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിക്കുന്ന ഒരാളും നിങ്ങളെ പ്രതിഫലം നേടുന്നതിൽനിന്ന് അയോഗ്യരാക്കരുത്. ശിരസ്സായ ക്രിസ്തുവിൽനിന്നാണല്ലോ ശരീരം മുഴുവനും, സന്ധിബന്ധങ്ങളാലും നാഡീഞരമ്പുകളാലും ഏകീഭവിച്ചും പോഷണം സ്വീകരിച്ചും ദൈവത്തിൽനിന്നുള്ള വളർച്ച പ്രാപിക്കുന്നത്.

കൊലൊ. 2:23 സ്വനിർമിതങ്ങളായ ആചാരങ്ങളും കപടവിനയം, ശരീരപീഡനം എന്നിവയും പ്രത്യക്ഷത്തിൽ മഹാജ്ഞാനമായി തോന്നിയേക്കാം. എന്നാൽ, ജഡാഭിലാഷങ്ങളെ നിയന്ത്രിക്കുന്നതിന് ഇവയൊന്നും പര്യാപ്തമല്ല.

കർത്താവ് തന്നെ ത്തന്നെ താഴ്ത്തി ഭൂമിയിൽ വന്നപ്പോൾ പിതാവായ ദൈവം ആയിരുന്നു തന്റെ തല. തലയായ പിതാവ് പറഞ്ഞതെല്ലാം ക്രിസ്തു അനുസരിച്ചു.

ചാട്ടവാർ എടുക്കാൻ പറഞ്ഞപ്പോൾ അത് ചെയ്തു, കാൽ കഴുകാൻ പറഞ്ഞപ്പോൾ അതും ചെയ്തു താൻ ചെയ്തത് എല്ലാം  തന്നെ ദൈവ ഇഷ്ടം ആയിരുന്നു. അതിന്റെ അവസാനമായി ദൈവത്തിന്റെ തന്നെപ്പറ്റിയുള്ള ഇഷ്ട ത്തിന്റെ പൂർത്തീകരണം ആയി ക്രൂശിൽ മരിച്ചു. ക്രൂശിൽ താൻ “നിവർത്തിയായി”  എന്ന് പറയുമ്പോൾ താൻ തന്നെപ്പറ്റിയുള്ള അനുസരണത്തിന്റെ അവസാന അധ്യായം താൻ പൂർത്തീകരിച്ചു. മരണത്തോളം ക്രൂശിലെ മരണത്തോളം അവൻ അനുസരണയുള്ള വൻ ആയിത്തീർന്നു.

ചുരുക്കത്തിൽ തന്നിൽ നിന്നും താഴ്മ പഠിക്കുവാൻ കർത്താവ് പറഞ്ഞപ്പോൾ തലയെ കൂടാതെ ശരീര ത്തിന് സ്വയം ഒരു തീരുമാനവും എടുക്കാൻ കഴിയാ ത്തതുപോലെ  അകമേയുള്ള പരിപൂർണമായ ഒരു സമ ർപ്പണമാണ് കർത്താവ് ഉദ്ദേശിക്കുന്നത്. അതല്ലാതെ പുറമേ താഴ്മ എന്ന പേരിൽ കാണിക്കുന്ന എന്തെങ്കിലും വ്യാജ പ്രദർശനങ്ങളെ അല്ല.

ഈ ഭൂമിയിലെ ജീവിതത്തിൽ തനിക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് കർത്താവ് തുടർ ച്ചയായി പ്രഖ്യാപിച്ചു. തനിക്ക് സ്വയമായി ഒന്നും ചെയ്യു വാൻ സംസാരിക്കുവാനോ പ്രവർത്തിക്കുവാനോ കഴി യുകയില്ല എന്നും , തന്റെ തലയായ പിതാവ് പറയു ന്നത് താൻ കേൾക്കുകയും പറയുകയും പ്രവർത്തിക്കുകയും മാത്രം ആണ് ചെയ്യുന്നത് എന്നും താൻ സ്വന്തം ഇഷ്ടമല്ല പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യുന്നു വെന്നും കർത്താവ് പറഞ്ഞു

"എനിക്കു സ്വതേ ഒന്നും ചെയ്‍വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‍വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതി യുള്ളതു ആകുന്നു." -യോഹന്നാൻ 5:30

"ആകയാൽ യേശു: “നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നേ അവൻ എന്നും ഞാൻ സ്വയമായിട്ട് ഒന്നും ചെയ്യാതെ പിതാവു എനിക്കു ഉപദേശിച്ചുതന്നതുപോലെ ഇതു സംസാരിക്കുന്നു എന്നും അറിയും." -യോഹന്നാൻ 8:28

ഇത് പിശാചിൽ ഉണ്ടായതും, പിശാചിൽ നിന്നും ആദത്തിലേക്കും, സകല മനുഷ്യരിലേക്കും പകർന്ന 'ഞാൻ' എന്ന ഭാവത്തിനു നേരെ വിപരീതമായ ഭാവമാണ്

ചുരുക്കത്തിൽ താഴ്മ എന്നത് ക്രിസ്തുവിന്റെ മനോഭാവമാണ്. അത് ഏതെങ്കിലും ഒരു പ്രത്യേക പ്രവർത്തി യിൽ അല്ല വെളിപ്പെടുന്നതു, മറിച്ചു തുടർമ്മാനമായ ദൈവാശ്രയത്തിലും അനുസരണത്തിലും കൂടിയാണ്. നിഗളം അഥവാ മത്സരം എന്ന മനോഭാവതിന്റെ പുറമെയുള്ള വെളിപ്പെടൽ അനുസരണക്കേടാണ്. അതു പോലെ താഴ്മയുടെ പുറമെയുള്ള വെളിപ്പെടൽ അനുസരണമാണ്. അതിനാലാണ് ക്രിസ്തു തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവൻ ആയി തീര്ന്നു എന്ന് എഴുതിയിരിക്കുന്നത്.

യേശുക്രിസ്തുവിന്റെ ജീവിതം ദൈവത്തിനു പ്രസാദകരമായ ജീവിതം ആയതു ,താൻ ചെയ്ത വീര്യ പ്രവർത്തികൾ കാരണം ആയിരുന്നില്ല , പകരം ജീവിതത്തിൽ ഒരിക്കൽ പോലും ഒരു നിമിഷം പോലും സ്വന്തം ഇഷ്ടം ചെയ്യാതെ തന്നെത്താൻ താഴ്ത്തി, തന്റെ ഇശ്ച്ചയെ ദൈവത്തിനു സമർപ്പിച്ചു,ദൈവഇഷ്ടം ചെയ്തത് കൊണ്ടായിരുന്നു. ഒരു ശരീരം തലയ്ക്കു കീഴടങ്ങുന്നത് പോലെ; തന്നെത്താൻ ഉയർത്തുന്ന പൈശാചിക തത്വത്തിന് എതിരായി കർത്താവ് ജീവിച്ചു.

മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ അവൻ എങ്ങനെ ജീവിക്കണം എന്ന് ദൈവം ഉദ്ദേശിച്ചിരുന്നു എന്ന് ക്രിസ്തു തന്റെ ജീവിതത്തി ലൂടെ വെളിപ്പെടുത്തി.അതിനാൽ ദൈവം ജഡത്തിൽ വെളിപ്പെടുക എന്ന വലിയ മർമ്മം,

ക്രിസ്തു തന്റെ ജീവിതത്തിൽ കൂടി ദൈവത്തെ വെളിപ്പെടുത്തിക്കൊണ്ട് പ്രദർശിപ്പിച്ചു.

1. തിമൊഥെയൊസ് 3: 16 അവൻ ജഡത്തിൽ വെളിപ്പെട്ടു ;ആത്മാവിനാൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി;. എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം ഏറ്റവും വലിയതാകുന്നു.

ദൈവത്തിന്റെ സൃഷ്ടിയായ ലൂസിഫർ തന്നെത്താൻ ഉയർത്തി ദൈവത്തോട് ആകാൻ ശ്രമിച്ചതാണ് അധർമത്തിന്റെ  മർമ്മം ; എന്നാൽ ദൈവഭക്തിയുടെ മർമ്മം എന്നത് ദൈവത്തോട് സമൻ ആയിരുന്ന പുത്രൻ തന്നെത്താൻ താഴ്ത്തി ഈ ഭൂമിയിൽ ജീവിച്ചതാണ്.

മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ ഉദ്ദേശം വാഴ്ചകളുടെയും അധികാരങ്ങളെയും മുൻപിൽ ദൈവഭക്തിയുടെ മർമ്മം  താഴ്മയിൽ കൂടി വെളിപ്പെടുത്തുക എന്നതായിരുന്നു

എന്നാൽ ആദ്യ മനുഷ്യൻ ആ ദൈവീക വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച് പൈശാചിക പ്രമാണമനുസരിച്ച് ജീവിച്ചു എങ്കിൽ രണ്ടാം മനുഷ്യനായ് ക്രിസ്തു ഈ ഭൂമിയിൽ വാഴ്ചകളുടെയും അധികാരങ്ങളെയും മുൻപിൽ താഴ്മയിൽ ദൈവഭക്തിയുടെ മർമ്മം വെളിപ്പെടുത്തി.

യേശുക്രിസ്തുവിന്റെ മുഴുവൻ ജീവിതത്തെക്കുറിച്ച് ഒറ്റ വാക്യത്തിൽ പറയുവാൻ പറഞ്ഞാൽ നമുക്ക് ഇങ്ങനെ പറയുവാൻ കഴിയും

"യേശുക്രിസ്തു പിതാവിന്റെ ഇഷ്ടം ചെയ്തു, ദൈവത്തെ പ്രസാദിപ്പിച്ചു”

എന്നാൽ ദൈവം ക്രിസ്തുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു, എല്ലാറ്റിനും മുകളിൽ , ഏറ്റവും ഉയർത്തി

സകല നാമത്തിനും മേലായ നാമം നല്കി; ദൈവ സഭ യുടെ, ദൈവമക്കളുടെ തലയാക്കി തീർത്തു.

തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. ഇതാണ് ദൈവത്തിന്റെ തത്വം.

9 അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി; 20 അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കയും ......22സർവവും അവന്റെ കാല്ക്കീഴാക്കി വച്ച് അവനെ സർവത്തിനും മീതെ തലയാക്കി വച്ചു.

18 അവൻ സഭ എന്ന ശരീരത്തിന്റെ തലയും, .... അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു

എന്നാൽ ക്രിസ്തുവിന്റെ ഈ ഭൂമിയിലെ താഴ്മയുള്ള ജീവിതം, വീണു പോയ മനുഷ്യന് ആശിക്കുവാനും, അഭിനന്ദിക്കുവാനും അല്ലാതെ ഒരിക്കലും അനുകരി ക്കുവാനോ, പിന്തുടരുവാനോ കഴിയില്ല.എന്നാൽ ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചത് പോലെയുള്ള ജീവനുള്ള പുതുവഴി തുറക്കുവാൻ ആണ് താൻ ക്രൂശിൽ മരിച്ചത്. കർത്താവ് അത് എങ്ങനെ സാധിച്ചു എന്നത് നമുക്ക് തുടർന്ന് ചിന്തിക്കാം.

=====================================

## അധ്യായം 4

## ക്രൂശിലെ ദൈവീക കൈമാറ്റം

=====================================

യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം പരിപൂർണ്ണമായും താഴ്മയുടെയും അനുസരണത്തിന്റേതും ആയിരുന്നു. എന്നാൽ  പാപരഹിതനായ ക്രിസ്തുവിന്റെ പരിപൂർണ്ണതയുള്ള ജീവിതം, വീഴ്ച പറ്റിയ, ഉള്ളിൽ പൈശാചികമായ മത്സര സ്വഭാവം വസിക്കുന്ന മനുഷ്യന് ഒരിക്കലും പിന്തുടരുവാനോ അനുകരിക്കുവാനോ കഴിയുന്നതല്ല. പകരം അതിനെ അനുമോദിക്കുവാനും, അങ്ങനെ ജീവിക്കുവാൻ വൃഥാ ആഗ്രഹിക്കുവാനും മാത്രമേ കഴിയുകയുള്ളൂ.

അതിനു കാരണം യേശുകിസ്തു സ്ത്രീയിൽ നിന്നും ജനിച്ചവനായി ഒരു പൂർണ്ണ മനുഷ്യനായിട്ടാണ് ഭൂമിയിൽ വന്നത് എങ്കിലും അവൻ ആദത്തിൽ നിന്നുള്ള വീഴ്ച പറ്റിയ മനുഷ്യൻ ആയിരുന്നില്ല, അവൻ പരിശുധത്മാവിനാൽ ഉളവായ വിശുദ്ധ പ്രജയായിരുന്നു, തലയായ പിതാവിനോട് അഭംഗുരമായ ബന്ധമുണ്ടായിരുന്ന ശരീരമായിരുന്നു.

യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം തലയ്ക്ക് ശരീരം കീഴടങ്ങുന്നത് പോലെ തന്നെ തലയായ പിതാവിന് പൂർണ്ണമായും കീഴടങ്ങുന്ന ജീവിതമായിരുന്നു അതിനാലാണ്, പിതാവായ ദൈവത്തെ ക്രിസ്തുവിന്റെ തല എന്ന് വിശേഷിപ്പിക്കുന്നത്,

ഈ ഭൂമിയിലെ ജീവിതത്തിൽ തനിക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് കർത്താവ് തുടർച്ചയായി പ്രഖ്യാപിച്ചു. ഒരു ശരീരത്തിന് തലയെക്കൂടാതെ ഒന്നും ചെയ്യാൻ കഴിയാത്തതു പോലെ തനിക്ക് സ്വയ

മായി ഒന്നും ചെയ്യുവാനോ, സംസാരിക്കുവാനോ, പ്രവർത്തിക്കുവാനോ കഴിയുകയില്ല എന്നും തന്റെ തലയായ പിതാവ് പറയുന്നത് താൻ കേൾക്കുകയും പറയുകയും പ്രവർത്തിക്കുകയും മാത്രം ആണ് ചെയ്യുന്നത് എന്നും താൻ സ്വന്തം ഇഷ്ടമല്ല പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യുന്നുവെന്നും കർത്താവ് പറഞ്ഞു.. (യോഹന്നാൻ 5:30, യോഹന്നാൻ 8:28, എഫെസ്യർ 2:4).

എന്നാൽ ആദമിൽ നിന്നും ജനിച്ച , വീഴ്ച വന്ന മനുഷ്യന് ഇത്തരത്തിലുള്ള ജീവിതം അസാധ്യമാണ്. അവനെ ഒരു തല ശരീരത്തെ നിയന്ത്രിക്കുന്നത് പോലെ  തന്റെ ജീവനാൽ ഉള്ളിൽ നിന്നും നയിക്കുവാൻ ദൈവത്തിനു ,കഴിയുകയില്ല. അതിനാൽ തന്നെയാണ് മനുഷ്യനെ പുറത്തു നിന്നും നിയന്ത്രിക്കുന്ന ന്യായപ്രമാണം ആവശ്യമായി വന്നത്

വീഴ്ച സംഭവിച്ച മനുഷ്യനു വന്ന രണ്ട് പ്രധാനപ്പെട്ട കാരണങ്ങളാണ്, ദൈവത്തിനു തന്റെ ജീവനാൽ മനുഷ്യനെ നയിക്കുവാൻ കഴിയാതെ വന്നത്

1.പാപം ചെയ്തപ്പോൾ മനുഷ്യൻ ദൈവവുമായുള്ള ബന്ധത്തിൽ നിന്നും വേർപെട്ടു,തലയുമായുള്ള ജീവാത്മ ബന്ധം വിച്ഛേദിക്കപ്പെട്ടു

2. മനുഷ്യന്റെ ഉള്ളിലൊരു പാപഹൃദയം, ദൈവത്തോട് എതിർത്തു നിൽക്കുന്ന പൈശാചികമായ മത്സര സ്വഭാവം മനുഷ്യന്റെ ഉള്ളിൽ കടന്നു. ഇതിനെയാണ് ദൈവവചനം പഴയ മനുഷ്യൻ എന്ന് പരിചയപ്പെടുത്തുന്നത്.

ഈ പാപ സ്വഭാവം മനുഷ്യന്റെ ഉള്ളിൽ ഉള്ളത്തോളം കാലം അവന് ദൈവത്തെ ഉള്ളിൽ നിന്നും പൂർണമായി അനുസരിക്കുവാൻ കഴിയില്ല

അതുകൊണ്ടു തന്നെ ദൈവത്തെ പ്രസാദിപ്പിക്കു വാനോ ദൈവത്തിന്റെ കൽപ്പനയ്ക്ക് കീഴടങ്ങുവാനോ ഈ സ്വഭാവം കൊണ്ട് മനുഷ്യന് കഴികയില്ല, പുറമേ യുള്ള വിശുദ്ധികൊണ്ടും ഭക്തിയുടെ വേഷംകൊണ്ടും ഈ സ്വഭാവത്തെ എത്ര നന്നാക്കുവാൻ ശ്രമിച്ചാലും അതിനെ മറയ്ക്കുവാൻ ശ്രമിച്ചാലും കഴികയില്ല.

"ജഡത്തിന്റെ ചിന്ത ദൈവത്തോടുശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിന്നു കീഴ്പെടു ന്നില്ല, കീഴ്പെടുവാൻ കഴിയുന്നതുമല്ല. ജഡ സ്വഭാവമു ള്ളവർക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല." റോമർ 8:5-8.

പാപ സ്വഭാവം ഉള്ളിൽ ഉള്ള മനുഷ്യൻ ക്രിസ്തുവിന്റെ ജീവിതത്തെ അനുകരിക്കാൻ ശ്രമിക്കുന്നത് ഒരു തള ർവാത രോഗി, ഓട്ടക്കാരനെ പോലെ ഓടുവാൻ ശ്രമി ക്കുന്നത് പോലെ ആയിരിക്കും. അതിന്റെ ഫലം നിരാ ശയും ആത്മനിന്ദയും മാത്രമായിരിക്കും.

എന്നാൽ യേശുക്രിസ്തു ഈ ഭൂമിയിലേക്ക് തന്നെത്താൻ ശൂന്യനാക്കി വന്നത്, തന്നെത്താൻ താഴ്ത്തി ജീവിച്ചത്, ദൈവം ഉദ്ദേശിക്കുന്ന യഥാർത്ഥ താഴ്മയുള്ള ജീവിതം എന്താണ് എന്ന് കാണിച്ചു തരുവാനും , വാഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ ദൈവഭക്തിയുടെ വലിയ മർമ്മം തന്റെ ജീവിതത്തിൽ കൂടി വെളിപ്പെടു ത്തുവാനും മാത്രമായിരുന്നില്ല.

പകരം നമ്മിൽ നിന്നും പിശാചിന്റെ സ്വഭാവമായ മത്സര സ്വഭാവത്തെ നീക്കി നമ്മെ പാപത്തിന്റെ അടിമ ത്തത്തിൽ നിന്നും സ്വതന്ത്രൻ ആക്കുവാനും, നമ്മിൽ വസിച്ചു കൊണ്ട് ദൈവഭക്തിയുടെ മർമ്മം, യഥാർത്ഥ താഴ്മയുടെ ജീവിതം നമ്മിൽ കൂടി, മത്സരികളായ വാഴ്ച കളുടെയും അധികാരങ്ങളുടെയും മുൻപിൽ വെളി പ്പെടുത്തുവാനും ആയിരുന്നു.

യോഹന്നാൻ 8:34 അതിനു യേശു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. പുത്രൻ നിങ്ങ ൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും.

1 യോഹന്നാൻ 3:4 പാപം ചെയ്യുന്നവൻ എല്ലാം അധർമവും ചെയ്യുന്നു; പാപം അധർമം തന്നെ. പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു;

പാപ ഹൃദയത്തെ നന്നാക്കിയെടുക്കുകയോ, മെച്ചപ്പെടു ത്തുകയോ അല്ല, പകരം പാപ ഹൃദയത്തെ എന്നന്നേ ക്കുമായി നീക്കുകയും, പുതിയ ഹൃദയം തരികയും, പാപത്തിന്റെ മലിന ജലം വസിച്ചിരുന്ന ഇടത്ത് നിന്നും ജീവജല നദികൾ ഒഴുക്കുകയും ചെയ്യുക എന്നതാണ് ദൈവീക പദ്ധതി. ( യോഹന്നാൻ 7 :38 )

യേശുക്രിസ്തുവിന്റെ വിശുദ്ധജനനവും, ഈ ഭൂമിയിലെ പാപരഹിത പരിശുദ്ധജീവിതവും,മനുഷ്യവർഗ്ഗത്തിന്റെ പാപത്തെ ഏറ്റെടുക്കാവാനുള്ള പാപരഹിത നിഷ്ക്ക ളങ്ക യാഗമായി തീരേണ്ടതിനു തന്നെ യോഗ്യനാക്കുക യായിരുന്നു. ( എബ്രാ. 9:14 )

എന്നാൽ യേശുവിന്റെ പാപരഹിത ജനനവും, പരിശുദ്ധ ജീവിതവും, പാപികളായ മനുഷ്യരെ പാപത്തിൽ നിന്നും വിടുവിക്കുകയില്ല, അതിനു അവ ന്റെ നിഷ്കളങ്ക യാഗം ആവശ്യമായിരുന്നു

യോഹന്നാൻ 12:24 ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും

അതെ; ജീവനുള്ള ഗോതമ്പ് മണിയായി ഈ ഭൂമിയിൽ വന്ന കർത്താവ് നിലത്തു വീണു ചാവാതെ ഇരുന്നാൽ അവൻ തനിയെ ഇരിക്കും. എന്നാൽ കർത്താവ്, തന്റെ ജീവൻ അനേകർക്ക് മറുവിലയായി കൊടുത്തു. നിലത്തു വീണു മരിച്ചു, തന്റെ മരണത്താൽ നമ്മുടെ പാപസ്വഭാവത്തെ നീക്കുകയും, നമ്മിൽ തന്റെ ജീവനെ നൽകുകയും ചെയ്തു നമ്മെ മരണത്തിൽ നിന്നും ജീവിപ്പിക്കുകയും ചെയ്തു.

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തില് എങ്ങനെയാണ് അത് സംഭവിച്ചത് എന്ന് പൌലോസ് കൂടുതൽ വ്യക്തമാക്കുന്നു.

2 കൊരിന്ത്യർ 5: 21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്കു വേണ്ടി പാപം ആക്കി.

ഗലാത്യർ 3:13 "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ" എന്ന് എഴുതിയിരിക്കുന്നതു പോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കു വാങ്ങി

മരത്തിൻ മേൽ തൂക്കപ്പെടുക എന്നത് ഒരു മത്സരിക്കു ഉള്ള ശിക്ഷയായി ദൈവം ന്യായപ്രമാണത്തിൽ വിധിച്ചിട്ടുള്ള മരണം ആണ്. (ആവർത്തനം 21:20-22)

അതായത് ആദമിൽ കൂടി നമ്മുടെ എല്ലാം ജീവിതത്തിൽ കടന്ന മത്സര സ്വഭാവതാൽ നാം എല്ലാവരും ദൈവത്തിനു എതിരെ ശത്രുക്കളും, ന്യായപ്രമാണ ലങ്ഘികളും, ശപിക്കപ്പെട്ടവരും ആയിരുന്നു. അതിനാൽ തന്നെ മത്സരികൾക്കുള്ള മരണ ശിക്ഷക്ക് നാം അർഹരായിരുന്നു.

എന്നാൽ ക്രിസ്തു ന്യായപ്രമാണത്തിന് കീഴിൽ വന്നു, ന്യായപ്രമാണം പൂർണ്ണമായും നിവർത്തിച്ചു. ക്രൂശിൽ നമുക്ക് പകരം നമ്മുടെ പാപവും ന്യായപ്രമാണത്തിന്റെ ശാപവും ഏറ്റെടുത്തു. ക്രിസ്തു പാപമായും ശാപമായും തീർന്നു.

എന്താണ് ക്രൂശിൽ സംഭവിച്ചത്? ക്രൂശിൽ യേശുക്രിസ്തു മനുഷ്യന്റെ പാപസ്വഭാവം ഏറ്റെടുക്കുകയായിരുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യന്റെ പാപ ഹൃദയം, ദൈവത്തോട് എതിർത്തു നിൽക്കുന്ന മത്സര സ്വഭാവം, ദൈവം യേശു ക്രിസ്തുവിനോടൊപ്പം ക്രൂശിൽ തറച്ചു അവനിൽ വിശ്വസിക്കുന്ന ഒരുവനിൽ നിന്നും എന്നെന്നേക്കുമായി നീക്കിക്കളഞ്ഞു. (റോമർ 6 :3, കൊലൊസ്സ്യർ 2:12, 1 കൊരിന്ത്യർ 12:13, ഗലാത്യർ 3:27, ഗലാത്യർ 2:20, ഗലാത്യർ 5:1).

ദൈവവചനം നമ്മെ പഠിപ്പിക്കുന്ന സത്യം യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ആകുക മാത്രമായിരുന്നില്ല (റോമർ5:8), അതിലപ്പു റമായി നമ്മിലെ പാപത്തിന്റെ പ്രഭവകേന്ദ്രമായ ഹൃദ യത്തെ, പഴയമനുഷ്യനെ കർത്താവ് ക്രൂശിൽ തന്നോട് കൂടെ ക്രൂശിച്ചു എന്നും, പാപത്തിന്റെ അഗ്രചർമ്മത്തെ പരിച്ഛേദന ചെയ്തു എന്നും അതിനാൽ നമുക്ക് പുതിയ ഒരു ഹൃദയം തന്നു എന്നതും കൂടിയാണ്. (റോമർ 6:8).

ഈ ദൈവീകമായ ഹൃദയ മാറ്റ ശസ്ത്രക്രിയയിലൂടെ നമ്മെ പാപത്തിന്റെ അടിമത്വത്തിൽനിന്നും നമ്മെ എന്നെന്നേക്കുമായി സ്വതന്ത്രർ ആക്കുകയും, പാപം അധികാരംനടത്തിയിരുന്ന നമ്മിൽ ക്രിസ്തുവിനു തന്റെ പൂർണ്ണ അധികാരത്തിൽ വാഴുവാൻ അവസരം ഒരുക്കു കയും ചെയ്തു.. ( റോമൻ 6:6 ).

ശരീരം തലയിൽ നിന്നും ഒരിക്കലും വേർപെടുന്നില്ല, വേർപെടുന്ന നിമിഷം അവിടെ മരണം ഉണ്ടാകും, ക്രി സ്തു തലയായ പിതാവിൽ നിന്നും ഒരിക്കലും വേർപെ

ടാത്ത ജീവിതം ആണ് നയിച്ചത്, എന്നാൽ യേശു ക്രിസ്തുവി ന്റെ ക്രൂശിലെ മരണം , ഒരു തലയിൽ നിന്നും ശരീരം വേർപെടുന്നത് പോലെ വേദനാജനകം ആയി രുന്നു. എന്നാൽ ക്രൂശിലെ പിതാവുമായുള്ള വേർപാട് വഴി താൻ പിതാവായ ദൈവവുമായുള്ള ബന്ധത്തി ലേക്ക് നമ്മെ പുനഃസ്ഥപിക്കുകയും, നമ്മെ തന്റെ ശരീര മക്കുകയും , താൻ സഭയുടെ തലയാകു കയും ചെയ്തു. (മത്തായി 27:46, ഗലാ. 4:6, കൊലൊ. 1:18, എഫെസ്യർ 2:1).

ആദാമിന്റെ പാപത്തിൽ കൂടി മനുഷ്യവർഗ്ഗത്തിലേക്കു പകരപ്പെട്ട മരണത്തെ യേശുക്രിസ്തു ക്രൂശിൽ ഏറ്റെ ടുത്തു മരിച്ചു പകരം തന്റെ ജീവൻ അവനിൽ വിശ്വ സിക്കുന്നവരുടെ ഉള്ളിൽ നൽകി അവരെ മരണ ത്തിൽ നിന്നും ഉയിര്തെഴുനെല്പിച്ചു, തലയുമായുള്ള ജീവാത്മബന്ധം പുനഃസ്ഥാപിക്കപ്പെട്ടു. (കൊലൊസ്യർ 3:1, എഫെസ്യർ 2:1).

ക്രൂശിലെ തന്റെ മരണത്തിലൂടെ ക്രിസ്തു പിശാചി നെയും, വാഴ്ചകളെയും അധികാരങ്ങളെയും, പരാജയ പ്പെടുത്തി ആയുധവർഗ്ഗം വെപ്പിച്ചു. മനുഷ്യനെ പാപ ത്തിൽ നിന്നും, മരണ ഭീതിയിൽ നിന്നും സ്വതന്ത്രൻ ആക്കി. മാത്രമല്ല യേശുക്രിസ്തു മരിച്ചവരിൽ നിന്നും ആദ്യഫലമായി ഉയിർത്തെഴുന്നേറ്റു സഭയുടെ തല യായി, മൂലക്കല്ലായിത്തീർന്നു.( കൊലൊ. 2:15, കൊലൊ. 1:18, എഫെസ്യർ 2:1)

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ ദൈവം അതിപ്രധാനമായി ഉദ്ദേശിച്ചത് കുറെ ആളുകളെ നരകത്തിൽ നിന്നും രക്ഷിച്ചു സ്വർഗ്ഗത്തിലേക്ക് കൊണ്ടു പോകുക എന്നതായിരുന്നില്ല, ദൈവിക പദ്ധതി വ്യക്തിപരമായി നമ്മെ വീണ്ടെടുക്കുകയും വീണ്ടും ജനിപ്പിക്കുകയും ചെയ്യുകയും നമ്മെ വിശുദ്ധ രായി ഈ ഭൂമിയിൽ നിർത്തുക എന്നതിലും ഒതുങ്ങുന്ന തല്ല പകരം, ദൈവത്തിന്റെ ആത്യന്തികമായ പദ്ധതി

ദൈവസഭ എന്ന തന്റെ ശരീരത്തെ; തലയായ ക്രിസ്തുവിനു പരിപൂർണ്ണമായും കീഴ്പ്പെടുന്ന ശരീരമായ സഭയെ ഉളവാക്കുക എന്നതായിരുന്നു. അതിലൂടെയാണ് ദൈവം വാഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ തന്റെ നിത്യപദ്ധതിയെ വെളിപ്പെടുത്തുന്നത്. അതിനെ പറ്റി അടുത്ത അധ്യായങ്ങളിൽ ചിന്തിക്കാം.

==========================================

## അധ്യായം 5

## ദൈവസഭ എന്ന ശരീരവും ക്രൂശിന്റെ വചനവും

==========================================

ക്രൂശിൽ നടന്ന ദൈവീക കൈമാറ്റത്തെ (Divine Exchange )കുറിച്ചാണ് നാം കഴിഞ്ഞ അധ്യായത്തിൽ ചിന്തി ച്ചത്

എന്താണ് ഈ ദൈവീക കൈമാറ്റം? ക്രൂശിലെ മരണ ത്താൽ, ക്രിസ്തു തന്റെ ദിവ്യ സ്വഭാവവുമായി നമ്മുടെ പാപസ്വഭാവം കൈമാറ്റം ചെയ്യുകയും നമ്മെ ദൈവ വുമായി നിരപ്പിക്കുകയും ചെയ്തു ( റോമർ 5:10; 1 കൊരി ന്ത്യർ 1:30; കൊലോസ്യർ 1: 21-22; 1പത്രോസ് 2:24; 1 യോഹന്നാൻ 5: 11-12).

അങ്ങനെ തന്റെ പുത്രന്റെ യാഗത്താൽ ദൈവം നമ്മുടെ ആദാമ്യ പാപസ്വഭാവത്തിൽ നിന്ന് ക്രിസ്തുവിന്റെ ദിവ്യ സ്വഭാവത്തിലേക്ക് മാറ്റിസ്ഥാപിച്ചു (2 പത്രോസ് 1: 4). അതിനാൽ, യേശുവിനെ നമ്മുടെ കർത്താവായി സ്വീകരിക്കുകയും, ദൈവത്തിന്റെ ആത്മാവിനാൽ വീണ്ടും ജനിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പാപ സ്വഭാവം ക്രൂശിക്കപ്പെടുകയും നീക്കം ചെയ്യപ്പെടു കയും ചെയ്യുന്നു (റോമർ 6: 6; കൊലോസ്യർ 2:11) നാം ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു (2 കൊരിന്ത്യർ 5:17; ഗലാത്യർ 6:15). ദൈവപുത്രൻ ഇപ്പോൾ നമ്മിൽ വസിക്കുന്നു (റോമർ 8:10; 2 കൊരിന്ത്യർ 12: 9; 13: 5; ഗലാത്യർ 1:16; 2:20; കൊലോസ്യർ 1:27).

ദൈവദാസനായ വാച്ച്മാൻ നീ പറഞ്ഞത് പോലെ , ക്രിസ്തീയ ജീവിതം ഒരു വ്യത്യസം വന്ന ജീവിതമല്ല; ഇത് കൈമാറ്റം ചെയ്യപ്പെട്ട ജീവിതമാണ് (Christian life isn't a changed life; it's an exchanged life) .ഇത് തമ്മിൽ വലിയ വ്യത്യാസമുണ്ട്.

ഒരു പഴയ കാറ് കേടായാൽ അതിന്റെ ചില ഭാഗങ്ങൾ മാറുവാനോ, ശരിയാക്കുവാനോ കഴിയും, ഇത് വീണ്ടും കേടായാൽ, കൂടുതൽ ഭാഗങ്ങൾ മാറ്റിക്കൊണ്ടിരിക്കും, എന്നാൽ അത് പൂർണ്ണമായും നന്നാക്കുവാൻ കഴിയാത്ത വിധം മോശമാണ് എന്ന് ഉറപ്പായാൽ നാം അതിനെ ഉപേക്ഷിക്കും. എന്നാൽ ഒരാൾ അത് സ്വീകരിച്ചു തന്റെ പുതിയ കാറുമായി കൈമാറ്റം ചെയ്യാം എന്ന് പറഞ്ഞാൽ നാം അത് സന്തോഷത്തോടെ സ്വീകരിക്കും

ക്രൂശിൽ ദൈവം ചെയ്ത ദൈവീക കൈമാറ്റം ഇതുപോലെയാണ് . നമ്മുടെ പഴയ മനുഷ്യനെ നന്നാക്കാൻ കഴിയാത്തതാണ് എന്നും നമ്മുടെ പാപസ്വഭാവം മെച്ചപ്പെടുത്താൻ, കഴിയില്ലെന്നും ദൈവത്തിനറിയാമായിരുന്നു. അതിനാൽ ദൈവം നമ്മുടെ പഴയ പാപസ്വഭാവത്തെ പൂർണ്ണമായും എടുത്തു മാറ്റി ക്രിസ്തുവിന്റെ ദിവ്യസ്വഭാവനുമായി കൈമാറ്റം ചെയ്തു.

'പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്ക് വേണ്ടി പാപം ആക്കി' (2 കൊരിന്ത്യർ 5:21)

"ഒരുവൻ ക്രിസ്തുവിനോട് ഏകീഭവിച്ചാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത് പോകുകയും പുതിയതു വരികയും ചെയ്തിരിക്കുന്നു. (2 കൊരിന്ത്യർ 5:17).

ദൈവീക കൈമാറ്റം ക്രിസ്തുവിലേക്കുള്ള ഒരു ആത്മീയമായ ഒട്ടിച്ചുചേർക്കൽ ആണ്. ഒരിക്കൽ നാം കാട്ടൊലിവിന്റെ കൊമ്പുകൾ ആയിരുന്നു , എന്നാൽ ഇപ്പോൾ നാം ക്രിസ്തുവിലേക്ക്. ദൈവത്തിന്റെ വിശുദ്ധ വേരിലേക്കു ഒട്ടിച്ചു ചേർക്കപ്പെട്ടു. ( റോമർ 11: 16-21). യേശു പറഞ്ഞു, ". 5ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല. (യോഹന്നാൻ 15: 5).

ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും നാം ഐക്യപ്പെട്ട് ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ ശക്തിയിൽ നാം വസിക്കുന്നുവെങ്കിൽ, അവന്റെ പുനരുത്ഥാന ജീവിതത്തിന്റെ ശക്തി തീർച്ചയായും നമ്മിൽ വസിക്കുകായും ഫലം കായിക്കുകയും ചെയ്യും. (ഗലാത്യർ 2:20), (റോമർ 7: 4).

ചൈനയുടെ മിഷനറിയായ ഹഡ്സൺ ടെയ്ലർ ഈ ദൈവീക കൈമാറ്റത്തെക്കുറിച്ച് എഴുതി, "ഞാൻ ഒരു ശാഖയാണെന്ന് കർത്താവായ യേശു എന്നോടു പറയുന്നു. ഞാൻ അവന്റെ ഭാഗമാണ്, അതിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും വേണം. ബൈബിളിൽ ഞാൻ ഇത് വളരെക്കാലം കണ്ടിട്ടുണ്ടായിരുന്നു, പക്ഷേ ഇപ്പോൾ അത് ഒരു ജീവനുള്ള യാഥാർത്ഥ്യമായി ഞാൻ വിശ്വസിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, 'ഒരിക്കൽ ഞാൻ അന്ധനായിരുന്നപ്പോൾ, ഇപ്പോൾ ഞാൻ കാണുന്നു.' ഞാൻ മരിച്ചു ക്രിസ്തുവിനോടൊപ്പം അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു ; ഇപ്പോൾ ക്രിസ്തു എന്നിൽ വസിക്കുന്നു. ഞാൻ പാപത്തിന് മരിച്ചുവെന്ന് ഞാൻ ഇപ്പോൾ വിശ്വസിക്കുന്നു. ദൈവം എന്നെ അങ്ങനെ കണക്കാക്കുന്നു,എന്നെത്തന്നെ കണക്കാക്കാൻ പറയുന്നു. ക്രിസ്തുവിൽ നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്ത് നിങ്ങൾ അറിയുകയും ആസ്വദിക്കുകയും ചെയ്യുന്നതിനായി നിങ്ങളുടെ ആത്മീക കണ്ണുകൾ തുറക്കപ്പെടുവാൻ ഞാൻ പ്രാർത്ഥിക്കുന്നു."

ഈ ദൈവീക കൈമാറ്റം ഒരു ആത്മീയ ഹൃദയ മാറ്റ ശസ്ത്രക്രിയ പോലെയാണ്. യേശു ക്രൂശിൽ മരിച്ചപ്പോൾ, ദൈവം നമ്മുടെ പാപഹൃദയത്തെ തന്റെ പുത്രന്റെ ദിവ്യഹൃദയവുമായി കൈമാറി, പാപത്തിന്റെ ശക്തിയിൽ നിന്നും നമ്മെ വിടുവിച്ചു. അതിനാൽ ദൈവീക ഹൃദയമാറ്റം സ്വീകരിക്കുമ്പോൾ നാം ഒരു പുതിയ സൃഷ്ടി ആയിത്തീരുന്നു. ഈ ദൈവീക ശസ്ത്ര

ക്രിയയെയാണ് ബൈബിൾ ഹൃദയ പരിശ്ച്ഛേദന എന്ന് പറയുന്നത്.

"നിങ്ങൾ ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ നിങ്ങളുടെ ജന്മനാലുള്ള പാപസ്വഭാവത്തെ നീക്കംചെയ്യുന്ന ഒരു ആത്മികപരിച്ഛേദനം നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. ഇത് ഒരു ശാരീരിക പ്രക്രിയ അല്ല. നിങ്ങൾ ക്രിസ്തുവിനോടുകൂടെ സംസ്കരിക്കപ്പെടുകയും ക്രിസ്തുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ച ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാസത്താൽ, ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെടുകയും ചെയ്തു (കൊലോസ്യർ 2: 11-13). "

പുതിയ ഉടമ്പടിയുടെ കീഴിൽ ക്രിസ്തുവിൽ കൂടി ദൈവം മനുഷ്യന്റെ ഉള്ളിൽ ചെയ്യുന്ന ഈ ഹൃദയ മാറ്റ ശസ്ത്രക്രിയയെ കുറിച്ചാണ്, ഹൃദയത്തിന്റെ പരിശ്ച്ഛേദനയാൽ പാപശരീരം, കല്ലായുള്ള ഹൃദയം മുറിച്ചു മാറ്റപ്പെടുന്നതിനപ്പറ്റി,പഴയ മനുഷ്യൻ ക്രൂശിക്കപ്പെടുന്നതിനെപറ്റിയാണ് പഴയനിയമ പ്രവാചകന്മാർ തുടർച്ചയായി പ്രവചിച്ചത്.

യെഹെ 36:26-27ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

യിരമ്യാവ് 31:33 എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്‍വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും;

എന്നാൽ ദൈവത്തിന്റെ ആത്യന്തിക പദ്ധതി, നമ്മുടെ പാപസ്വഭാവത്തെ നീക്കി , തന്റെ ദിവ്യ സ്വഭാവവുമായി കൈമാറ്റം ചെയ്യുകയും,നമ്മിൽ വസിക്കുകയും മാത്ര

മായിരുന്നില്ല, മറിച്ചു ക്രിസ്തു തലയായ ഒരു ശരീരത്തിന്റെ ഭാഗമാക്കുകയും ക്രിസ്തുവിനു പരിപൂർണ്ണമായും കീഴ്പ്പെടുന്ന ശരീരമായ സഭയെ ഒരുക്കുകയും ചെയ്യുക എന്നതായിരുന്നു. അതിലൂടെയാണ് ദൈവത്തിനു വാഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ തന്റെ നിത്യപദ്ധതിയെ വെളിപ്പെടുത്തുവാൻ കഴിയുന്നത്. (എഫെ. 3:10)

## ഏകാത്മാവിനാൽ ഒന്നായിത്തീർന്ന ഏക ശരീരം

ഒരുവൻ തന്റെ ഉള്ളിലെ പാപാവസ്ഥ കണ്ടു മാനസാന്തരപ്പെട്ട് കർത്താവിൽ വിശ്വസിക്കുമ്പോൾ, അവന്റെ പാപഹൃദയം നീക്കപ്പെടുന്നു. അതോടു കൂടി ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവനിലേക്ക് വന്ന് അവനെ മുദ്ര ഇടുകയും, അവൻ പരിശുദ്ധാത്മാവിനാൽ സ്നാനം ഏറ്റു പരിശുദ്ധാത്മാവിനെ പാനം ചെയ്ത് ഒരു ശരീരത്തിന്റെ ഭാഗമായിത്തീരുന്നു.

"ശരീരം ഒന്നാണെങ്കിലും അതിന് പല അവയവങ്ങളുണ്ടല്ലോ. അവയവങ്ങൾ പലതായിരിക്കുമ്പോൾത്തന്നെ അവയെല്ലാം ചേർന്ന് ശരീരം ഒന്നായിരിക്കുന്നു. അതുപോലെതന്നെയാണ് ക്രിസ്തുവും. യെഹൂദനെന്നോ വിജാതീയനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ ഉള്ള ഭേദംകൂടാതെ,നാമെല്ലാവരും ആത്മസ്നാപനം മൂലം ഏകശരീരമാക്കപ്പെട്ടിരിക്കുന്നു; നമുക്കു പാനം ചെയ്യുന്നതിന് ഒരേ ആത്മാവിനെ നല്കുകയും ചെയ്തിരിക്കുന്നു.."-1 കൊരിന്ത്യർ 12:12, 13

യേശുക്രിസ്തുവിനെ പാനം ചെയ്ത് സ്വീകരിച്ചപ്പോൾ വ്യക്തിപരമായി നാം കർത്താവ് വസിക്കുന്ന ശരീരം ആയിത്തീർന്നു.

എന്നാൽ അതെ സമയം തന്നെ നാം യേശുക്രിസ്തുവിന്റെ ഏകീകൃതമായ ശരീരമാകുന്ന ദൈവസഭയിലേക്ക്

ആത്മാവിനാൽ സ്നാപനം ചെയ്തു കൂട്ടിച്ചേർക്കപ്പെട്ടതിനാൽ ഓരോ അവയവവും ആയിത്തീർന്നു.

"എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു."-1 കൊരിന്ത്യർ 12:27

ശരീരമായ ദൈവസഭയിൽ നാം ചിലപ്പോൾ ഒരു കൈ മാത്രമായിരിക്കാം, അല്ലെങ്കിൽ ഒരു കാൽ മാത്രമായിരിക്കാം, ഒരുപക്ഷേ നാം ഒരു കണ്ണ് മാത്രമായിരിക്കാം "ശരീരം ഒരു അവയവമല്ല പലതത്രേ."-1 കൊരിന്ത്യർ 12:14

ഏകീകൃതമായ ശരീരമായ ദൈവസഭയിൽ നാം വെവ്വേറെയായി ശരീരങ്ങളല്ല ,മറിച്ച് വെവ്വേറെയായി അവയവങ്ങൾ മാത്രമാണ്. ഒരു അവയവത്തെ ഒരു ശരീരത്തിന്റെ ഭാഗമാക്കി തീർക്കുന്ന, അന്യനോന്യം ബന്ധപ്പെടുത്തുന്ന ഘടകം ജീവൻ അഥവാ രക്തം ആണ്.

റോമ. 12: 4 "ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങളുണ്ടല്ലോ; ഓരോ അവയവത്തിനും ഓരോ ധർമമാണുള്ളത്. അതുപോലെ പലരായ നാം ക്രിസ്തുവിനോട് ഏകീഭവിച്ച് ഏകശരീരമായിത്തീർന്നിരിക്കുന്നു. നാം ഒരേ ശരീരത്തിന്റെ പല അവയവങ്ങളെന്നവണ്ണം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു"

ഉദാഹരണത്തിന് ഒരു കൈ ഒരു ശരീരത്തിന്റെ ഭാഗമായിത്തീരുന്നതിന് കാരണം ശരീരത്തിൽ ഉള്ള അതേ രക്തം അഥവാ ജീവൻ ആ കയ്യിലും വ്യാപരിക്കുന്നതിനാൽ മാത്രമാണ്. സഭ എന്ന ശരീരത്തിലൂടെ ഒഴുകുന്നത് യേശുക്രിസ്തുവിന്റെ രക്തം അഥവാ ജീവൻ ആകയാൽ ആ രക്തം ഒഴുകപ്പെടുന്ന അവയവങ്ങൾ മാത്രമാണ് ദൈവസഭയുടെ ഭാഗമാകുന്നത്.

ഒരു കൃത്രിമ കൈക്ക് യഥാർത്ഥ കൈയുടെ എല്ലാ പ്രവർത്തികളും അനുകരിക്കുവാൻ കഴിയും എങ്കിലും

ആ കൈ ശരീരത്തിന് ഭാഗമല്ല കാരണം ആ കൈയിൽ ശരീരത്തിന്റെ ജീവനില്ല. അതുപോലെ വീണ്ടും ജനിക്കാത്ത, കർത്താവിന്റെ ജീവൻ ഉള്ളിൽ ഇല്ലാത്ത ഒരുവൻ ദൈവസഭ എന്ന ശരീരത്തിന്റെ ഭാഗമല്ല. അവ യവങ്ങളുടെ പ്രവർത്തനം അത് അനുകരിച്ചാലും ജീവനില്ലെങ്കിൽ അത് ശരീരത്തിന്റെ ഭാഗം അല്ലാത്ത കൃത്രിമ അവയവം ആയി രിക്കും

ശരീരത്തിന്റെ ഭാഗമല്ലാത്ത കൃത്രിമ കൈ എവിടെയെ ങ്കിലും ഊരി വെച്ചാൽ ഒരുപക്ഷേ അത് ആ വ്യക്തി എടുക്കാൻ മറന്നു എന്ന് വരാം, അതിൽ ആരെങ്കിലും ചവിട്ടിയാൽ ശരീരത്തിന് യാതൊരു തരത്തിലും വേദ നിക്കുകയും ഇല്ല കാരണം അത് ശരീരത്തിന്റെ ഭാഗമേ അല്ല. അതിനു കാരണം ആ കൈയ്യിൽ ജീവനില്ല എന്നതാണ്

"യേശു അവരോടു പറഞ്ഞത്: “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല."-യോഹന്നാൻ 6:53

## വ്യക്തിഗത വിശ്വാസികളും, ഏകോപിത ശരീരവും, ക്രൂശിന്റെ രണ്ടു വിധ പ്രവർത്തനങ്ങളും

വീണ്ടും ജനിച്ച ദൈവമക്കളെയും വീണ്ടും ജനിച്ച ദൈവമക്കളുടെ കൂട്ടമായ ദൈവസഭയും തമ്മിൽ വേർതിരിച്ച് പല ഉദാഹരണങ്ങൾ വഴിയും ദൈവവചനം വെളിപ്പെടുത്തുന്നു

വീണ്ടും ജനിച്ച ദൈവ മകൻ യേശുക്രിസ്തുവിൽ നിന്നും ജീവൻ പ്രാപിച്ച ഗോതമ്പുമണിയാണ് എന്നാൽ ദൈവ സഭ അങ്ങനെയുള്ള ജീവനുള്ള ഗോതമ്പു മണികൾ പൊടിഞ്ഞു ചേർന്ന് ഒന്നായതീർന്ന ഒരു അപ്പം ആണ് (1 കൊരിന്ത്യർ 10:17)

വീണ്ടും ജനിച്ച ദൈവമക്കൾ ജീവനുള്ള മൂലക്കല്ലായ യേശുക്രിസ്തുവിൽ നിന്നും ജീവൻ പ്രാപിച്ച ജീവനുള്ള കല്ലുകളാണ് എന്നാൽ ദൈവസഭ അങ്ങനെയുള്ള ജീവനുള്ള കല്ലുകൾ ചേർന്ന് പണിയപ്പെട്ട ജീവനുള്ള വിശുദ്ധമന്ദിരം ആണ് (1പത്രോസ് 2:5,1തിമോത്തിയോസ് 4:16)

വീണ്ടും ജനിച്ച ദൈവമക്കൾ കർത്താവിന്റെ രക്തം അഥവാ ജീവൻ പാനം ചെയ്തു വഴി ജീവനുള്ള ശരീരത്തിന്റെ ഒരു അവയവമാണ് എന്നാൽ ദൈവസഭ അങ്ങനെയുള്ള ജീവനുള്ള അവയവങ്ങൾ ചേർന്ന് പ്രവർത്തിക്കുന്ന ജീവനുള്ള ശരീരം ആണ് (1കൊരിന്ത്യർ 12:12)

എന്നാൽ ഒരു ഗോതമ്പ് മണി അപ്പമായി തീരുന്നതിനും ഒരു കല്ല് മന്ദിരം ആയി തീരുന്നതിനും ഒരു അവയവം തലയാൽ നിയന്ത്രിക്കപ്പെടുന്ന ശരീരമായി പ്രവർത്തിക്കുന്നതിനും ഒരു പ്രക്രിയയിലൂടെ കടന്നുപോകേണ്ടതുണ്ട്. ഗോതമ്പുമണി പൊടിഞ്ഞ അതിന്റെ സ്വത്വം അഥവാ തനിമ നഷ്ടപ്പെടാതെ  അതിന് അപ്പം ആകാൻ കഴിയില്ല അതിന് തന്റെ തനിമ നിലനിർത്തണം എങ്കിൽ അതിന് ഒരു ഗോതമ്പുമണി ആയി തന്നെ നിൽക്കേണ്ടിവരും എന്നാൽ പൊടിഞ്ഞ അപ്പമായി തീർന്നാൽ അതിനെ പിന്നീട് തിരിച്ചറിയാൻ പോലും കഴിയില്ല എന്നാൽ അപ്പോൾ മാത്രമേ മറ്റുള്ളവർക്ക് രുചിക്കുവാൻ കഴിയുകയുള്ളൂ

ഒരു കല്ല് ഒരു മന്ദിരത്തിന് ഭാഗം ആകണമെങ്കിൽ പലതരത്തിലുള്ള മുറിക്കലും പോടിക്കലും പണിയലും അതിൽ നടക്കേണ്ടി വരും അതിനെയും സ്വയ തനിമ നഷ്ടപ്പെടും അങ്ങനെയെങ്കിൽ മാത്രമേ അതിന് ഒരു മന്ദിരത്തിന്റെ ഭാഗമാകാൻ കഴിയുകയുള്ളൂ. ഇല്ലായെങ്കിൽ അത് മുഴച്ചു നിൽക്കുന്ന, പണിയപ്പെടാത്ത ഒരു കല്ലായി നിലനിൽക്കും.

ഒരു അവയവം തലയാൽ നിയന്ത്രിക്കപ്പെടുന്ന ശരീരത്തിന്റെ ഭാഗമായി പ്രവർത്തിക്കണമെങ്കിൽ അതിന്റെ

സ്വന്തമായ തനിമ നഷ്ടപ്പെടുത്തേണ്ടി വരും സ്വയമായി പ്രവർത്തിക്കുന്ന അവയവം ശരീരത്തിന് ഒരു ശല്യ മാണ്, അത് ഒരു തരത്തിലുള്ള രോഗവും ആണ്.

ചുരുക്കത്തിൽ യേശുക്രിസ്തുവിന്റെ ക്രൂശിലെ പൂർത്തീ കരിക്കപ്പെട്ട പ്രവർത്തിയിൽ കൂടി നമ്മുടെ മത്സര സ്വഭാവം നീക്കപ്പെട്ടു കർത്താവിന്റെ ജീവൻ നമ്മുടെ ഉള്ളിൽ പ്രാപിച്ചു വീണ്ടും ജനിച്ചു ഒരു ശരീരത്തിന്റെ അവയവം ആയി തീർന്നു. എങ്കിലും, ഒരു ദൈവ സഭയായി നാം പണിയപ്പെടെണം എങ്കിൽ, കുരിശിന്റെ രണ്ടാമത്തെയും തുടർച്ചയായുള്ള പ്രവർത്തി നമ്മിൽ അനുദിനം നടക്കേണ്ടതുണ്ട്. ഇതിനെയാണ് ദൈവ വചനത്തിൽ തന്നെത്താൻ ത്വജിച്ച് ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുക എന്ന് പറയുന്നത്

ക്രൂശിലെ പൂർത്തീകരിക്കപ്പെട്ട പ്രവർത്തിയിൽ കൂടി നമ്മുടെ പഴയ മനുഷ്യൻ അഥവാ മത്സര സ്വഭാവം നീക്കപ്പെട്ടു എങ്കിലും അനുദിനം ക്രൂശ് എടുത്ത് നാം കർത്താവിനെ അനുഗമിക്കുമ്പോൾ നമ്മുടെ ജഡം ക്രൂശിക്കപ്പെട്ടു കൊണ്ടിരിക്കുന്നു

അതിനാലാണ് രക്ഷിപ്പെട്ടവരോട് മനസ്സ് പുതുക്കി രൂപന്തരപ്പെടുവാൻ, ഉയരത്തിലുള്ളത് ചിന്തിക്കുവാൻ, ശരീരങ്ങളെ യാഗമായി സമർപ്പിക്കുവാൻ, ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശിക്കുവാൻ, ആത്മാവിനാൽ ജഡത്തിന്റെ പ്രവർത്തികളെ മരിപ്പി ക്കുവാൻ, ക്രൂശു എടുത്തു കൊണ്ട് കർത്താവിനെ അനു ഗമിക്കുവാൻ ഒക്കെ ദൈവവചനം നമ്മെ അനുശാസി ക്കുന്നത്.(മത്തായി 16:24,ഗലാത്യർ5:24 റോമർ 12:2, കൊ ലൊസ്സ്യർ 3:3)

പഴയ മനുഷ്യൻ എന്നത് നമ്മിൽ ഉണ്ടായിരുന്ന പാപ ത്തിന്റെ ഉറവയാണ്, നാം പഴയ മനുഷ്യനെ വീണ്ടും ക്രൂശിക്കേണ്ടതില്ല; കാരണം അതിനു നമുക്ക് കഴിയു കയില്ല, അവൻ യേശു ക്രിസ്തുവിനോട് കൂടെ ക്രൂശിക്ക

പ്പെട്ടു, മാറ്റപ്പെട്ടു, നമുക്ക് ഒരു പുതിയ ഹൃദയം നൽകപ്പെട്ടു, ആ പുതിയ ഹൃദയത്തിൽ ക്രിസ്തു വസിക്കുന്നു ഈ സത്യം നാം ഹൃദയപൂർവ്വം വിശ്വസിക്കേണം (റോമർ 6:4, കൊലൊസ്സ്യർ1:27)

എന്നാൽ ജഡം എന്നത് ആ പഴയ മനുഷ്യനാൽ മലിനമായ ദേഹിയാണ് (ചിന്തകൾ,വികാരങ്ങൾ,വിചാരങ്ങൾ) പഴയ ഹൃദയം മാറ്റപ്പെട്ടത്തിനു ശേഷവും ജഡം, നമ്മിൽ നില നിൽക്കുന്നു, അതിനാൽ ആ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ അനുദിനം ക്രൂശിക്കണം. മനസ്സ് പുതുക്കി രൂപന്തരപ്പെടെണം, ഉയരത്തിലുള്ളത് ചിന്തിക്കണം (ഗലാത്യർ5:24 റോമർ 12:2, കൊലൊസ്സ്യർ 3:3)

അതിനെയാണ് ക്രൂശു എടുത്തു അനുദിനം കർത്താവിനെ അനുഗമിക്കുക എന്നു ദൈവവചനം പറയുന്നത്. അങ്ങനെ നമ്മുടെ ജഡം ക്രൂശിക്കപ്പെടു മ്പോൾ മാത്രമേ നാം ദൈവസഭ എന്ന അപ്പത്തിന്റെ ഭാഗമായിതീരുകയും, വിശുദ്ധ മന്ദിരമായി പണിപ്പെടുകയും, ശരീരമായി പ്രവർത്തിക്കുകയും ചെയ്യുകയുള്ളൂ. (മത്തായി 16:24, 2കൊരിന്ത്യർ 3:18)

ചുരുക്കത്തിൽ ക്രൂശിനെ തുടർച്ചയായ പ്രവർത്തി നമ്മുടെ ജീവിതത്തിൽ നടക്കുന്നില്ല എങ്കിൽ നാം പൊടിഞ്ഞു തീരാത്ത ഗോതമ്പു മണിയായി ഒരു അപ്പത്തിലും പണിയപ്പെടാത്ത കല്ലായി ഒരു മന്ദിരത്തിലും തലയാൽ നിയന്ത്രിക്കപ്പെടാത്ത അവയവമായി ശരീരത്തിലും നിലനിൽക്കും

ദൈവസഭയിലെ ഓരോ വ്യക്തികളും അറിഞ്ഞോ അറിയാതെയോ ദൈവസഭയെ പണിയുന്നവരോ അല്ലെങ്കിൽ പണിയെ തടസ്സപ്പെടുത്തുന്നരോ ആണ്. ക്രൂശു എടുത്തു കൊണ്ട് ഒരു വ്യക്തി കർത്താവിനെ പിഗമിക്കുംപോൾ അവൻ പൊടിഞ്ഞു ചേർന്ന് ദൈവസഭ എന്ന മന്ദിരത്തിന്റെ പണിയിൽ പങ്കുകാർ ആകുക

യാണ്. നാം ജഡത്തെത്തിനെ അനുസരിച്ച് നടക്കുമ്പോൾ പൊടിയാത്ത കല്ലായി നാം ദൈവസഭയുടെ പണിയെ തടസ്സപ്പെടുത്തുകയാണ്.

## ദൈവസഭയെയുടെ പണിയുടെ തടസ്സമായ രണ്ടു കൂട്ടർ അഥവാ ക്രൂശിന്റെ ശത്രുക്കൾ

ദൈവസഭയുടെ പണി കർത്താവാണ് ചെയ്യുന്നത്, പിശാചിനോ പാതാള ഗോപുരങ്ങൾക്കോ അതിനെ ജയിക്കാൻ കഴിയില്ല അതിനാൽ തന്നെ പുറമെ നിന്നും ഒരു വ്യക്തികൾക്കും ദൈവസഭയെ നശിപ്പിക്കാൻ കഴിയില്ല . ആദിമ നൂറ്റാണ്ടുകളിൽ അതിശക്തമായ പീഡനങ്ങൾക്കു മുൻപിൽ സഭ നിലനിന്നതിനു കാരണമതാണ്

എന്നാൽ യഥാർത്ഥത്തിൽ ദൈവസഭയുടെ മുൻപോട്ടുള്ള പണിയേ തടസ്സപ്പെടുത്തുവർ ദൈവസഭകൾക്കു അകത്തുള്ളവരാണ് അവരാണ് യഥാർത്ഥ പ്രശ്നക്കാർ . ഇക്കൂട്ടർ രണ്ടു തരത്തിൽ ഉണ്ട്.

### പ്രാകൃതർ

ആദ്യത്തെ കൂട്ടർ യഥാർത്ഥമായി വീണ്ടും ജനിച്ചിട്ടില്ലാത്തവരാണ്. അങ്ങനെയുള്ളവരെ 'പ്രാകൃതർ, അഥവാ സ്വാഭാവിക മനുഷ്യൻ' എന്നാണ് ദൈവവചനം പരിചയപ്പെടുത്തുന്നത്.

1 കൊരി. 2: 14 ദൈവാത്മാവു ലഭിച്ചിട്ടില്ലാത്ത സ്വാഭാവിക മനുഷ്യന് ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുക സാധ്യമല്ല. അങ്ങനെയുള്ളവൻ യഥാർഥത്തിൽ അവ ഗ്രഹിക്കുന്നില്ല; അവനെ സംബന്ധിച്ചിടത്തോളം അവ ഭോഷത്തങ്ങളാകുന്നു

ഇവർ പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടിട്ടില്ലത്തവരാണ്. തന്നെത്താൻ ഉയർത്തുന്ന മത്സരസ്വഭാവികൾ. അങ്ങനെയുള്ളവർ ദൈവസഭയുടെ ഭാഗമല്ല. മുൻപ് പറ

ഞ്ഞത് പോലെ ജീവനില്ലാത്ത കൃത്രിമ അവയവം മാത്രം ആണവർ.

ഇങ്ങനെയുള്ളവർ വീണ്ടും ജനിക്കാത്തതിന് കാരണം ഇവർ യഥാർത്ഥമായി മനസാന്തരപ്പെട്ടിട്ടില്ലെന്നതാണ്. ചിലപ്പോൾ ചില പാപപ്രവർത്തികളെക്കുറിച്ചു, അവർ അനുതപിച്ചിരിക്കാം, എന്നാൽ തങ്ങളിലെ മത്സര സ്വഭാ വത്തെക്കുറിച്ചു, പാപസ്വഭാവത്തെക്കുറിച്ചു ഒരിക്കൽ പോലും ഇവർ മനസാന്തരപ്പെട്ടിട്ടുണ്ടാകില്ല. അതിനാൽ തന്നെ അവർ രക്ഷിക്കപ്പെട്ടവരല്ല.

ആദ്യ അധ്യായങ്ങളിൽ ചിന്തിച്ചത് പോലെ, മത്സരം എന്നത് വേരായ മനോഭാവവും പാപങ്ങൾ എന്നത് വേരായ മത്സര മനോഭാവത്തിന്റെ ഫലങ്ങളുമാണ്, ഫല ങ്ങൾ വ്യത്യസ്ഥ നിലകളിൽ പാപങ്ങളായി വെളിപ്പെട്ടു കൊണ്ടിരിക്കും. അതു കൊണ്ട് മനോഭാവം മാറാതെ പ്രവൃത്തികൾ മാറ്റുന്നതു കൊണ്ട് കാര്യമില്ല.

പൗലോസ് മനസാന്തരപ്പെട്ടപ്പോൾ തന്റെ ചില പാപപ്രവ ർത്തികളെകുറിച്ചല്ല മനസാന്തരപ്പെട്ടതു, കാരണം താൻ ന്യായപ്രമാണപ്രകാരം പുറമെ അനിന്ദ്യൻ ആയിരുന്നു (ഫിലി. 3:6 ). എന്നാൽ തന്റെ ഉള്ളിൽ വസിക്കുന്ന പാപ സ്വഭാവത്തെക്കുറിച്ചു കണ്ടാണ് താൻ രക്ഷക്കായി നിലവിളിക്കുന്നത്.

റോമ. 7:17, 24 എന്റെ ഇച്ഛയ്ക്കു വിപരീതമായി പ്രവർ ത്തിക്കുമ്പോൾ അതു ചെയ്യുന്നത് ഞാനല്ല **എന്നിൽ കുടികൊള്ളുന്ന പാപമത്രേ**; അയ്യോ, **ഞാൻ** അരിഷ്ട മനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?

ഒരുവൻ തന്റെ ഉള്ളിലെ പാപസ്വഭാവത്തെ, '**ഞാൻ ( I )** എന്ന നിഗള ഭാവത്തെ തിരിച്ചറിഞ്ഞു, മനസാന്തരപ്പെ ട്ടുപ്പോൾ, ദൈവത്തിനു എതിരെ നിൽക്കുന്ന **'ഞാൻ**' എന്ന പഴയ മനുഷ്യൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്ക

പ്പെടുകയും, അടക്കപ്പെടുകയും, നീക്കപ്പെടുകയും ചെയ്യുന്നു. അന്ന് മുതൽ ക്രിസ്തു അവനിൽ വരികയും, ജീവിക്കുകയും ചെയ്യുന്നു.

ഗലാ. 2:20 **ഞാൻ** ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് **ഞാനല്ല** ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു.

റോമ. 6:6 നാം ഇനി പാപത്തിന് അടിമകളായി തീരാത വണ്ണം നമ്മുടെ പാപസ്വഭാവം നശിക്കേണ്ടതിന് നമ്മിലുള്ള **പഴയ മനുഷ്യൻ** അവിടുത്തോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു നാം അറിയുന്നു.

യഥാർത്ഥമായ താഴ്മയുടെ അത്യത്തെ ചുവടു, ദൈവത്തിനു എതിരെ മത്സരിക്കുന്ന '**ഞാൻ**' എന്ന മത്സരഭാവത്തെ തിരിച്ചറിയുകയും, തന്നെത്താൻ താഴ്ത്തി മനസാന്തരപ്പെടുകയുമാണ്.

എന്നാൽ പലരുടെയും 'മാനസാന്തരം' പഴയനിയമ ശൗലിന്റെയും, ഫറവോന്റെയും മാനസാന്തരം പോലെ താൽക്കാലികമായ പുറമെയുള്ള ''മാനസാന്തരമാണ്'.

എങ്കിലും ദൈവസഭ എന്ന് അറിയപ്പെടുന്ന കൂട്ടത്തിൽ ഉള്ളവർ ആകയാൽ വിവേചനം ഇല്ലാത്ത മൂപ്പന്മാരും, വിശ്വാസികളും ഇവരെ ദൈവമക്കൾ ആയി തെറ്റിദ്ധരിക്കുകയും, ഇവർ ദൈവസഭയെ നശിപ്പിക്കാൻ പിശാചിനാൽ ഉപയോഗിക്കപ്പെടുകയും ചെയ്യും.

## ജഡീകർ

ദൈവസഭയുടെ പണിയേ തടസപ്പെടുത്തുന്ന രണ്ടാമത്തെ കൂട്ടർ വീണ്ടും ജനിച്ചവരിലെ ചിലരാണ്. ഇവർ ദൈവ ശരീരത്തിന്റെ ഭാഗമാണു എന്നാൽ ഈ കൂട്ടർ തന്നെ തുടർച്ചയായി ക്രൂശ് എടുത്ത് കർത്താവിനെ അനുഗമിക്കാൻ തയ്യാർ ആകാത്തവരാണ്. അതിനാൽ അവരുടെ ജഡം ക്രൂശിക്കപ്പെടുന്നില്ല.അതിനാൽ അനു

കൂലമായ അവസരം ലഭിക്കുമ്പോൾ അവരിലെ ജഡീക തയും, മത്സരവും പുറത്തു വരും.

അങ്ങനെയുള്ളവരെ 'ജഡീകർ' എന്നാണ് ദൈവവചനം പരിചയപ്പെടുത്തുന്നത്.

1 കൊരി. 3:3 നിങ്ങൾ ജഡികരല്ലോ. നിങ്ങളുടെ ഇടയിൽ അസൂയയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികരും ശേഷം മനുഷ്യരേപ്പോലെ നടക്കുന്നവരുമല്ലയോ?

ഇത്തരം ജഡീകർ എല്ലാ സഭകളിലുമുണ്ടാകും. എന്നാൽ ഇങ്ങനെയുള്ളവർ കൂടുതൽ ഉള്ളപ്പോൾ അങ്ങനെ യുള്ള ദൈവ സഭകൾ ജഡിക സഭകൾ ആയിത്തീ രുന്നു. അങ്ങനെയുള്ള സഭകളിലെ മൂപ്പന്മാരും ഒത്തു തീർപ്പുകാർ ആയാൽ അവർ ഇത്തരക്കാരെ സഭയിൽ ശിക്ഷണ നടപടികൾ എടുക്കാതെ തുടരാൻ അനുവദി ക്കുകയും, ശുശ്രൂഷകൾ വരെ ഏൽപ്പിക്കുകയും, ആ സഭ മൂലം ദൈവനാമം ദുഷിക്കുകയും അങ്ങനെ ആ സഭ അഥവാ അപ്പം  മുഴുവൻ പുളിപ്പുള്ളതാകുകയും ചെയ്യും.

കൊരിന്ത്യ സഭ അങ്ങനെയുള്ള ഒരു ജഡിക സഭയായി രുന്നു. അവർ ഏകാത്മാവിൽ ഒരേ ആത്മാവിനാൽ സ്നാനം ഏറ്റു ഒരേ ശരീരത്തിന്റെ ഭാഗമായവർ ആയി രുന്നു. എന്നാൽ  ആ സഭയിലെ ഭൂരിപക്ഷവും ജഡികർ അഥവാ ശിശുക്കൾ ആയിരുന്നു.

ഇന്നും പല ദൈവ സഭകളും ഇത്തരത്തിലെ ജഡീക രാൽ, ശിശുക്കളാൽ നിറഞ്ഞ ശിശുപാലന കേന്ദ്രങ്ങൾ മാത്രമാണ്. കുപ്പിപാൽ മാത്രം കുടിക്കുന്ന; ശാഠ്യവും പിണക്കവും വഴക്കും വിഭാഗീയതയും ഉള്ള ജഡികമായ വിശ്വാസികളും അവരെ  ക്രിസ്തീയ ശിക്ഷണത്തിൽ വളർത്താതെ, എല്ലാ ആഴ്ചയും കുപ്പിപ്പാൽ മാത്രം കൊടു ക്കുന്ന ഒത്തു തീർപ്പുകാരായ പാസ്റ്റർമാരും മൂപ്പന്മാരും.

പാപത്തോടും, പിശാചിനോടും, ലോകത്തോടും, ജഡത്തോടും ഒത്തുതീർപ്പിലെത്തിയ ജഡീകരായ വിശ്വാസികൾ. അവരെ നയിക്കുന്ന, ഒത്തുതീർപ്പുകാരായ, സ്ഥാനമോഹികളായ, നേതാക്കൾ.

ഇങ്ങനെയുള്ള പല സഭകളും  കൊരിന്ത്യസഭയെ പോലെ കൃപാവരങ്ങൾക്ക് ഒരു കുറവും ഇല്ലാത്തവരാണ്. എങ്കിലും അവർ  ആത്മീയ വളർച്ച ഇല്ലാത്ത ദൈവനാമം ദുഷിക്കുന്ന ജഡികരുടെ  സംഘമാണ്. ക്രൂശിന്റെ വചനം ഇത്തരക്കാർക്ക് ഇടർച്ചയും ഭോഷത്വവുമാണ്.അതിനാൽ തന്നെ ഇത്തരക്കാർ  ക്രൂശിന്റെ ശത്രുക്കൾ ആണ് (ഫിലി. 3:19 )

എന്നാൽ  ജഡീകരായ വിശ്വാസികളേക്കാൾ, ഒത്തുതീർപ്പുകാരായ നേതാക്കളാണ്  ഇത്തരത്തിൽ സഭകൾ ശൈശവസ്ഥയിൽ തുടരുവാനും ക്രമേണ നശിക്കുവാനുമുള്ള  പ്രധാന കാരണം.

ക്രൂശിന്റെ ദർശനം ലഭിച്ചിട്ടില്ലാത്ത , ദൈവസഭ എന്ന ശരീരത്തെക്കുറിച്ചു യഥാർത്ഥ വെളിപാട് ലഭിച്ചിട്ടില്ലാത്ത, മനുഷ്യരെ പ്രസാദിപ്പിക്കുന്ന, ഭയപ്പെടുന്ന ഒത്തുതീർപ്പുകാരായ നേതൃത്വം ആണ് പലയിടത്തും ഉള്ളത്. കൊരിന്ത്യസഭയും ഇത്തരത്തിൽ ആകുവാൻ കാരണം മൂപ്പന്മാർ ഒത്തുതീർപ്പുകാർ ആയിരുന്നതു കൊണ്ടാണ്.അവർ  ഇത്തരക്കാരെ ശിക്ഷണനടപടികൾക്ക് വിധേയർ ആക്കാതെ, ദൈവഹിതമല്ലാത്ത "സമാധാനം" ഉണ്ടാക്കുവാൻ അവർ  ശ്രമിച്ചു . അതിനാൽ പൗലോസ് അവരെ കഠിനമായി ശാസിക്കുന്നു. ഇത് സഭയെ മുഴുവൻ  പുളിപ്പിക്കും, നശിപ്പിക്കും എന്ന് മുന്നറിയിപ്പ് നൽകുന്നു. (1 കൊരി. 5:6 )

കർത്താവിനെയും അപ്പോസ്തലന്മാരുടെയും ആഗ്രഹം ഇത്തരം 'കുപ്പിപ്പാൽ വിശ്വാസികൾ' ശൈശവാവസ്ഥയിൽ നിന്നും കട്ടിയുള്ള ആഹാരം  കഴിക്കുന്നവരായി, നീതിയുടെ വചനത്തിൽ അഭ്യാസം തികഞ്ഞവരായി

,അത്മീകരായി വളരേണം എന്നും ഉത്തരവാദിത്ത ങ്ങൾ ഏറ്റെടുക്കണമെന്നും ഒരു ശരീരമായി ക്രിസ്തുവിന്റെ തലയോളം വളരേണം എന്നും ആയിരുന്നു (എബ്രായർ 5:12, എഫെസ്യർ 4: 14,15)

ഇത് സാധ്യമാകണമെങ്കിൽ ഓരോ വ്യക്തികളും തല യാകുന്ന ക്രിസ്തുവിനാൽ പൂർണ്ണമായി നിയന്ത്രിക്കപ്പെടുന്നവർ ആകണം ഓരോ അംഗങ്ങൾക്കും അവയവങ്ങളിലേക്കും രക്തം, നവജീവൻ സമൃദ്ധിയായി പ്രവഹിക്കണം. (എഫെസ്യർ 4: 16) ഒരോരുത്തരും ആത്മാവിനാൽ നയിക്കപ്പെടുന്നവരും ആയിത്തീരണം

അവിടെയാണ് കുരിശിന്റെ തുടർച്ചയായ പ്രവർത്തി ആവശ്യമായി തീരുന്നത്, കാരണം ക്രൂശ് മാത്രമേ ജഡത്തിനു പരിഹാരമായുള്ളൂ

ഗലാത്യർ 5: 24 ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരി ക്കുന്നു

അപ്പോൾ മാത്രമേ പരിശുദ്ധാത്മാവ് ഓരോ അവയവങ്ങളെയും നിയന്ത്രിക്കുകയും നയിക്കുകയും ദൈവസഭ ഒരു ശരീരമായി പ്രവർത്തിക്കുകയും ചെയ്യുകയുള്ളൂ

ഈ കാരണം കൊണ്ടാണ് അപ്പോസ്തലന്മാർ ആദിമസഭയിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയും ക്രൂശ് എടുത്ത് അവനെ അനുഗമിക്കുന്നതിനെയും പറ്റി തുടർച്ചയായി പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തതു.ക്രൂശിലെ രണ്ടു പ്രവർത്തികളെയും പറ്റിയും അവർ പഠിപ്പിച്ചു.

**ക്രിസ്തുവിന്റെ ക്രൂശിലെ പൂർത്തീകരിക്കപ്പെട്ട പ്രവർത്തിയാൽ നമ്മുടെ പഴയ മനുഷ്യൻ നീക്കപ്പെട്ടു എന്നും, തുടർച്ചയായി ക്രൂശ് എടുത്ത് കർത്താവിനെ അനുഗമിക്കുന്നതിലൂടെ നമ്മുടെ ജഡം ക്രൂശിക്കപ്പെടുകയും ദൈവസഭ ഒരു ശരീരമായി പണിയെപ്പെടുകയും ചെയ്യും എന്ന് അവർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു.**

==========================================

## അധ്യായം 6

## ശരീരത്തിന് തലയോടുള്ള കീഴ്പ്പെടൽ

==========================================

പഴയ നിയമത്തിലും ദൈവവും ഇസ്രയേലും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്താൻ പല ഉദാഹരണങ്ങളും ദൈവവചനം വെളിപ്പെടുത്തുന്നുണ്ട്, ഉദാഹരണത്തിന് മണവാളൻ,മണവാട്ടി, പിതാവ്, പുത്രൻ, ഭാര്യ ഭർത്താവ് , ഉടമ , അടിമ... ഇതൊക്കെ ഒരു തരത്തിൽ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന നിഴലായ ഉദാഹരണങ്ങൾ ആണ്.

എന്നാൽ പുതിയനിയമത്തിൽ മാത്രം ക്രിസ്തുവിനെയും സഭയെയും പരിചയപ്പെടുത്താൻ ഉപയോഗിക്കുന്ന ഏറ്റവും പ്രത്യേകതയുള്ള ഒരു ഉദാഹരണമാണ് ക്രിസ്തു തലയും സഭ ശരീരവും എന്ന ഉദാഹരണം. ഈ മർമ്മമാണ് പഴയനിയമത്തിലെ പ്രവാചകന്മാർക്ക് വെളിപ്പെടാതെ ഇരിക്കുകയും പുതിയ നിയമത്തിൽ ദൈവത്തിന്റെ പ്രവാചകന്മാർക്കും അപ്പോസ്തലന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടു വന്നതുമായ മർമ്മം (എഫെസ്യർ3:4-6)

തലയും ശരീരവും എന്നുള്ളത് ഇത്ര വലിയ ഒരു മർമ്മം ആയി മാറുന്നതിനു കാരണം, ഈ ബന്ധം ക്രൂശിലെ കർത്താവിന്റെ പ്രവർത്തിയിൽ കൂടി മാത്രം സാധ്യമായതാണ് എന്നത് കൊണ്ടാണ്. ബാക്കി എല്ലാ ബന്ധങ്ങളും വേർപിരിയുവാൻ കഴിയുന്നതാണ് എന്നാൽ തലയും ശരീരവും തമ്മിലുള്ള ബന്ധം ഒരിക്കലും വേർപിരിക്കാൻ കഴിയുന്നതല്ല വേർപിരിയുന്ന നിമിഷം ശരീരം മരിക്കും.

മാത്രമല്ല, ബാക്കി എല്ലാ ബന്ധങ്ങളിലും ഒരു വ്യക്തിക്ക് ഉള്ളിൽനിന്ന് മത്സര സ്വഭാവം വച്ചുകൊണ്ട് പുറമേ അനുസരിക്കാൻ കഴിയും.

ഉദാ: ഒരു മകന് പിതാവിന് പുറമേ കീഴ്പ്പെട്ട് ജീവിക്കുവാനും അപ്പോൾ തന്നെയും ഹൃദയത്തിൽ മത്സരിക്കുവാനും കഴിയും,

ഒരു ഭാര്യയ്ക്ക് ഭർത്താവിനെ എല്ലാ കാര്യങ്ങളിലും അനുസരിക്കുവാനും അപ്പോൾ തന്നെയും ഹൃദയത്തിൽ മത്സരിക്കുവാനും കഴിയും.

ഒരു അടിമക്ക് ഉടമയെ പൂർണമായും അനുസരിക്കുവാൻ കഴിയും അപ്പോൾ തന്നെയും ഹൃദയത്തിൽ മത്സരിക്കുവാനും കഴിയും.

അതുകൊണ്ട് തന്നെ ഈ കീഴ്പ്പെടലുകൾ ഒന്നും തന്നെ പൂർണ്ണമായ കീഴ്പ്പെടലിന്റെയോ അനുസരണത്തിന്റെയോ ഉദാഹരണങ്ങൾ അല്ല

മനുഷ്യന്റെ ഉള്ളിലെ മത്സരസ്വഭാവം നീക്കപ്പെടാതെ ഒരിക്കലും, ദൈവത്തിനു മനുഷ്യനുമായി ഈ തരത്തിലുള്ള ബന്ധത്തിലേക്ക് വരുവാൻ കഴിയുന്നതല്ല . പാപം കടന്നു വരുന്നതിനു മുൻപ്  ആദ്യ മനുഷ്യനായ ആദാമിലും, പാപമില്ലാതെ രണ്ടാമത്തെ മനുഷ്യനായി വന്ന ക്രിസ്തുവിലും ഈ ഒരു ബന്ധം സാധ്യമായിരുന്നു. എന്നാൽ പാപം കടന്നു വന്നപ്പോൾ ദൈവവുമായയുള്ള ആത്മാവിലെ ബന്ധം നഷ്ടപ്പെട്ടതിനാൽ മനുഷ്യനെ ബാഹ്യമായി കല്പനകളാൽ മാത്രമേ നിയന്ത്രിക്കുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ.

യേശുക്രിസ്തുവിന്റെ ജീവിതത്തിൽ പിതാവായ ദൈവത്തോടുള്ള ബന്ധത്തിൽ യേശുക്രിസ്തു അനുവർത്തിച്ച ഒരു പ്രമാണമുണ്ട്, അത് എഴുതപ്പെട്ട പത്തു കല്പനകളുടെ അടിസ്ഥാനത്തിലോ, ബാഹ്യമായ നിയമങ്ങളുടെ അടിസ്ഥാനത്തിലോ, വാക്കാലുള്ള കല്പനകളുടെ അടി

സ്ഥാനത്തിലോ ആയിരുന്നില്ല മറിച്ച് പിതാവായ ദൈവത്തിന്റെ ഇഷ്ടം യേശുക്രിസ്തു തിരിച്ചറിഞ്ഞ അതനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. അതായത് പിതാവായ ദൈവം യേശുക്രിസ്തുവിലും യേശുക്രിസ്തു പിതാവായ ദൈവത്തിലും നിരന്തരമായി വസിക്കുക യായിരുന്നു.

ഈ രീതിയിലുള്ള ഒരു ബന്ധം പഴയ ഉടമ്പടിയിൽ ഒരിക്കലും സാധ്യമായിരുന്നില്ല. പഴയ ഉടമ്പടിയുടെ ബലഹീനതയും അതു തന്നെ എന്നാൽ ക്രിസ്തു തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് സ്ഥാപിച്ച പുതിയ ഉടമ്പടി യിൽ ദൈവത്തിന് എതിരെ നിന്നിരുന്ന നമ്മുടെ മത്സര ഹൃദയത്തെ നീക്കുകയും കർത്താവ് എന്ന തലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. നാം ക്രൂശ് എടുത്ത് കർ ത്താവിനെ അനുഗമിക്കുമ്പോൾ  കർത്താവിന്റെ രക്തം അഥവാ തന്റെ ജീവൻ നമ്മിലൂടെ സമൃദ്ധിയായി ഒഴുകു കയും, ഈ രീതിയിലുള്ള ബന്ധം സാധ്യമാകുകയും ചെയ്യുന്നു.

യേശുക്രിസ്തുവിനെ മരണ പുനരുദ്ധാനത്തിലൂടെ ഈ ജീവബന്ധത്തിലേക്കാണ് ദൈവം നമ്മെ കൊണ്ടു വന്നി രിക്കുന്നത്, ആ ബന്ധമാണ് തലയും ശരീരവും തമ്മി ലുള്ള ബന്ധം, അഥവാ കൊമ്പ് മുന്തിരിവള്ളിയിൽ വസിക്കുന്ന ജീവബന്ധം.

ശരീരത്തിന്റെ തലയോടുള്ള അനുസരണം പരിപൂർണ്ണം ആണ്, അത്  ഉള്ളിൽ നിന്നാണ്  നിന്നാണ്. തലയ്ക്ക് ശരീരത്തോട് അനുസരിക്കുവാൻ വേണ്ടി എഴുതപ്പെ ട്ടതോ  എഴുതപ്പെടാത്തതോ ആയ കൽപ്പനകൾ പുറപ്പെ ടുവിക്കുക വേണ്ടിവരുന്നില്ല. ശരീരത്തിലെ ഒരവയ വവും സ്വന്ത ഇഷ്ടപ്രകാരം  തീരുമാനങ്ങൾ എടുത്തു സ്വയമായി പ്രവർത്തിക്കുന്നില്ല; അവയിൽ ഒന്നും തന്നെ താൻ ഒരു അവയവം ആണ് എന്ന് തലയെ ബോധ്യപ്പെടുത്തുവാൻവേണ്ടി ഒന്നും ചെയ്യുന്നുമില്ല.

പകരം ശരീരം തലയുടെ ഉത്തരവിനു വേണ്ടി ശാന്ത മായി ലഭ്യമായി ഇരിക്കുകയും അത് ലഭിക്കുമ്പോൾ തൽക്ഷണം പ്രതികരിക്കുകയും ചെയ്യുന്നു.

ശരീരം തലയ്ക്കു വേണ്ടി തനിക്ക് തോന്നുന്നതു എന്തെങ്കിലും ചെയ്യുകയല്ല മറിച്ച് തല പറയുന്നത് മാത്രം ചെയ്യുകയാണ് അഥവാ തല പറയാതെ ശരീരത്തിന് ഒന്നും തന്നെ ചെയ്യുവാൻ കഴിയുന്നതല്ല. ഒരു അവയവം ചലിക്കാൻ, ആജ്ഞ നൽകാൻ തലയ്ക്ക് ശക്തി ചെലുത്തേണ്ട ആവശ്യമില്ല, ഒരു ചിന്ത ഉടലെടുത്താൽ അവയവം ചലിക്കും. ശരീരവും തലയും തമ്മിൽ അത്തരത്തിൽ ആണ് യോജിക്കപ്പെട്ടിരിക്കുന്നതു.

ദൈവീക അധികാരത്തിന്റെയും അതിനോടുള്ള അനുസരണത്തിന്റെയും ഏറ്റവും ഉയർന്ന പ്രദർശനം അതിനാൽ തന്നെ സഭയായ ക്രിസ്തുവിന്റെ ശരീരത്തിലാണ് വെളിപ്പെടുന്നത്. ദൈവം ലോകത്തിൽ പല അധികാര വ്യവസ്ഥകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും, അവക്കൊന്നും ദൈവത്തിന്റെ അധികാരത്തെയും സഭയുടെ അനുസരണത്തെയും പൂർണ്ണമായും വെളിപ്പെടുത്തുവാൻ കഴിയില്ല. ദൈവസഭ എന്ന് പേരുള്ള ഇന്നുള്ള സംഘടനകളിലും ഇത് സാധ്യമല്ല. കാരണം സഭയെ ഒരു സംഘടനയാക്കാനല്ല, മറിച്ച് അതിനെ ക്രിസ്തുവിന്റെ ശരീരമാക്കി മാറ്റാനാണ് ദൈവം സ്ഥാപി ച്ചിരിക്കുന്നത്.

ശരീരത്തിലെ ഒരു അവയവം തലയിൽ നിന്ന് കല്പനകൾ സ്വീകരിച്ച് അനുസരിക്കുന്നതുപോലെ, ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രാദേശിക അംഗങ്ങളും തലയുടെ ഏതൊരു കല്പനയും ക്ഷണത്തിൽ അനുസരിക്കുവാൻ എപ്പോഴും ഒരുക്കത്തോടെ, സ്ഥതയോടെ സ്വയം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

ദൈവസഭ എന്ന ശരീരം തലയായ ക്രിസ്തുവുമായി മാത്രമല്ല ബന്ധപ്പെട്ടിരിക്കുന്നത് അതിന് മറ്റുള്ള അവയവങ്ങളും ആയും അതേ ജീവൻ ബന്ധമുണ്ട്. എന്നാൽ

ആ ബന്ധം അവയവങ്ങൾ തമ്മിൽ നേരിട്ടല്ല, അത് തലയിൽ കൂടിയാണ് ക്രിസ്തുവിൽ ആണ് നാം ഒരു ശരീരവും തമ്മിൽ അവയവങ്ങളും ആയിരിക്കുന്നത്. അതിനാൽ തലയിൽ നിന്നും കൂട്ടായ്മ വേർപെട്ട ഒരു അവയവുമായി ബാക്കിയുള്ള അവയവങ്ങൾക്കും കൂട്ടായ്മ ബന്ധം നഷ്ടപ്പെടുന്നു.

അതുപോലെ തന്നെ അവയവങ്ങൾ തലക്കു മാത്രമല്ല തലയാകുന്ന ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്നും അന്യോന്യം കീഴ്പ്പെട്ട് ആണ് ജീവിക്കുന്നത്. സഭയിലെ അംഗങ്ങൾ അന്യോന്യം കീഴ്പ്പെട്ടു ജീവിക്കുന്നു എന്ന് മാത്രമല്ല അന്യോന്യം ആശ്രയിക്കുകയും അന്യോന്യം സഹായിക്കുകയും ചെയ്യേണ്ടവരാണ്. ഉദാഹരണത്തിന് കാലുകൾക്ക് കണ്ണുകളുടെ സഹായം ഇല്ലാതെ നടക്കുവാൻ കഴിയില്ല അതുപോലെ കൈകൾക്കും പ്രവർത്തിക്കുവാൻ മറ്റ് അവയവങ്ങളുടെ സഹായം ആവശ്യമാണ്.

അവയവങ്ങളുടെ കീഴ്പ്പെടൽ തലയോടും പരസ്പരവും മാത്രമല്ല, ദൈവം ഭൂമിയിൽ ദൈവമക്കളുടെ കീഴടങ്ങൽ സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങളും വെളിപ്പെടുത്താൻ ഭൂമിയിൽ പല അധികാരസ്ഥാനങ്ങൾ നിയമിച്ചിരിക്കുന്നു. ഈ കീഴടങ്ങൽ ആണ് യഥാർത്ഥത്തിൽ ഒരു വ്യക്തി ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുന്നു, പരിശുധത്മാവിൽ നിറയപ്പെട്ട ജീവിതം നയിക്കുന്നു എന്നതിന്റെ എന്നതിന്റെ തെളിവ്.

## ദൈവഭക്തിയുടെ രണ്ടു വലിയ മർമ്മങ്ങൾ

പുതിയ നിയമത്തിൽ രണ്ടു വലിയ മർമ്മങ്ങളെക്കുറിച്ചു പറയുന്നു. അതിൽ ഒന്ന് ഒരു ശരീരം തലയ്ക്കു കിഴങ്ങുന്നതു പോലെ ക്രിസ്തു പിതാവായ ദൈവത്തിനു കീഴടങ്ങി ജീവിച്ച ജീവിതത്തെക്കുറിച്ചാണ്.

എന്നാൽ രണ്ടാമത്തെ വലിയ മർമ്മം ദൈവസഭ എന്ന ശരീരം ക്രിസ്തു എന്ന തലക്കു കീഴടങ്ങി ജീവിക്കുന്നതിനെക്കുറിച്ചാണ്.

ദൈവത്തിന്റെ ഭൂമിയിലെ ശരീരം ക്രിസ്തുവായിരുന്നു. ക്രിസ്തുവിൽ ഈ അനുസരണം പരിപൂർണ്ണമായിരുന്നു കർത്താവ് തനിക്ക് സ്വതവേ ഒന്നും ചെയ്യുവാൻ കഴിയില്ല എന്ന് തുടർച്ചയായി വെളിപ്പെടുത്തി അതിനാൽ ദൈവഭക്തിയുടെ വലിയ മർമ്മം ദൈവം ജഡത്തിൽ വെളിപ്പെടുക എന്ന വലിയ മർമ്മം സാധ്യമായി. സ്വർഗ്ഗത്തിലെ ദൂതന്മാരുടെ മുൻപിൽ അത് പ്രദർശിപ്പിക്കപ്പെട്ടു.

യേശുക്രിസ്തു, ജഡത്തിൽ (ശരീരത്തിൽ) ദൈവത്തെ ഈ ഭൂമിയിൽ വെളിപ്പെടുത്തിയതാണ് ആർക്കും സമ്മതമാം വണ്ണം വലിയതായ ദൈവഭക്തിയുടെ മർമ്മം എന്ന് പറഞ്ഞിരിക്കുന്നത്.

അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി;.എന്നിങ്ങനെ ദൈവഭക്തിയുടെ **മർമ്മം വലിയതാകുന്നു** എന്ന് സമ്മതമാംവണ്ണം അംഗീകരിക്കുന്നു."1 തിമൊഥെയൊസ് 3 :16

അതുപോലെ തന്നെ രണ്ടാമത്തെ വലിയ മർമ്മമാണ് തന്റെ ആത്മീക ശരീരമായ സഭയുയിലൂടെ യേശുവിന്റെ ജീവൻ സ്വർല്ലോകങ്ങളിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും മുൻപിൽ വെളിപ്പെടു ന്നതു.

ക്രിസ്തുവിന്റെ ക്രൂശിലെ പൂർത്തീകരിക്കപ്പെട്ട പ്രവർത്തിയാൽ തലയും ശരീരവും എന്ന അതേ ബന്ധത്തിലേക്ക് നമ്മളെ പ്രവേശിപ്പിക്കുന്നു. ക്രൂശെടുത്തു നാം കർത്താവിനെ അനുഗമിക്കുമ്പോൾ, ദൈവഭക്തിയുടെ വലിയ മർമ്മം ക്രിസ്തുവും സഭയും ഒരു ശരീരം എന്ന

മർമ്മം സ്വർല്ലോകങ്ങളിലെ വാഴ്ചകളുടെയും അധികാര ങ്ങളുടെയും മുൻപിൽ വെളിപ്പെടുന്നു

"നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ.അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി ത്തീരും. **ഈ മർമ്മം വലിയതു;** ഞാൻ ക്രിസ്തുവി നെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്." -എഫെ സ്യർ 5:30-32

## അധർമ്മത്തിന്റെ മർമ്മം

ദൈവഭക്തിയുടെ മർമ്മത്തെക്കുറിച്ചു മാത്രമല്ല അധർ മ്മത്തിന്റെ മർമ്മത്തെക്കുറിച്ചും ദൈവവചനം വ്യക്ത മാക്കുന്നു. അത് കർത്താവ് പിതാവായ ദൈവത്തിനു കീഴടങ്ങി തന്നെത്താൻ താഴ്ത്തി ജീവിച്ച ഭാവത്തിന്റെ നേരെ എതിരായ എതിർ ക്രിസ്തുവിന്റെ തന്നത്താൻ ഉയ ർത്തുന്ന ഭാവമാണ്.

2 തെസ്സ 2:7 അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ പ്രവൃത്തി ക്കുന്നുണ്ട്;..അവൻ...സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ.

സ്വർഗത്തോളം എത്താൻ ഉയർത്തിയ ബാബേൽ ഗോപു രത്തിന്റെ പണിയിലും (ഉൽപത്തി 11:1) ദൈവത്തിനു എതിരെ തന്നത്താൻ ഉയർത്തി, മഹത്വമുള്ള ബാബി ലോൺ പണിത നെബുക്കദ്നെസ്സറിലും, (ദാനീ. 4:30) ഒടുവിൽ തന്നെത്താൻ പുകഴ്ത്തിയ മഹതിയാം ബാബി ലോൺ എന്ന വേശ്യസഭയിലും ( വെളി. 18:7 ) ഇതേ ഭാവം നമുക്ക് കാണാൻ കഴിയും.

പിശാചിന്റെ ഹൃദയത്തിൽ ഉയർന്ന തന്നത്താൻ ഉയർ ത്താനുള്ള മനോഭാവം ആണ് അത്. ഈ ഭാവം തന്നെ യാണ് പിശാചിന്റെ രാജ്യത്തെ നിയന്ത്രിക്കുന്നത്. ഈ ഭാവത്തെയാണ് നിഗളം,ഞാനെന്ന ഭാവം, മത്സരം എന്നീ വാക്കുകളിൽ ദൈവവചനം വെളിപ്പെടുത്തുന്നത്.

തന്നെത്താൻ ഉയർത്തുന്ന, ദൈവത്തോടും ദൈവീക അധികാരങ്ങളോടും, മത്സരിക്കുന്ന, ഈ മനോഭാവം ആണ് പിശാചിന്റെ അഥവാ വാഴ്ചകളുടെയും അധികാരങ്ങളുടെയും അടിസ്ഥാന സ്വഭാവം.

എന്നാൽ ഈ അധർമ്മത്തിന്റെ മർമ്മം, തന്നെത്താൻ ഉയർത്തുന്ന ഭാവം ദൈവസഭകളിൽ നിന്നും ഉണ്ടാകും എന്നാണ് ദൈവവചനം പറയുന്നത്. പൗലോസും യോഹന്നാനും ഉണ്ടായിരുന്നപ്പോൾ തന്നെ അധർമ്മത്തിന്റെ മർമ്മം പ്രവർത്തിച്ചു തുടങ്ങി എന്നും അന്ത്യകാലത്തു അത് അധർമ്മമൂർത്തിയിൽ കൂടി, എതിർ ക്രിസ്തുവിൽ കൂടി വെളിപ്പെടും എന്നും ദൈവവചനം പറയുന്നു.

1 യോഹ. 3: 18 കുഞ്ഞുങ്ങളേ, ഇത് അന്ത്യകാലമാകുന്നു; എതിർ ക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ വന്നിരിക്കുകയാൽ അന്ത്യകാലമാകുന്നു എന്ന് നമുക്ക് അറിയാം. അവർ നമ്മുടെ ഇടയിൽനിന്ന് പുറത്തുപോയി.

2 തെസ്സ. 2:7 അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ പ്രവൃത്തിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോയാൽ മാത്രം മതി. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും.

ഇന്ന് സഭകൾ എന്ന് അറിയപ്പെടുന്ന പലയിടത്തും നടക്കുന്ന രാഷ്ട്രീയം, വോട്ടെടുപ്പ്, കൈക്കൂലി,സ്ഥാനമാനങ്ങൾക്കായുള്ള മത്സരം എന്നിവ വെളിപ്പെടുത്തുന്നത് അതൊക്കെയും പിശാചിന്റെ പ്രമാണത്താൽ നയിക്കപ്പെടുന്ന മനുഷ്യ നിർമ്മിത സംഘടനകൾ മാത്രമാണ് എന്നാണ്. അവിടെ പണിയപ്പെടുന്നത് തന്നെത്താൻ താഴ്ത്തുന്ന ക്രിസ്തുവിന്റെ ആത്മാവിനാൽ ആത്മാവിനാൽ പണിയപ്പെടുന്ന ദൈവസഭ എന്ന ശരീരം അല്ല, മറിച്ചു തന്നെത്താൻ ഉയർത്തുന്ന എതിർക്രിസ്തുവിന്റെ ആത്മാവിനാൽ പണിയപ്പെടുന്ന മഹതിയാം ബാബിലോൺ ആണ്.

ദൈവഭക്തിയുടെ മർമ്മം എന്നത് യേശുക്രിസ്തുവിലും, ദൈവസഭ എന്ന മണവാട്ടിയിലും കൂടി വെളിപ്പെടു മ്പോൾ അധർമ്മത്തിന്റെ മർമ്മം എതിർക്രിസ്തുവിലും മഹാതിയാം ബാബിലോൺ എന്ന വേശ്യാസഭയിലും കൂടി വെളിപ്പെടുന്നു.

==========================================

## അധ്യായം 7

# ശരീരത്തിലെ ദൈവനിയമിത അധികാരങ്ങലോടുള്ള കീഴ്പ്പെടൽ

==========================================

ദൈവത്തിന്റെ ആത്യന്തിക പദ്ധതിയായ ദൈവസഭ എന്ന തന്റെ ശരീരത്തെ ഭൂമിയിൽ ആക്കി വെച്ചിരിക്കുന്നത് എന്തിനാണ് എന്നതാണ് നാം ആദ്യ അദ്ധ്യായം മുതൽ ചിന്തിച്ചു വന്നത്. അത് സ്വർഗ്ഗത്തിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും മുൻപിൽ തന്റെ നിത്യ ലക്ഷ്യ പ്രകാരമുള്ള പദ്ധതിയെ; തന്റെ ബഹുവിധമായജ്ഞാനത്തെ വെളിപ്പെടുത്താൻ വേണ്ടിയിട്ടാണ് എന്നാണ് ദൈവവചനം പറയുന്നത്.

വാഴ്ച്ചകളുടെയും അധികാരങ്ങളുടെയും പുറകിൽ പ്രവർത്തിക്കുന്ന മത്സരം (rebellion) എന്ന പൈശാചിക പ്രമാണത്തിനു എതിരായ താഴ്മ (submission) എന്ന പ്രമാണത്തെ അവരുടെ മുൻപിൽ വെളിപ്പെടുത്തുക എന്നതായിരുന്നു ദൈവത്തിന്റെ നിത്യലക്ഷ്യ പ്രകാരമുള്ള പദ്ധതി.

ഇന്ന് ദൈവസഭ ഈ ഭൂമിയിൽ പിശാചിന്റെ അധീനതയിലുള്ള ലോകത്തിൽ ആയിരിക്കുന്നു. സഭ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ദൈവമക്കൾ ദൈവം നിയമിച്ചിരിക്കുന്ന അധികാരസ്ഥാനങ്ങൾക്കു കീഴടങ്ങി ദൈവഭക്തിയുടെ മർമ്മം വെളിപ്പെടുത്തണം ആഗ്രഹിക്കുന്നു അത് പൂർണ്ണമായി ദൈവം സാധിക്കുന്നത് ദൈവസഭ എന്ന ശരീരത്തിലൂടെയാണ്

ദൈവസഭ എന്ന ശരീരം തലയായ ക്രിസ്തുവുമായി മാത്രമല്ല ബന്ധപ്പെട്ടിരിക്കുന്നത് അതിന് മറ്റുള്ള അവയവങ്ങളും ആയും അതേ ജീവൻ ബന്ധമുണ്ട്. എന്നാൽ ആ

ബന്ധം തലയിൽ കൂടിയാണ് **ക്രിസ്തുവിൽ** നാം ഒരു ശരീരവും തമ്മിൽ അവയവങ്ങളും ആണ്. അതായത് ഒരു അവയവം തലയുമായുള്ള ബന്ധത്തിൽ നിന്നും വേർപെടുമ്പോൾ മറ്റുള്ള അവയവങ്ങളും ആ അവയവത്തിൽ നിന്നുള്ള ബന്ധത്തിൽ നിന്നും വേർപെടുന്നു. അതുപോലെ തന്നെ അവയവങ്ങൾ തലയ്ക്കു മാത്രമല്ല തലയകുന്ന ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്നും അന്യോന്യം കീഴ്പ്പെട്ട് ആണ് ജീവിക്കുന്നത്.

അവയവങ്ങളുടെ കീഴ്പ്പെടൽ തലയ്ക്കും അന്യോന്യവും മാത്രമല്ല ദൈവം ഭൂമിയിൽ പല അധികാര സ്ഥാനങ്ങൾ നിയമിച്ചിരിക്കുന്നു. ഈ കീഴടങ്ങൽ ആണ് യഥാർത്ഥത്തിൽ ഒരു വ്യക്തി ക്രൂശു എടുത്തു കർത്താവീനെ അനുഗമിക്കുന്നു,പരിശുധത്മാവിൽ നിറയപ്പെട്ട ജീവിതം നയിക്കുന്നു എന്നതിന്റെ എന്നതിന്റെ തെളിവ്.

അടിസ്ഥാനപരമായി വിശ്വാസികൾക്ക് മൂന്ന് മേഖലകളിൽ കീഴടങ്ങേണ്ട അധികാര സ്ഥാനങ്ങൾ ഉണ്ട്. ഒന്നാമത്തേത് ഭവനത്തിലാണ് വീട്ടിൽ മക്കൾ മാതാപിതാക്കൾക്കും, ഭാര്യ ഭർത്താവിനും കീഴടങ്ങണം.

രണ്ടാമത്തേത് സമൂഹത്തിലാണ്, അവിടെ സർക്കാരോ, പോലീസോ , നിങ്ങളുടെ ജോലിസ്ഥലത്ത് മേലധികാരികളോ നിങ്ങള്ക്ക് കീഴടങ്ങുവാനായി ദൈവം നിയമിച്ചിരിക്കുന്നു.

മൂന്നാമത്തെതു സഭയാണ്, അവിടെ മൂപ്പന്മാരെ ദൈവം അധികാരത്തിൽ നിയമിച്ചിരുന്നു .

ഈ മേഖലകളിലെല്ലാം, ദൈവം നിങ്ങളുടെ മേൽ വച്ചിട്ടുള്ള അധികാരത്തിനെതിരെ നിങ്ങൾ മത്സരിക്കുകയാണെങ്കിൽ, നിങ്ങൾ സാത്താനുമായി കൂട്ടായ്മയിലാണ് . കാരണം, അധികാരത്തിനെതിരെ ആദ്യമായി മത്സരിച്ച വ്യക്തി സാത്താനാണ് , ഇന്നും അധികാരത്തിനെതിരെ മത്സരിക്കാൻ ആളുകളെ പ്രേരിപ്പിക്കു

ന്നത് അവനാണ്. മാതാപിതാക്കൾക്കെതിരെ മത്സരിക്കാൻ കുട്ടികളെയും, ഭർത്താവിനെതിരെ മത്സരിക്കാൻ ഭാര്യയെയും, തൊഴിലാളികളെ അവരുടെ മേലധികാരികൾക്കുമെതിരെയും മത്സരിക്കാൻ സാത്താൻ പ്രേരിപ്പിക്കുന്നു.

നിങ്ങളുടെ നിയമാനുസൃതമായ അവകാശങ്ങൾ ചോദിക്കാൻ, നിയമാനുസൃതമായ മാർഗ്ഗം ഉപയോഗിക്കുന്നതിൽ ഒരു തെറ്റുമില്ല എന്നാൽ അധികാരത്തിനെതിരെ മത്സരിക്കുന്നത് തെറ്റാണ്.

അതിനാൽ, മത്സരം എപ്പോഴും  സാത്താനിൽ നിന്നാണെന്നു  നാം വ്യക്തമായി മനസ്സിലാക്കേണ്ട തുണ്ട് .

യേശുക്രിസ്തു തന്റെ തലയായ പിതാവായ ദൈവത്തിനു എപ്രകാരമാണ് കീഴടങ്ങിയിരുന്നത് എന്ന് നാം മുൻ അധ്യായങ്ങളിൽ കണ്ടു. എന്നാൽ പിതാവായ ദൈവത്തിനു മാത്രമല്ല. ദൈവനിയമിത അധികാരങ്ങൾക്കെല്ലാം പൂർണ്ണമായും കീഴടങ്ങിയാണ് കർത്താവ് ജീവിച്ചത്

യേശു നസറെത്തിൽ യോസേഫിനും മറിയയ്ക്കും കീഴടങ്ങിയതായി നാം കാണുന്നു. ജോസഫും മറിയയും തികഞ്ഞവരായിരുന്നില്ല! വിവാഹിതരായ എല്ലാവരേയും പോലെ പ്രശ്നങ്ങൾ  ഉണ്ടായിരുന്ന ഒരു പഴയ നിയമ ദമ്പതികൾ മാത്രമായിരുന്നു അവർ. രക്ഷകനെ ആവശ്യമുള്ള സാധാരണക്കാരായിരുന്നു അവർ.

എന്നാൽ യേശു പരിപൂർണനായിരുന്നു.എന്നിട്ടും യേശു തന്റെ മേൽ പിതാവ് വച്ച അപൂർണ്ണമായ ഒരു അധികാരത്തിനു വിധേയമായി 30 വർഷം ജീവിച്ചു.

വീട്ടിൽ, സമൂഹത്തിൽ,സഭയിൽ,ലോകത്തെവിടെയും പരിപൂർണ്ണരായ അധികാരമില്ല. എല്ലാവരും അപൂർണ്ണരാണ്. എന്നാൽ അപൂർണ്ണമായ അധികാരികൾക്ക് കീഴ്പെടാൻ ആവശ്യപ്പെട്ടുകൊണ്ട് അവിടുന്ന് നമ്മുടെ താഴ്മയെ  പരിശോധിക്കുന്നു.

ദൈവ സഭയിലും ഇതേ വ്യവസ്ഥ തന്നെയാണ്. സഭയിൽ ദൈവം മൂപ്പന്മാരെ നിയോഗിച്ചിരിക്കുന്നു, എബ്രായർ 13: 17-ൽ പറയുന്നു, “നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്ക് ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്ക് വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ദുഃഖത്തോടെയല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; **അല്ലാഞ്ഞാൽ നിങ്ങൾക്ക് നന്നല്ല**.

സഭയിലെ നേതൃത്വവും അപൂർണ്ണരാണ്. എന്നാൽ അവരെ ദൈവം സഭയിൽ നിയമിച്ചതാണ് എന്ന് നിങ്ങൾക്കു ബോധ്യമുണ്ട് എങ്കിൽ അവർക്കു ദൈവഹിത പ്രകാരം നിങ്ങൾ കീഴടങ്ങണം. നിങ്ങളെ തിരുത്തുവാനും, ശാസിക്കുവാനും, ശിക്ഷണത്തിൽ നടത്തുവാനുമുള്ള അവരുടെ ദൈവീക അധികാരത്തെ അംഗീകരിക്കണം.

നിങ്ങൾ ആയിരിക്കുന്ന സഭയിൽ ദൈവം നിയമിച്ച ആത്മീക അധികാരങ്ങളോട് ദൈവവചന പ്രകാരം യോജിക്കാനോ,കീഴടങ്ങാനോ നിങ്ങൾക്ക് കഴിയുന്നില്ല എങ്കിൽ ദയവായി നിങ്ങൾ ആ സഭയിൽ നിന്ന് സ്നേഹത്തോടെ പിരിയുകയും എത്രയും പെട്ടെന്ന് വേറെ സഭ കണ്ടെത്തുകയും ചെയ്യുക.

എന്നാൽ നിങ്ങൾ ആയിരിക്കുന്ന സഭയുടെ നേതൃത്വം എത്ര തന്നെ നിങ്ങൾക്ക് യോജിക്കാൻ കഴിയാത്തതു ആണ് എങ്കിലും *അവിടെ തന്നെ നിന്നു കൊണ്ട് ആ നേതൃത്വത്തിനെതിരെ മത്സരിക്കുവാനും, അവരെ അപവാദം പറയുവാനും അവിടെ കലക്കവും, കുഴപ്പവും, വിഭാഗീയതയും ഉണ്ടാക്കുവാനും നിങ്ങൾ ശ്രമിക്കരുത്*.അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ അപവാദിയും മത്സരിയുമായ പിശാചിനോടു കൈകോർക്കുകയാണ് ചെയ്യുന്നത്.

അത് ഒരിക്കലും ദൈവം ആഗ്രഹിക്കുന്ന കാര്യമല്ല. അത് പൈശാചികം ആയ ദൈവം ഏറ്റവും വെറുക്കുന്ന പാപ സ്വഭാവമാണ്. നിങ്ങൾക്ക് നിങ്ങൾ ആയിരിക്കുന്ന സഭയോട്, ദൈവവചനപ്രകാരം യോജിക്കാൻ കഴിയുന്നില്ല എങ്കിൽ ഒന്നുകിൽ സ്നേഹത്തിൽ, സമാധാനമായി അവരുമായി പിരിഞ്ഞു പുറത്തു പോവുക.

അതിനു പറ്റില്ല എങ്കിൽ, നിങ്ങൾ അതിനു തയ്യാർ അല്ല എങ്കിൽ, എത്ര അപൂർണ്ണമായ, നേതൃത്വം ആണ് എങ്കിലും അതിനു കീഴടങ്ങി അവിടെ തന്നെ നിൽക്കുക. മറിച്ച് അവിടെ നിന്ന് കൊണ്ട് ഒരു മത്സരം ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. മത്സരികൾ എവിടെയായാലും, ഏതു സഭയിൽ ആയാലും വരണ്ട ദേശത്തായിരിക്കും അവരുടെ വാസം. ദൈവം സഭകളിൽ നിയമിച്ചിരിക്കുന്ന അധികാരത്തോട് മത്സരിക്കുന്ന ഇത്തരം നിഗളികളോട് ദൈവവും എതിർത്തു നിൽക്കുന്നു എന്ന് പത്രോസും, യാക്കോബും ഓർമ്മിപ്പിക്കുന്നു.

പത്രൊ 5:5 അതുപോലെ തന്നെ ഇളയവരേ, മൂപ്പന്മാർക്ക് കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊണ്ട് അന്യോന്യം സേവിപ്പിൻ; ദൈവം അഹങ്കാരികളോട് എതിർത്തു നില്ക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നല്കുന്നു.

യാക്കോ. 4: 6 എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ട് “ദൈവം അഹങ്കാരികളോട് എതിർത്തു നില്ക്കുകയും താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു” എന്ന് പറഞ്ഞിരിക്കുന്നു.

ഏതു കാരണത്താലും നിങ്ങൾ വർഷങ്ങൾ ആയിരുന്ന ഒരു സഭ വിട്ടുപോകുകയാണ് എങ്കിലും ഒരു കാര്യം നിങ്ങൾ മനസിലാക്കുക. അത് ലഘുവായ കാര്യമായി കാണരുത് സഭ എന്നത് ഒരു കുടുംബം ആണ്. ഒരു ക്ലബ്ബോ, സോഷ്യൽ മീഡിയ ഗ്രൂപ്പോ അല്ല എന്നതു മനസിലാക്കുക.

അതിനാൽ അതിനെ ഗൗരവമായി കാണുകയും നിങ്ങൾ സഭ വിട്ടു പോകുന്നതിന്റെ കാരണം സഭയിൽ പൊതുവായും, പ്രത്യേകിച്ച് ആ സഭയുടെ നേതൃത്വത്തി ലുള്ളവരോടും വ്യക്തമായി പറയുകയും, നിരപ്പ് പ്രാപി ക്കേണ്ടവരോട് നിരപ്പ് പ്രാപിക്കുകയും, തിരുത്തേണ്ടത് തിരുത്തുകയും ചെയ്തതിനു ശേഷം മാത്രം സഭ വിട്ടു പോകുക. അല്ലാത്ത വ്യക്തികൾ ദൈവത്തോടോ, ദൈവസഭയോടോ നന്ദിയില്ലാത്തവരാണ്, ദൈവസഭ യെ തുച്ഛീകരിക്കുന്നവർ ആണ്.

നിങ്ങൾ യഥാർത്ഥത്തിലുള്ള ദൈവീക അധികാരം മനസ്സിലാക്കി കഴിഞ്ഞാൽ, നിങ്ങൾ എവിടെയും ദൈവ ത്തിന്റെ അധികാരം കാണും. നിങ്ങൾ അന്വേഷിക്കുന്ന ആദ്യത്തെ കാര്യം നിങ്ങൾ ആർക്കാണ് കീഴടങ്ങേണ്ടത്, ആരുടെ വാക്ക് കേൾക്കണം എന്നതായിരിക്കും. ഒരു യഥാർത്ഥ വിശ്വാസിക്ക് രണ്ടു  തരത്തിലുള്ള ബോധം ഉണ്ടായിരിക്കണം: ഒന്ന് പാപത്തെപറ്റിയുള്ള ബോധം , മറ്റൊന്ന് അധികാരത്തെ പറ്റിയുള്ള ബോധം.

എന്നാൽ നിങ്ങൾ യഥാർത്ഥത്തിൽ ദൈവീക അധി കാരം മനസ്സിലാക്കാത്ത വ്യക്തിയാണ് എങ്കിൽ എത്ര നല്ല സഭയിലും നിങ്ങളുടെ മത്സര സ്വഭാവം പുറത്തു വരും. എല്ലായിടത്തും നിങ്ങൾ ഒരു പ്രശ്നക്കാരൻ ആയി ത്തീരും. എന്നാൽ ഇത്തരത്തിലുള്ള മത്സരികളെ ദൈവം ശിക്ഷിക്കാതെ വിടില്ല എന്ന് പത്രോസ് ആവർ ത്തിക്കുന്നു 2 പത്രൊ. 2:9.

അധികാരത്തിനു  കീഴടങ്ങുന്നതിനെപ്പറ്റി ബോധമില്ലാ തെ , പാപത്തെ പറ്റി മാത്രമുള്ള ബോധം യഥാർത്ഥമായ പാപബോധമല്ല. ഒരു അധികാരത്തിനും കീഴടങ്ങാതെ വിശുദ്ധരായി ജീവിക്കുന്നു  എന്ന് സ്വയം ചിന്തിക്കുന്ന പല 'ഒറ്റയാൻ വിശുദ്ധരും' സ്വയം വഞ്ചിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ ദൈവം പണിയുന്ന, കർത്താവിന്റെ ശരീരമായ യഥാർത്ഥ ദൈവസഭകളിൽ നാം യഥാർത്ഥമായ താഴ്മ പഠിക്കുവാൻ തന്റെ നേരിട്ടുള്ള അധികാരവും, താൻ നിയമിച്ച അധികാരസ്ഥാനങ്ങളും വച്ചിരിക്കുന്നു. എഫെ. 4:11

അത്തരം സഭകളിൽ തലയായ ക്രിസ്തുവിനും, ശരീരത്തിലെ ദൈവനിയമിത അധികാരങ്ങൾക്കും, മറ്റു അവയവങ്ങൾക്കും, തന്നെത്താൻ താഴ്ത്തി കീഴടങ്ങി വിശ്വാസികൾ ശൈശവാസ്ഥയിൽ നിന്നും ക്രിസ്തു എന്ന തലയോളം വളരുന്നു. എഫെ 4:14

അവർ ദൈവപുത്രനെ സംബന്ധിച്ച പരിജ്ഞാനത്തിലും വിശ്വാസത്തിലുള്ള ഐക്യത്തിലും എത്തിച്ചേരുന്നു; അവർ ക്രിസ്തുവിന്റെ പൂർണതയുടെ പാരമ്യത്തോളം എത്തുന്ന പക്വത പ്രാപിക്കുകയും, തങ്ങളെ പറ്റിയുള്ള ദൈവീകപദ്ധതി പൂർത്തീകരിക്കുകയും ചെയ്യുന്നു. എഫെ. 4:12

അത്തരം സഭകളിൽകൂടി മത്സരിയായ പിശാചിന്റെയും, വാഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ ദൈവം തന്റെ നിത്യ ലക്ഷ്യപ്രകാരമുള്ള പദ്ധതിയെ അനാദി നിർണ്ണയത്തെ വെളിപ്പെടുത്തുന്നു. എഫെ. 3:10

അത്തരം സഭകൾ പൈശാചിക വാഴ്ചകളോടും, അധികാരങ്ങളോടും, ശക്തികളോടും അന്ധകാര ലോകത്തിന്റെ അധിപതികളോടും ആകാശത്തിലെ ദുഷ്ടാത്മ സേനയോടും പോരാടുകയും അവയെ ജയിക്കുകയും ചെയ്യുന്നു. (എഫെ. 6:12, വെളിപാട് 12:11)

അങ്ങനെ അധർമ്മത്തിന്റെ മർമ്മം എതിർക്രിസ്തുവിലും മഹതിയാം ബാബിലോൺ എന്ന വേശ്യാസഭയിലും കൂടി ലോകത്തു വ്യാപരിക്കുമ്പോൾ, ദൈവസഭ എന്ന മണവാട്ടിയിൽ കൂടി ദൈവഭക്തിയുടെ മർമ്മം വക്ര

തയും കോട്ടവുമുയുള്ള തലമുറയുടെ നടുവിൽ വെളിപ്പെടുന്നു. 1 തിമൊഥെയൊസ് 3 :16, എഫെസ്യർ 5:30-32

**ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെവെളിപാട് 3 :22**

P.S ഈ വിഷയങ്ങളെ കുറിച്ചുള്ള കൂടുതൽ പഠനങ്ങൾ ലിങ്കിൽ ലഭ്യമാണ്

http://www.cakchurch.com/bible-study.php